സത്യവാദഖേടം

റവ: ജോർജ്ജ് മാത്തൻ

1861-ൽ വിരചിതമായ ഗ്രന്ഥത്തിന്റെ
പുനഃപ്രസിദ്ധീകരണം

242

വിദ്യാർത്ഥിമിത്രം പ്രസ്സ് & ബുക്കുഡിപ്പോ
കോട്ടയം

സത്യവാദഖേടം

1861-ൽ വിരചിതമായ ഗ്രന്ഥത്തിന്റെ
പുനഃപ്രകാശനം

★

8523

റവ: ജോർജ്ജ് മാത്തൻ



വില 1—00

വിദ്യാർത്ഥിമിത്രം ബുക്ക്ഡിപ്പോ,
ബേക്കർ റോഡ് : കോട്ടയം.

SATHYAVADAKHEDAM

BY REV: GEORGE MATTHEN

First Edition
1861 at C. M. S. Press, Kottayam.
Second Edition
1894 at C. M. S. Press, Kottayam.
First Vidyarthi Mithram Edition
1965 February

Price Re. 1—00

Printed at
THE VIDYARTHI MITHRAM PRESS.
KOTTAYAM

Published by
THE VIDYARTHI MITHRAM PRESS & BOOK DEPOT
KOTTAYAM, KERALA STATE.

*34 O.N. 1479 ***1000*

പ്രസാധകക്കുറിപ്പ്.

വിദ്യാർത്ഥിമിത്രം പ്രസിദ്ധീകരണശാലയുടെ വകയായി നാലാമതൊരു പ്രാചീന മലയാളകൃതികൂടി സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു. ഈ കൃതി ഒരു നൂറാണ്ടിനു മുൻപു മലയാളത്തിലെ വിദ്യാഭ്യാസക്രമത്തിലുണ്ടായിരുന്ന പണ്ഡിതന്മാരുടെ ഗദ്യത്തിന്റെ മാതൃകയായിഗണിക്കുന്നതിൽ തെറ്റില്ല. സത്യവാദഖേടം, സത്യം എന്നീ പ്രകരണങ്ങൾ ഒന്നിച്ചുചേർന്നുള്ള ഈ ഗ്രന്ഥം ക്ലസ്യുൻലിറ്റററേച്ചർ സൊസൈറ്റിക്കാർ 'സത്യത്തെക്കുറിച്ചുള്ള പ്രകരണങ്ങൾ' എന്ന പേരിൽ 1894-ൽ കോട്ടയം സി. എം. എസ് പ്രസ്സിൽനിന്നും പ്രസിദ്ധപ്പെടുത്തിയിരുന്നതാണു്. അതേരൂപത്തിൽത്തന്നെ പ്രകൃതിക്കു യാതൊരു മാറ്റവും വരുത്താതെ, ഇന്നത്തെ അച്ചടി സമ്പ്രദായത്തിനനുസരണമായി അക്ഷരങ്ങൾക്കു മാത്രം ചില ചില്ലറ മാറ്റങ്ങൾ വരുത്തി, ഞങ്ങൾ ഇതു പ്രസാധനം ചെയ്യുന്നു. അതിലെ മലയാള അക്ഷരങ്ങൾക്കു പകരം ഞങ്ങൾ ഇംഗ്ലീഷ് അക്ഷരങ്ങളാണു് ഉപയോഗിച്ചിരിക്കുന്നതു്.

ഈ ഗ്രന്ഥത്തിലെ പ്രകരണങ്ങളിൽ പ്രധാനം 'സത്യവാദഖേട'മാകയാൽ ഞങ്ങൾ പ്രസിദ്ധീകരിക്കുന്ന ഈ ഗ്രന്ഥത്തിനു് സത്യവാദഖേടം എന്നു നാമകരണം ചെയ്തിരിക്കുന്നു. സത്യവാദഖേടം അതിന്റെ കർത്താവായ ജോർജ്ജു മാത്തൻ പാതിരിതന്നെ 1863-ൽ അച്ചടിപ്പിച്ച പ്രസാധനംചെയ്തിട്ടുണ്ടെന്നു് 1894-ലെ പ്രസിദ്ധീകരണത്തിന്റെ ജ്ഞാപകത്തിൽനിന്നും ഗ്രഹിക്കാം. അതിനാൽ അതിന്റെ മൂന്നാംപതിപ്പാണു് ഈ വിദ്യാർത്ഥിമിത്രം പ്രസിദ്ധീകരണം.

ഞങ്ങൾ മുൻപു പ്രസാധനംചെയ്തിട്ടുള്ള പ്രാചീന മലയാള കൃതികൾ ക്രൈസ്തവവേദചരിതം 34 വൃത്തം (കൊന്നയിൽ കൊച്ചുകുഞ്ഞു റൈട്ടർ), പുല്ലേലിക്കുഞ്ചു (ആർച്ച്ഡീക്കൻ കോശി), കേരള പഴമ (ഡോക്ടർ ഗുണ്ടർട്ട്) എന്നിവയാണു്. ക്രൈസ്തവസാഹിത്യകാരന്മാരായ ആ മഹത്തുക്കളുടെ

കൃതികളും കാലയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്യാതെ കാത്തുസൂക്ഷിക്കുകയും അവയെ പ്രസിദ്ധീകരിക്കുകയും ചെയ്യുക എന്നുള്ളതു് ഓരോ മാതൃഭാഷാസ്നേഹിയായ ക്രൈസ്തവ പ്രസാധകന്റെ ധർമ്മം അവലംബിച്ചും ഞങ്ങൾ അവ തേടിപ്പിടിച്ചു പുനഃപ്രസാധനം ചെയ്യുകയായിരുന്നു. വിദ്യാലയ ലൈബ്രറികൾക്കുവേണ്ടി ഗവൺമെന്റും സഹൃദയരായ കേരളീയരും അവയ്ക്കു നല്ലിയസ്വീകരണമാണു് അതിനുശേഷമുള്ള നാലാമതൊരു ഗ്രന്ഥത്തിന്റെ പുനഃപ്രകാശനത്തിൽ ഞങ്ങൾക്കു പ്രചോദനം നല്കുന്നതു്. പ്രശസ്ത സാഹിത്യഗവേഷകന്മാരും പണ്ഡിതന്മാരുമായ ശ്രീ. സി. ഐ. രാമൻനായർ, ശ്രീ. ചെമ്മനം ചാക്കോ മുതലായവർ ജോർജ്ജു് മാഞ്ഞൻ പാതിരിയെക്കുറിച്ചും അദ്ദേഹത്തിന്റെ കൃതികളെക്കുറിച്ചും എഴുതിയിട്ടുള്ള പ്രബന്ധങ്ങളും ഈ ഗ്രന്ഥത്തിന്റെ പ്രകാശനത്തിൽ ഞങ്ങൾക്കു വളരെയേറെ പ്രേരണ നൽകി. ഒരു വിദ്യാർത്ഥിമിത്രം പ്രസിദ്ധീകരണവും, പാഠപുസ്തകമായി യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുള്ളതും ആയ നൂതനപ്രബന്ധങ്ങളും എന്ന ഗ്രന്ഥത്തിൽ ശ്രീ. രാമൻനായർ ജോർജ്ജു മാഞ്ഞൻപാതിരിയുടെ സത്യവാദഖേടത്തെപ്പറ്റിയും മലയായ്മയുടെ വ്യാകരണത്തെപ്പറ്റിയും സമഷ്ടിയായി പ്രതിപാദിച്ചിട്ടുണ്ടു്. മലയാളഭാഷയ്ക്കു് ആദ്യമായി ഒരു വ്യാകരണഗ്രന്ഥം വിരചിച്ചതു പാതിരിയാണെന്നു് ആ ഗ്രന്ഥത്തിൽനിന്നും വ്യക്തമാകുന്നു. പാതിരിയുടെ വ്യാകരണവും ഞങ്ങൾ വിനാവിളംബം പ്രസാധനം ചെയ്യുന്നുണ്ടെന്നു് പ്രാസംഗികമായി പ്രസ്താവിച്ചുകൊള്ളട്ടെ!

സത്യവാദഖേടത്തിന്റെ പ്രതികൾ സുദുർല്ലഭമാണു്. ഞങ്ങൾക്കു് ഒരു പുസ്തകം തന്നു സഹായിച്ചതു് കോട്ടയം സി എം. എസ്സു്. കൈസ്സുളിൽ മലയാളം പണ്ഡിതരായിരുന്ന വിദ്വാൻ റവ. ഐ. ജോൺ അവർകളാണു്. അദ്ദേഹത്തിന്റെ സൗമനസ്യത്തിനു ഞങ്ങൾക്കുള്ള കൃതജ്ഞത വാക്കുകൾക്കു വിഷയമല്ല.

സത്യവാദഖേടത്തെ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

കോട്ടയം,
25-2-1965.

പ്രസാധകർ.

ESSAYS ON TRUTH

By

Rev. GEORGE MATTHAN

AND

Ven. ARCHDEACON KOSHI, D. D.

സത്യത്തെ കുറിച്ചുള്ള പ്രകരണങ്ങൾ

1. **സത്യവാദവേടം.** റവറന്ത. മാത്തൻ ഗീവറുഗീസു പട്രിയാൽ ചമയ്ക്കപ്പെട്ടതു.

2. **സത്യം.** വെനറബിൾ കോശി ആർച്ചു ഡീക്കനാൽ ചമയ്ക്കപ്പെട്ടതു.

COTTAYAM:

PRINTED FOR THE CHRISTIAN LITERATURE SOCIETY
AT THE CHURCH MISSIONARY SOCIETY'S PRESS.

1894



൨൨൩. ജോർജ്ജ മാത്തൻ അച്ചൻ.

LIFE OF Rev. GEORGE MATTHAN

റവ: ജോർജ്ജ മാത്തൻ അച്ചൻ.

ചർച്ചമിഷ്യോനരി സമൂഹം വക തിരുവിതാങ്കോട്ടെ നാട്ടുപട്ടകാരിൽ ഒന്നാമനായ റവ: ജോർജ്ജു മാത്തൻ അച്ചൻ പുത്തൻകാവിൽ തെക്കെക്കര എന്ന സ്ഥലത്തു 1819 സെപ്തമ്പർ 25ാംനു ജനിച്ചു. ചെറുപ്പത്തിൽ തന്നെ തന്റെ അപ്പൻ മരിച്ചുപോകയാൽ തന്റെ ചാച്ചുക്കാരിൽ ഒരുവനായ ഒരു സുറിയാനിപ്പട്ടക്കാരൻ തനിക്കും പട്ടം കൊടുപ്പിക്കണം എന്നുള്ള അഭിനിവേശത്തോടെ തന്നെ സുറിയാനി പഠിപ്പിച്ചു. കുറെ നാൾ കഴിഞ്ഞു കാറോയാ എന്ന സ്ഥാനം ഏറ്റതിന്റെ ശേഷം കോട്ടയത്തു പഴയ സിമ്മനാരിയിൽ റവ: ജെ. ഫീറു സായ്പിന്റെ കീഴിൽ പഠിത്തം ആരംഭിച്ചു. അവിടെ പഠിച്ചിരുന്നവരിൽ ബുദ്ധിസാമർത്ഥ്യത്തിലും ഉത്സാഹത്തിലും മുന്തിയ ഒരാൾ താൻ ആയിരുന്നു എന്നുള്ളതിനു ഒരു സംശയവുമില്ല. 1837ൽ മദ്രാസു കമ്മട്ടിക്കാർ പഴയ സിമ്മനാരിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ രണ്ടു പേരെ തെരിഞ്ഞെടുത്തു മദ്രാസിലേക്കു പഠിത്തത്തിനു അയക്കുന്നതിനു എഴുതി ചോദിച്ചപ്പോൾ ഫീറു സായ്പു മെസ്സർ ജോർജ്ജു മാത്തനേയും മാത്ത്യൂസ് എന്നു പേരായി ഒരു സുറിയാനി ശെമ്മാശിനേയും അതു തെരിഞ്ഞെടുത്തയച്ചതു. മദ്രാസിൽ കുറെ നാൾ പഠിച്ചതിന്റെ ശേഷം മാത്ത്യൂസ ചെമ്മാശ് മെട്ടിനിലേക്കു പോകയും അവിടെ വെച്ചു അന്ത്യോഹായുടെ ബ. പാത്രിയക്കീസുതന്നെ മെത്രാപ്പോലീത്തായായി വാഴിക്കയും ചെയ്തു. ഇദ്ദേഹം മലങ്കര ഇടവകയുടെ കഴിഞ്ഞുപോയ മാർ മാത്ത്യൂസ് അത്താനാസ്യോസു മെത്രാപ്പോലീത്താ തന്നെ. മെസ്സർ ജോർജ്ജു മാത്തൻ മദ്രാസ് സി. എം. എസ്. വൈദിക

പാഠകശാലയുടെ അദ്ധ്യക്ഷനായ റവ. ജെ. എച്ച്. ഗ്രൈ സായ്പിന്റെ കീഴിൽ പഠിച്ചു. ഗ്രേക്ക, ലത്തീൻ, ഇംഗ്ലീഷ് എന്ന ഭാഷകളിലും കണക്ക മുതലായ ശാസ്ത്രങ്ങളിലും നിപുണനായി തന്റെ ബുദ്ധി ശക്തിയും സാമർത്ഥ്യവും ശ്ലാഘിക്കത്തക്കതായ തന്റെ ക്രിസ്തീയ നടത്തയും കണ്ട മദ്രാസ് കമ്മട്ടിക്കാർതന്നെ തിരുവിതാങ്കോട്ടേക്ക ഒരു നാട്ടുപട്ടക്കാരനായി തെരഞ്ഞെടുക്കയും സ്പെൻസർ ബിഷോപ്പ (Spencer) തിരുമനസ്സുകൊണ്ട 1844 ജൂൺ 2നു- ഒരു ശെമ്മാശായിട്ട പട്ടം കൊടുക്കയും ചെയ്തു.

പട്ടം ഏറ്റു വന്നയുടനെ തന്നെ മാവേലിക്കര ഇടവകയിൽ വേല ചെയ്യുന്നതിനായിട്ടാക്കി. അവിടെയും അതിനോടടുത്ത ഉപസഭകളിലുമായി മൂന്നു വർഷത്തേക്ക വിശ്വസ്തതയോടെ വേല ചെയ്തു. റവ: ഫീറു സായ്പും, ഫോക്സുവോർത സായ്പും തന്നെ സ്നേഹത്തോടും ബഹുമാനത്തോടും വിചാരിച്ചുവന്നു.

1847 ഏപ്രിൽ 4-ാംനു- ജോർജ്ജച്ചൻ പട്ടക്കാരന്റെ സ്ഥാനം ഏറ്റു. ആ ആണ്ട സെപ്തംബറിൽതന്നെ മല്ലപ്പള്ളിയിലോട്ട സ്ഥലം മാറുകയും ചെയ്തു. മല്ലപ്പള്ളി ജോർജ്ജച്ചന്റെ ഭാര്യയുടെ സ്വദേശം ആയിരുന്നു. മല്ലപ്പള്ളി സഭയിലെ മുഖ്യ അംഗങ്ങളും എല്ലാം അവരുടെ ചാച്ചിക്കാരും സ്നേഹിതന്മാരും ആയിരുന്നു. അതിനാൽ തന്നെ അവിടേക്ക സ്ഥലം മാറിയതു തനിക്കും അവിടത്തെ ജനങ്ങൾക്കും സന്തോഷവും തൃപ്തികരവും ആയിരുന്നു. അങ്ങിനെ അവിടെ താനും ജനങ്ങളും കൂടി രമ്യമായി 16 വർഷങ്ങളോളം വേല ചെയ്തു. ഇവിടെ തന്റെ മുഖ്യ വേല, നിന്ദിക്കപ്പെട്ടവരും അതേവരെ ഉപേക്ഷിതരുമായിരുന്ന പറയർ പുലയർ മുതലായ അടിമകളെ ക്രിസ്തുമൂലമുള്ള വീണ്ടെടുപ്പിന്റെ അനുഗ്രഹങ്ങളിൽ പങ്കുകാരാക്കുന്നതായിരുന്നു. ഇതു പുതിയ ഒരു വേല മാത്രമല്ല, ഇക്കാര്യത്തിൽ സ്നേഹിതന്മാരും ശത്രുക്കളും, ക്രിസ്ത്യാനികളും, ജാതികളും ഒരുപോലെ തനിക്ക വിരോധികൾ ആയിരുന്നതിനാൽ പ്രയാസമുള്ള ഒരു വേലയും ആയിരുന്നു. എന്നാൽ ജോർജ്ജച്ചന്റെ മനസ്സറപ്പും സ്വയ

വജ്രജനയോട്ട ക്രൂടിയ സ്ഥിരോത്സാഹവും കൊണ്ട ഒരം വേല ധൈര്യത്തോട്ട ചെയ്യുന്നതിന്ന ഇടയായി. ഒരം സ്നേഹപ്രവൃത്തി യിൽ ചുറുമുള്ള സുറിയാനിക്കാരുടെയും ജാതികളുടെയും വിരോ ധത്തെ ക്രൂട്ടാക്കാതെ തങ്ങളുടെ പട്ടക്കാരനോട്ട യോജിച്ച യതി ച്ച മല്ലപ്പള്ളി സഭയിലെ ജനങ്ങളേയും ശ്ലാഘിക്കേണ്ടിയിരിക്ക ന്നു. ഒരം ശ്ലാഘനീയ വെല അതിന്റെ ആദ്യതടസ്സങ്ങൾ എല്ലാം തീന്ന മേല്പുമേൽ അഭിവൃദ്ധിപ്പെട്ട വരുന്ന എന്നുള്ളതു വായന ക്കാർ എല്ലാവരും അറിഞ്ഞിരിക്കുന്ന ഒരു സംഗതിയാകുന്നു.

1862ൽ തനിക്ക ഒരു കഠിനരോഗം പിടിപെടുകയും കുറെ നാളത്തേക്ക താൻ രോഗത്തിൽനിന്ന സുഖപ്പെടും എന്നുള്ള ആശ ഇല്ലാതാകയും ചെയ്തു. തന്നെ കാണ്മാൻ വന്നവരോട ഒക്കെയും തന്റെ മരണം അടുത്തിരിക്കുന്ന എന്നും തന്റെ സഭാസ്ഥപിതാവിന്റെ ഇഷ്ടത്തിന്ന താൻ കീഴ്പ്പെട്ടിരി ക്കുന്ന എന്നും പറഞ്ഞു. എങ്കിലും തന്റെ രോഗത്തിന്ന ക്രമേണ കുറവു വരികയും അധിക നാൾ കഴിയാതെ പൂർണ്ണസുഖം വരി കയും ചെയ്തു.

1863ൽ കോട്ടയത്തു പടിഞ്ഞാറെ സിമ്മനാരി അദ്ധ്യക്ഷ നായിരുന്ന ഹോക്സ്വോത്ത സായ്പ മരിച്ചു. അദ്ദേഹത്തിന്റെ പേക്ക തല്ക്കാലം വേല ചെയ്യാനായി ജോർജ്ജച്ചനെ അതേ നിയമിച്ചതു. ഒരം സാരമായ വേല റവ: സ്പീച്ചിലി സായ്പിനെ നിയമിക്കുന്നതുവരെ, രണ്ട വഷ്ത്തേക്ക ചെയ്തു. അതിന്റെ ശേഷം തിരുവല്ലായിക്ക തന്നെ സ്ഥലം മാറുകയും ചെയ്തു.

ഈ സമയത്തായിരുന്ന ജോർജ്ജച്ചൻ സേർ. രി. മാധവ രായരു, കൊല്ലം പേഷ്കാർ ആയിരുന്ന രാമരായരു മുതലായ സക്കാരുദ്യോഗസ്ഥന്മാരുമായി അടുപ്പമായതു. അവരുടെ ആഗ്ര ഹപ്രകാരം, സമുദായത്തിന്ന ഉപയോഗമുള്ള പല വിഷയങ്ങ ളെപ്പററി അച്ചൻ പലപല പാഠവങ്ങൾ പറകയുണ്ടായിട്ടുണ്ട്. ഓരോരൊ വിഷയങ്ങളെപ്പററി തന്റെ അറിവും, മറുമുള്ള സംഗ തികളിൽ തന്റെ ഘനവും കണ്ടിട്ട മാധവരായരു ദിവാൻജി

അവർകൾ സക്കാരിൽ ഒരു നല്ല വേല എന്തെങ്കിലും കൊടുക്കാമെന്നു പറഞ്ഞു എങ്കിലും അച്ചൻ അതാഗ്രഹിച്ചില്ല.

1869ൽ തന്നെ തലവടിയിലോട്ടു സ്ഥലം മാറി. ആ സമയത്തു തന്നെ മാർസ് ഖിഷോപ്പു തിരുമനസ്സിന്റെ തിരുവിതാങ്കോട്ടേക്കുള്ള നാട്ടു ചാപ്ലെയൻ ആക്കുകയും ചെയ്തു. മല്ലപ്പള്ളിൽ വെച്ചു തനിക്കുണ്ടായ രോഗം ഇവിടെ വെച്ചു പിന്നെയും ഉണ്ടായി. നടന്നു വേല ചെയ്യുന്നതിനു പ്രയാസമെന്നു വന്നപ്പോൾ ബട്ലർ സാമാന്യജ്ഞാ(Butler's Analogy) എന്ന ഇംഗ്ലീഷു പുസ്തകം തർജ്ജമചെയ്തു മുതലായ വേലകൾ ചെയ്തുവന്നു. വേദന ഇതിനിടയിൽ വർദ്ധിച്ചു വർദ്ധിച്ചു വന്നു. ദേഹത്തിൽ അങ്ങും ഇങ്ങും അനേകം പരുക്കൾ തനിക്കു വേദനയുണ്ടാക്കി, പുറത്തു ഒരു വലിയ പരു ഉണ്ടായിരുന്നതിനാൽ ഒരു വശം ഉറച്ചു തന്നെ കിടക്കേണ്ടിവന്നു. സകല വേദനയേയും താൻ ക്ഷമയോടെ സഹിച്ചു മരിക്കുന്നതുവരെക്കും തന്റെ മനസ്സു ശാന്തതയുള്ളതും തന്റെ ഹൃദയം സ്നേഹം നിറഞ്ഞതും ആയിരുന്നു. മരിക്കുന്നതിനു തലെരാത്രി തന്റെ ആഗ്രഹപ്രകാരം റവ: ജെ. ഡംപ്പനച്ചൻ പരദേശിമോക്ഷയാത്രയിൽ ക്രിസ്ത്യാനി നദി കടക്കുന്നതിനെപ്പറ്റിയുള്ള ഭാഗം വായിച്ചു കേൾപ്പിച്ചു. "അതു കഴിഞ്ഞപ്പോൾ നദി ആഴമുള്ളതു തന്നെ എന്നാലും ഇനിക്കു അതിനെ കടക്കാതിരിപ്പാൻ പാടില്ല," എന്നു താൻ പറഞ്ഞു. കാലത്തു ഏകദേശം 5 മണി സമയത്തു തന്റെ ഭവനത്തുള്ളവരെ എല്ലാവരേയും അരികത്തു വിളിച്ചു പാപ അറിയിപ്പു താൻ തന്നെ ചൊല്ലിത്തുടങ്ങി പ്രാർത്ഥന കഴിച്ചു. പ്രാർത്ഥന കഴിഞ്ഞു ഓരോരുത്തരോടു തന്റെ ഭൂമിയിൽ നിന്നുള്ള അന്ത്യയാത്ര പറഞ്ഞു. ഇതു കഴിഞ്ഞു പുറത്തെ വലിയ പരുവിന്റെ വേദന ഇല്ലാതായി എന്നു തോന്നത്തക്കവണ്ണം കുറെ നേരത്തേക്കു മൗനം കിടന്നു. 1870 മാർച്ചു 4നു കാലത്തു ആറു മണിക്കു അല്പം മുമ്പെ ജോർജ്ജച്ചന്റെ ആത്മാവു അതിനെ നല്കിയ ദൈവത്തിങ്കലേക്കു തിരിച്ചുപോകയും ചെയ്തു.

ജോർജ്ജച്ചൻ നാട്ടാലോചന സംഘത്തിൽ ഉള്ള ആലോചനകളിൽ തന്റെ അറിവു, പരിചയം, ധൈര്യം ഇവകൊണ്ടു സഹായിക്കയും എല്ലാവരും ഒരുപോലെ തന്നെ ബഹുമാനിക്കയും ചെയ്യുവന്നു. താൻ അടക്കമുള്ളവനും എല്ലാവരോടും മയ്യാടയുള്ളവനും തന്നെ അറിഞ്ഞിട്ടുള്ള എല്ലാവരാലും സ്നേഹിക്കപ്പെട്ടുകയും ബഹുമാനിക്കപ്പെട്ടുകയും ചെയ്യുവന്ന ഒരുവനായിരുന്നു. തന്റെ സ്നേഹിതന്മാരെ താൻ സ്ഥിരതയോടും വിശ്വസ്തതയോടും സ്നേഹിച്ചു. താൻ കീർത്തിപ്പെട്ട ഒരു പ്രസംഗിയല്ലായിരുന്നു എങ്കിലും തന്റെ പ്രസംഗങ്ങൾ കേൾവിക്കാക്കു ഹൃദ്യകരമായും അവരിൽ വിദ്യചെന്നിട്ടുള്ളവർ വിലമതിക്കുന്നവയും ആയിരുന്നു.

താൻ സത്യവാദഭേദം എന്ന ഒരു പുസ്തകം എഴുതിയതു കൂടാതെ ഒരു മലയാള വ്യാകരണം ഉണ്ടാക്കുകയും ഖട്ട്ളർസ അനാലജി പൊരുൾ തിരിക്കയും ചെയ്തിട്ടുണ്ടു. വിദ്യാഭ്യാസം മുതലായ സംഗതികളെപ്പറ്റി പല പാഠവങ്ങളും താൻ എഴുതീട്ടുണ്ടു.

"കത്താവിൽ ഉറങ്ങുന്നവർ ഭാഗ്യവാന്മാർ"

സത്യവാദഭേദം

മാതാപിതാക്കന്മാർ
മക്കളെ ചെറുപ്പം മുതൽ
സത്യം സംസാരിപ്പിച്ചു ശീലിപ്പിക്കേണ്ടിയ
ആവശ്യത്തെക്കുറിച്ചു
ഒരു വിരുത്തുപ്രകരണം

തിരുവിതാംകോട്ട സക്കാരുവകയ്ക്കായിട്ട
ചർച്ചുമിശ്യോൻ സമൂഹത്തോട്ട ചേന്ന
റവറന്തു മാത്തൻ ഗിവറുഗീസു
നാട്ടുപാദ്രിയാൽ
ചമെക്കപ്പെട്ടതു.

ഇങ്ങനെ.

ഒരു പ്രകരണം തിരുവിതാംകോട്ട സർക്കാരിൽനിന്നും സമ്മാനം കൊടുപ്പാൻ നിശ്ചയിച്ചു എഴുതിച്ച വകയിൽ മുന്തിയതായിക്കാണപ്പെട്ട സമ്മാനം പ്രാപിച്ചു എന്നുവരികിലും ഇതിൽ ഹിന്തു ശാസ്ത്രത്തിൽ നിന്നും ക്രിസ്ത്യാനി വേദത്തിൽ നിന്നും ഉദാഹരണങ്ങളെയും സാക്ഷ്യങ്ങളെയും ചേർത്തിരിക്കയാൽ പലർക്കും വിരോധത്തിന്നിടയുള്ളതാകകൊണ്ടു അവയെ തള്ളിയല്ലാതെ ഇതിനെ സർക്കാർ വകയായിട്ടു പ്രസിദ്ധപ്പെടുത്തുന്നതിന്നു സംഗതിയില്ലെന്നു എഴുതി വന്നതും ഒരു പുസ്തകത്തിന്റെ സ്വഭാവത്തിന്നും ആകൃതിക്കും വളരെ മാറ്റം വരുത്തിയല്ലാതെ അവയെ നീക്കുന്നതിന്നു പാങ്ങില്ലാത്തതുമാകകൊണ്ടു ഒരു ആണ്ടുവക 1591ാവതു നമ്പരിൽ സർക്കാരിൽനിന്നും നൽകിയ അനുവാദത്തോടുകൂടെ ഇപ്പോൾ തനതു വകയായി അച്ചടിപ്പിച്ചിരിക്കുന്നതാകുന്നു.

1963ാവതു
കർക്കടകം 8-ാംനു-

അനുക്രമണിക.

അവതാരിക. ഒരം കൃതിയെ ചമെപ്പാൻ നിബന്ധാവിനെ മനസ്സു വരുത്തിയ അന്തരം അതിൽ ക്രിസ്ത്യാനി വേദത്തിലെയും ഹിന്ദുശാസ്ത്രത്തിലെയും കഥകളെയും വിധികളെയും ചേർത്തിരിക്കുന്നതിന്റെ കാരണം.

പ്രസ്ഥാപന. വിരുതുസമ്മാനം നിശ്ചയിച്ചു എഴുതിപ്പാൻ തക്കവണ്ണം സംഗതിസാരം എന്നു കാണിക്കുന്നതു.

ഒന്നാവതു. സത്യം എന്തെന്നു. 1. യഥാർത്ഥം. 2. പരമാർത്ഥം അവ തമ്മിൽ എപ്പോഴും ഏകീഭവിക്കും എന്നും എപ്പോഴും ഭിന്നിക്കും എന്നും വിവരപ്പെടുത്തുന്നതു. ത്രിപുരന്റെയും ബുദ്ധാമുനിയുടെയും കഥ. ക്രിസ്തുവിന്റെയും ധനവാനായ പ്രമാണിയുടെയും കഥ. 3. കുരള എന്ന പാപം പരമാർത്ഥഭംഗത്തിൽ ഇരിക്കുന്നു എന്നുള്ളതു. യഥാർത്ഥഭംഗത്താലുള്ള ദുഷ്യങ്ങൾ. 4. വക്രോക്തി. അബ്രഹാവും ഫാരവോയും ദുസ്യയിലെയും ഓസ്രിയിലെയും മഹാരാജാക്കന്മാർ. 5. അന്തരം വാക്കിനെക്കാൾ സാരം 6. 7. വാഗ്ദത്തം ഏതർത്ഥത്തിൽ നിവൃത്തിക്കേണം എന്നു തേമൂരേസു മഹാബലി ഗുപ്പുകൻ ഹേരോദേസു എന്നവരുടെ കഥകൾ. 8. രൂപകവാചകത്തിൽ മൊഴിക്കർത്ഥം ഒക്കുന്നില്ല എന്നു വെച്ചു വ്യാജം ആകേണം എന്നില്ല എന്നു. 9. ക്രിയകൊണ്ടു കുരള പറെയാം എന്നു.

രണ്ടാവതു. സത്യം പറയേണ്ടിയ ആവശ്യവും വ്യാജത്താലുള്ള ദോഷവും. 1. സത്യം സംസാരിക്കയും. 2. വാക്കു വിശ്വസിക്കയും മനുഷ്യനു സ്വാഭാവികം എന്നു. 3. കുരള മറനേകം പാപങ്ങൾക്കു കാരണം. 4. എല്ലാ പാപവും ഒരർത്ഥത്തിൽ സത്യവാദലംഘനം തന്നേ. 5. കുരള ഒരു നികൃഷ്ട പാപം. അതു ഇന്ദ്രിയയിൽ അതു വർദ്ധിച്ചിരിക്കുന്ന കാരണം.

6. ബുദ്ധിയെ വഷളാക്കുന്നതു. 7. രാജ്യത്തു നീതി നടത്തുന്നതിന്നു ഒരു തടങ്ങൽ. 8. വ്യാജക്കാരനു തന്നെ ദോഷീകരമായിട്ടുള്ളതു. 9. ദൈവത്തിന്നു നേരേ വിരോധം. ബ്രഹ്മാവു ധർമ്മപുത്രൻ യാക്കോബു ഗെഹാസി അനനിയാസു എന്നവർ വ്യാജം പറകയാൽ വന്ന ശിക്ഷകൾ.

വ്യാജവാദത്തിനുള്ള അനുകൂലന്യായങ്ങൾ. 1. ഉപകാരമില്ലാതെയും. 2. ഉപകാരമായും. 3. ആവശ്യമായുമുള്ള സംഗതികളിൽ കേരള വഹിയാ എന്നു.

മൂന്നാവതു. മാതാപിതാക്കന്മാർ മക്കളെ സത്യം പറഞ്ഞു ശീലിപ്പിക്കേണ്ടിയതു എന്തുകൊണ്ടു. 1. മാതാപിതാക്കന്മാരും മക്കളും തമ്മിലുള്ള സംബന്ധത്തിന്റെ വലിപ്പം. 2. അവർക്കു ഇവരോടുള്ള സ്നേഹം സ്വാഭാവികം എന്നു മാത്രമല്ല ന്യായങ്ങളുള്ളതുമാകുന്നു. 3. അറിവു ലഭിക്കുന്നതിന്നു ചെറുപ്രായം തക്കതു. ഒരു ആയയുടെയും മകന്റെയും കഥ. 4. ചെറുപ്പത്തിൽ വരുന്ന ശീലങ്ങൾ നിലനില്ക്കുന്നു എന്നു. 5. നല്ല ശീലങ്ങൾ വശമാക്കേണ്ടുന്നതിനുള്ള അവസരം. 6. മൃഗങ്ങളെക്കാൾ ഏറെ നാളേക്കു മനുഷ്യർ മാതാപിതാക്കന്മാർക്കു കീഴ്പ്പെട്ടിരിക്കുന്ന കാരണം. 7. മക്കൾക്കു മാതാപിതാക്കന്മാരെ അധികസമ്മതമുണ്ടു. 8, 9. സ്വഭാവ ശീലങ്ങൾ മാറാവതല്ല എന്നുള്ള ആക്ഷേപം ഇതിൽ ഫലിക്കുന്നില്ല എന്നു.

ഒരു മുറയെ നടത്തേണ്ടുന്നതിനുള്ള പ്രമാണങ്ങൾ.
1. ഗുണദോഷം. 2. ശിക്ഷാരക്ഷ. 3. കണ്ടുപഠിതം. 4. ദുർവൃത്തങ്ങളെ കുറിച്ചുംമറുമുള്ള കള്ളക്കഥകളുടെ ദൂഷ്യം. 5. ഒരു മുറയുടെ വലിപ്പത്തെ മാതാപിതാക്കന്മാർ നല്ലവണ്ണം മനസ്സിൽ കരുതേണം. 6. ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു ചെയ്വാൻ ശ്രമിക്കേണം.

അവതാരിക

ഒരു സാരമായ സംഗതിയെപ്പറ്റിഞ്ഞാഴെ വരുന്ന ചെറിയ പ്രകരണത്തെച്ചമെക്കുന്നതിനു എന്നെത്തല്ലുാലം ഉത്സാഹിപ്പിച്ചതു ഇങ്ങനെ എഴുതപ്പെട്ടുന്ന വകയിൽ മുന്തിയതിനു സക്കാരിൽനിന്നും സമ്മാനം കൊട്ടപ്പാൻ നിശ്ചയിച്ചതുതന്നേ എന്നുവരികിലും സമ്മാനമായി നിയമിക്കപ്പെട്ടിരിക്കുന്ന ഒവുത്തിന്മേൽ എങ്കിലും സമ്മാനം ലഭിക്കുന്നതിനാൽ വരുന്ന ബഹുമാനത്തിലെങ്കിലും ഉള്ള കാംക്ഷ മാത്രമല്ല എന്നെ ഒരു വേലെക്കു മനസ്സു വരുത്തിയതു. എന്തെന്നാൽ സതുവാദത്തിന്റെ ആവശ്യത്തെക്കുറിച്ചു ഒരു മുഖാന്തരം ഒരു നല്ല പ്രബന്ധം ചമെക്കപ്പെട്ട പ്രസിദ്ധമായാൽ അതു നിമിത്തം ഒരു നാട്ടിൽ അഴിമതിയായി നടക്കുന്ന ആ നികൃഷ്ട പാപമായ കൂരള പറെച്ചലിനു ഒരു കുറവു വരുമെന്നുള്ള അഗ്രഹം എന്റെ മനസ്സിൽ ഒരു മുഖ്യമായ ആന്തരമായിരുന്നു. ഒരു കായ്യത്തിൽ വിരുതിന്നായിട്ടു പൊരുതുകൊള്ളുവാനുള്ള അനുവാദം ജാതിഭേദമാകട്ടെ ദേശഭേദമാകട്ടെ പ്രായഭേദമാകട്ടെ മതഭേദമാകട്ടെ യാതൊരു വ്യത്യാസവും കൂടാതെ സകലമാന ജനങ്ങൾക്കും സക്കാരിൽനിന്നും ഔദാര്യമായി നല്കിയിരിക്കയാൽ അനേകം പ്രബന്ധങ്ങളിൽനിന്നു ഉത്തമമായിട്ടു ഒന്നിനെ തെരിഞ്ഞെടുപ്പാൻ തക്കവണ്ണം പോരാളികൾ വരിക്കുന്നതിന്നാകുന്ന നുായവും വഴിയും എന്നുവരികിലും എല്ലാവന്റെയും കായ്യം ഒരുത്തന്റെയും കായ്യമല്ലാതെ വരുന്നതു പതിവാകയാൽ വിരുതിന്നായി വാദിക്കുന്നവർ കുറെഞ്ഞും പ്രബന്ധങ്ങളും ചുരുക്കമായും ഭവിച്ചേക്കാം. പ്രാപ്തന്മാരും വിദ്വാന്മാരുമായിട്ടുള്ള ആളുകൾക്കു മറു സാരമായ ജോലികൾ നിമിത്തം സമയമില്ലാതെയും സമ്മാനത്തിന്റെ കുറവു നിമിത്തം മനസ്സില്ലാതെയും വന്നേക്കാം. അറിവിലും വിദ്യയിലും പോരാത്തവർ

എന്നു തങ്ങളെത്തന്നേ വിചാരിക്കുന്നവർ തങ്ങളെക്കാൾ കൊള്ളാകുന്നവർ വിരുതിനായിട്ടു പോരാടുന്നതാകയാൽ അവരുടെ കൂട്ടത്തിൽ തങ്ങളുടെ ശ്രമം ശോഭിതമായി വരത്തില്ലെന്നു ശങ്കിച്ചിട്ടു അധൈര്യത്തോടെ മാറിക്കളയുമായിരിക്കും. ഇങ്ങിനെ പ്രബന്ധങ്ങൾ ചുരുക്കമായും ഒരുവേള തീരെ ഇല്ലാതെയും വരുന്നതിനിടയുള്ളതാകയാൽ സക്കാരിലേ ഒരം നല്ല വിചാരം പാഴാകാതെ ഇരിക്കുന്നതിനു വേണ്ടി ഇതിനെക്കുറിച്ചു എഴുതുവാൻ ഞാൻ മനസ്സുവെച്ചു. പോരായ്മകൾ ചുരുക്കമായിട്ടെങ്കിലും മറ്റു കാരണത്താൽ എങ്കിലും ഇതു സക്കാരിലെ സമ്മാനത്തിനു യോഗ്യമായിത്തീർന്നാൽ എന്റെ ഒരു പ്രയത്നം സഫലമായി എന്നു വെച്ചു ആയതിനു എന്നെ വശമാക്കിയ സർവ്വേശ്വരനു ഞാൻ നന്ദിയോടെ സ്തോത്രം ചെയ്യും. ഇതിനെക്കാൾ നല്ല പ്രബന്ധങ്ങൾ വന്നു ചേരുക നിമിത്തം ഇതു തള്ളപ്പെട്ടു പോയാലും ഞാൻ ചെയ്ത വേല വ്യർത്ഥമായിട്ടില്ല. ഒരം സംഗതിയെക്കുറിച്ചു എഴുതുവാൻ തുടങ്ങിയതു കാരണത്താൽ കേരള പരമ്പരയുടെ നികൃഷ്ടതയെക്കുറിച്ചും സത്യവാദത്തിന്റെ ആവശ്യത്തെക്കുറിച്ചും എന്റെ മനസ്സിൽ അധികമായിട്ടു കോളുകൊള്ളുന്നതിനും പൈതങ്ങളെ ചെറുപ്പത്തിലെ സത്യം പറഞ്ഞു ശീലിപ്പിക്കുന്ന മുറയെക്കുറിച്ചു എന്റെ ഉള്ളിൽ കേറുക്കുടെ താല്പര്യം വരുന്നതിനും ഇടവന്നിരിക്കയാൽ എന്റെ അദ്ധ്വാനം നിഷ്ഫലമായിപ്പോകാതെ ഇനിക്കു തന്നേ വളരെ ഉപകാരമായിട്ടു തീർന്നിരിക്കുന്നു

ഒരം പ്രബന്ധം സമ്മാനത്തിനു യോഗ്യമായി ഭവിച്ചാൽ ആയതു പല വിധ മതക്കാരുടെയും ഉപകാരത്തിന്നായിട്ടു പ്രസിദ്ധമാക്കപ്പെട്ടുന്നതുകൊണ്ടു ആയതിൽ ക്രിസ്ത്യാനി വേദത്തിൽ നിന്നും ഹിന്ദുശാസ്ത്രത്തിൽനിന്നും ചില ദൃഷ്ടാന്തങ്ങളെയും സാക്ഷ്യങ്ങളെയും എടുത്തുപറഞ്ഞിരിക്കുന്നതു കാരണത്താൽ പലർക്കും ഇതിനോടുവിരോധം തോന്നുന്നതാകയാൽ ശരിയായില്ല. എന്നു ഒരു പക്ഷമുണ്ടായിരിക്കും. എന്നാൽ ഒരം പുസ്തകത്തെ ഫലത്തോടു വായിക്കുന്നതിനു ഒരുത്തനും തങ്ങൾ അനുസരിച്ചു

വരുന്നമാർഗ്ഗത്തെവെടിഞ്ഞു മറെറാന്നിനെ സ്വീകരിച്ചേകഴിവു
എന്നില്ല. ഇതിനെ വായിപ്പാൻ ഇടവരുന്നവരിൽ മിക്ക ജനങ്ങ
ളും ഹിന്തുമാർഗ്ഗക്കാർ എങ്കിലും ക്രിസ്ത്യാനികളും എങ്കിലും ആയി
വരുന്നതാകയാൽ അവരുടെ ജ്ഞിപ്രോക്തങ്ങളിൽനിന്നും ഇവ
രുടെ വേദപുസ്തകത്തിൽനിന്നും ദൃഷ്ടാന്തങ്ങളെ എടുത്തു പറ
ഞ്ഞാൽ അവയെ അവർ മുൻപെതന്നെ കേട്ടറിഞ്ഞിരിക്കുന്നതാ
കയാൽ കാര്യം എളുപ്പത്തിൽ മനസ്സിലാക്കുന്നതിനു കൊള്ളാ
മെന്നു വിചാരിച്ചു അങ്ങനെ ചെയ്തിരിക്കുന്നതാകുന്നു. കാര്യം
പ്രബലമാകുന്നതിനു ഹിന്തുക്കളും ക്രിസ്തുമാർഗ്ഗത്തെ അംഗീകരി
ക്കണമെന്നെങ്കിലും ക്രിസ്ത്യാനികളും ഹിന്തുശാസ്ത്രത്തെ സമ്മതി
ക്കണമെന്നെങ്കിലും ഇല്ല. ദൃഷ്ടാന്തത്തിന്നായിട്ടു എടുത്തു പറ
ഞ്ഞിരിക്കുന്ന ആ കഥകളെ ഒരുത്തൻ വിശ്വസിച്ചില്ലെങ്കിലും
കാര്യത്തിനു ഊനമില്ല. അവയെ യവന റോമ്മചരിത്രങ്ങളിൽ
നിന്നെങ്കിലും പഞ്ചതന്ത്രം അറബികളുടെ രാത്രിസം എന്നിങ്ങ
നെയുള്ള കെട്ടുകഥകളിൽ നിന്നെങ്കിലും എടുക്കപ്പെട്ടതായിട്ടോ
ഇപ്പോൾ നൂതനമായിട്ടു വകതെരുത്തുണ്ടാക്കിതയായിട്ടോ വായനക്കാ
രൻ പ്രമാണിച്ചുകൊണ്ടാലും നിയോഗിക്കപ്പെട്ട സാദ്ധ്യത്തിനു
യാതൊരു കുറവുമില്ല. വ്യാജത്തിന്റെ നീചത്വത്തെ സ്ഥിര
പ്പെടുത്തുന്നതിനു സാക്ഷ്യങ്ങളായിട്ടും ചില വാക്യങ്ങളെ ഗ്രം
രണ്ടു വക വേദപ്രമാണങ്ങളിൽ നിന്നും എടുത്തു വെച്ചിരിക്കുന്ന
തിനാൽ കാര്യത്തിൽ ഇരുപക്ഷക്കാർക്കും അധിക സമ്മതം
വരുന്നതിനേ ഇടയുള്ളു. അവരവരുടെ വേദത്തിലേ വിധികളെ
മാത്രമേ അവരവർ ആധാരമായിട്ടു പ്രമാണിക്കുകയുള്ളു. എന്നാലും
ഏതെങ്കിലും ഒരു കാര്യം രണ്ടിലും ഏകീഭവിച്ചു കണ്ടാൽ
അതിൽ സംശയമല്ല വിശേഷാൽ ഒരു ഉറെപ്പു കൂടെ അതു
ണ്ടാകേണ്ടുന്നതു. വല്ല സംഗതിയിലും നമ്മുടെ ബന്ധുവിന്റെ
അഭിപ്രായത്തോടു ശത്രുവിന്റേതും കൂടെ ഒത്തു വന്നാൽ കാര്യ
ത്തിന്റെ സത്യത്തിൽ നമുക്ക അധിക ഉറെപ്പു വരികേ
ഉള്ളൂല്ലോ.

1861ാമാണ്ടു കർക്കടകം

മല്ലപ്പള്ളിൽനിന്നും

"പൈതൽ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക: എന്നാൽ അവൻ വൃദ്ധനാകുമ്പോഴും അതിനെ വിട്ടുമാറുകയില്ല."

സത്യവാദഭംഗമാകുന്ന കുരള പറച്ചൽ ഒരം ദേശത്തെ ജനങ്ങളുടെ ഇടയിൽ സാധാരണമായിട്ട നടക്കുന്ന ഒരു പാപമാകുന്നു. തിരുവിതാംകോട്ട കൊച്ചി കോഴിക്കോട്ട ഉൾപ്പെട്ട ഒരം മലയാളത്തിൽ മാത്രമല്ല ഹിമവൽസേതു പര്യന്തമായ ഹിന്ദു ദേശത്തു മുഴുവനും ഒരം പാപം അതിക്രമിച്ചിരിക്കുന്നു. അതു കാരണത്താൽ സത്യവാദഭംഗം പാപമാകുന്നു എന്നുള്ള വിചാരം പോലും നാട്ടുകാരുടെ ഇടയിൽ നന്നാ മങ്ങിയിരിക്കുന്നു. എത്ര വഷളതപമുള്ള പ്രവൃത്തിയും സാധാരണമായി നടപ്പായി വരുമ്പോൾ അതിനെക്കുറിച്ചുള്ള വെറുപ്പു മനുഷ്യരുടെ മനസ്സിൽ കുറഞ്ഞു പോക പതിവാകുന്നു. കുറുപ്പു ജാത്യാൽ കൈപ്പുള്ളതാകുന്നു എങ്കിലും അതിനെ നേരിയായിട്ട സേവിക്കുന്ന വക്കു അതിന്റെ ദുസ്വാദിങ്കൽ വെറുപ്പില്ലാതെയായി വരുന്നതു പോലെ കുരള നാം തന്നെ പറഞ്ഞും മറുള്ളവർ പറയുന്നതു കേട്ടും നമ്മുടെ മനസ്സു തഴമ്പിച്ചു പോകയാൽ ആ ദോഷത്തിങ്കൽ നമുക്കു അചുറപ്പില്ലാതെ ആയിതീന്നിരിക്കുന്നു. എന്നാൽ അതിന്റെ സ്വഭാവത്തെയും ഫലങ്ങളേയും നാം താല്പര്യത്തോടെ ശോധന ചെയ്തു നോക്കിയാൽ അതു മദ്യപാനം മോഷണം പിടിച്ചുപറി കുലപാതകം മുതലായ ദുഷ്കൃതങ്ങളെപ്പോലെ അളുകൾക്കും

സമൂഹങ്ങൾക്കും ദോഷകരമായിട്ടുള്ളതാകുന്നു എന്നു തെളിവാകും. എന്നാൽ ശൈശവത്തിലേ തന്നെ വ്യാജവാദത്തിൽ ശീലിച്ചിരിക്കുന്ന മനുഷ്യർക്കു പ്രായം ചെന്നതിന്റെ ശേഷം അതിന്റെ നികൃഷ്ടതയെ തെളിവായി കാണുന്നതിനും അതിൽ നിന്നു പ്രതിജ്ഞയോടെ ഒഴിഞ്ഞിരിക്കുന്നതിനും പ്രയാസമാകയാൽ അസത്യം വെടിഞ്ഞു സത്യം പറഞ്ഞു ശീലിക്ക മനുഷ്യർ ചെറുപ്പത്തിലേ തുടങ്ങേണ്ടുന്ന ഒരു മുറയാകുന്നു. ചെറു പ്രായത്തിൽ എല്ലാവരും മാതാപിതാക്കന്മാരുടെ അധികാരത്തിൻ കീഴാകയാൽ തങ്ങളുടെ മക്കളെ സത്യം പറഞ്ഞു പരിചയിപ്പിക്കയും വ്യാജത്തിൽ നിന്നു ഒഴിഞ്ഞിരിപ്പാൻ പഠിപ്പിക്കയും ചെയ്യുന്നതു അവർ പ്രത്യേകം നോക്കേണ്ടുന്ന ഒരു കാര്യമാകുന്നു. അതു അവരാൽ എളുപ്പത്തിൽ കഴിയുന്നതും മറ്റുള്ളവരാൽ അസാദ്ധ്യവുമാകുന്നു. നമ്മിൽ മിക്കരും അമ്മയച്ഛന്മാരായിട്ടെങ്കിലും ആകുവാനെങ്കിലും ഇരിക്കുന്നവരാകയാൽ ഒരു സാരമായ കൃത്യത്തെക്കുറിച്ചു തക്കതായുള്ള വിചാരം നമ്മുടെ മനസ്സിൽ കയറിയിരിക്കപ്പൊതുവിൽ ഒരു ആവശ്യകാര്യമാകുന്നു. ആകയാൽ ഒരു മുഖ്യമായ സംഗതിയെപ്പറ്റി ചമെക്കപ്പെടുന്ന പ്രകരണങ്ങളിൽ മന്ത്രിയതിനു സക്കാരിൽ നിന്നും സമ്മാനം കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നതു യോഗ്യമായ ഒരു വിചാരം ആകുന്നു. എന്തെന്നാൽ അതു നിമിത്തം ജനങ്ങളുടെ ഇടയിൽ ഒരുകാര്യത്തെക്കുറിച്ചു തിരക്കുണ്ടായിട്ടു അറിവു വർദ്ധിക്കുന്നതിനും നല്ലതിൽ ഒരു പ്രബന്ധം ചമെക്കപ്പെട്ടു പ്രസിദ്ധമാകുന്നതിനും സംഗതി ഉണ്ടാകും.

ഒരു വ്യവഹാരത്തെ—1വതു സത്യം എന്തെന്നും—2വതു സത്യവാദത്താലുള്ള ഗുണങ്ങൾ എന്തെന്നും—

ദാവതു മാതാപിതാക്കന്മാർ ഒരം മുറയെ നടത്തേണ്ടുന്ന കാരണവും വഴിയും എന്തെന്നും ഇങ്ങിനെ മൂന്നായിട്ടു വിഭാഗിക്ക കൊള്ളാം എന്നു നമുക്കു തോന്നിയിരിക്കുന്നു. എന്നാൽ സത്യത്തെ വണ്ണിക്കുന്നതിൽ അതിന്റെ വിപരീതമാകുന്ന വ്യാജത്തെ കുറിച്ചും വ്യവഹരിക്ക ആവശ്യമാകകൊണ്ടു സത്യവാദത്തിന്റെ ഗുണങ്ങളെപ്പറഞ്ഞിപ്പുറയുമ്പോൾ കുരള സംസാരിക്കുന്നതിനാലുള്ള ദോഷങ്ങളെക്കുടെയും വിസ്തരിച്ചു കാണിക്കും. സത്യം സംസാരിക്കുന്നതിനു നാവിനെ തന്ന സത്യസ്വരൂപിയായ സർവ്വേശ്വരൻ സത്യവാദരക്ഷയ്ക്കുള്ള ഒരം പ്രബന്ധത്തെച്ചമെക്കുന്നതിൽ കരുണയോടെ സഹായിക്കുമാറാകട്ടെ.

1ാവതു സത്യം എന്തെന്നു.

ഈ ചോദ്യവും വിജ്ഞാനികളുടെ ഇടയിൽ വളരെ തക്കപ്പെട്ടിരിക്കുന്ന ഒരു കാര്യവുമാകുന്നു. യേശുക്രിസ്തു ശിക്ഷിക്ക വിധിക്കപ്പെട്ടവാനായിട്ടു പീലാത്തോസിന്റെ ന്യായാസനത്തിങ്കൽ നിന്നപ്പോൾ ആ ന്യായാധിപതിയാൽ ഒരം ചോദ്യം അവനോടു ചോദിക്കപ്പെട്ടുകയുണ്ടായി. എന്നാൽ അവനു സത്യം അറിയേണം എന്നുള്ള അപേക്ഷ ഇല്ലായിരുന്നതുകൊണ്ടു ഉത്തരത്തിന്നായിട്ടു അവൻ താമസിച്ചില്ല. സത്യത്തിന്റെ സാക്ഷാൽ സ്വരൂപം ഇന്നതെന്നു സംക്ഷേപിക്കുന്നതിനു പ്രയാസമാകുന്നു എന്നു വരികിലും വചനത്തിൽ സത്യം വേണമെന്നുള്ള മുറയെ അറിയുന്നതിനും നടത്തുന്നതിനു

അഗാധജ്ഞാനത്താൽ മാത്രം ഗ്രാഹ്യമാകുന്ന മമ്മ ലക്ഷ ണങ്ങളിലേക്കു നാം പ്രവേശിച്ചേ കഴിവു എന്നില്ല. കായ്ക്ക തെക്കുറിച്ചു പൊതുവിൽ ചില വിവരങ്ങൾ മനസ്സിൽ ഉണ്ടായിരുന്നാൽ മതി. എന്തെന്നാൽ ഒരുത്തൻ വഞ്ചന ഭാവിക്കാതെ തന്റെ അറിവിൻ പ്രകാരം ഉള്ളതിനെപ്പ റയുമ്പോൾ അവൻ സത്യവാദിയാകുന്നു എന്നു നാം എല്ലാ വരും അറിയുന്നു. എന്നാൽ നാം വ്യവഹരിക്കുന്ന കായ്കാ തെളിവാകുന്നതിനു സത്യത്തെ യഥാർത്ഥം എന്നും പര മാർത്ഥം എന്നും ഇങ്ങിനെ രണ്ടു വകയായിട്ടു വിചാരിക്കാം.

1. ഒരു കായ്ക്കതെ ഉള്ളവണ്ണം വചനിക്ക യഥാർത്ഥ പ്രകാരം സത്യം പറെകയാകുന്നു. അകയാൽ അതിനു മലയാഴ്മയിൽ ഉള്ളതു എന്നും തമിഴിൽ ഉണ്മ എന്നും പേരായിരിക്കുന്നു. സത്യം എന്നതു ഉളവു എന്നർത്ഥമാ കുന്ന സതു എന്നതിൽ നിന്നു വന്നതാകുന്നു. ദൈവം സർവ്വ വ്യാപിയാകുന്നു. ഭ്രമി മുതലായ ഗ്രഹങ്ങൾ സൂര്യനെച്ചു റുന്നു, മനുഷ്യൻ പാപിയാകുന്നു എന്നിങ്ങനെയുള്ള പൊരുളുകൾ യഥാർത്ഥങ്ങളാകുന്നു. അവയെ ഒരുത്തൻ വിശ്വസിക്കുന്നതുകൊണ്ടെങ്കിലും നിഷേധിക്കുന്നതുകൊ ണ്ടെങ്കിലും അവെക്കു ഭാവഭേദം വരികയില്ല. എല്ലാ മനു ഷ്യരും മറിച്ചു വിശ്വസിച്ചാലും സത്യം അസത്യമാകയും അസത്യം സത്യമാകയും ചെയ്യുന്നില്ല. ഭ്രമി ദിവസ ന്തോറും താനേ തിരികയും ആണ്ടുതോറും ആദിത്യനെച്ചു റുകയും ചെയ്യുന്നു എന്നുള്ളവ ബഹുജനങ്ങൾക്കു ഇതു വരെ സമ്മതമായിട്ടില്ലെന്നു വരികിലും അവ യഥാർത്ഥ ങ്ങൾ എന്നു നിശ്ചയമായി സമ്മതിക്കേണ്ടുന്നതാകുന്നു. നക്ഷത്രങ്ങൾ ദിനംപ്രതി ഭ്രമിയെച്ചുറുന്നു എന്നും ശ്രീരാ

മന്റെ വാനരസൈന്യം എണ്ണത്തിൽ സൂക്ഷ്മമായിട്ടു ഇരു പത്തൊന്നു വെള്ളം ഉണ്ടായിരുന്നു എന്നും ഒരു നാട്ടുകാരാൽ സാധാരണമായി വിശ്വസിക്കപ്പെട്ടിരിക്കുന്നു എങ്കിലും അവ സത്യമായവ അസംഭവ്യങ്ങളാകയാൽ അവയെ അസത്യം എന്നു വിചാരിപ്പാനേ പാങ്ങുള്ളൂ.

2. ഒരുത്തൻ താൻ വിശ്വസിച്ചിരിക്കുന്ന പ്രകാരം ഒരു കാര്യത്തെ ഉച്ചരിക്കുമ്പോൾ അവൻ പരമാർത്ഥത സംസാരിക്കുന്നു. യഥാർത്ഥവും പരമാർത്ഥവും തമ്മിൽ ഒന്നും ഒക്കാതെയും വരും. ഒരുത്തന്റെ അറിവു ഏതെങ്കിലും ഒരു കാര്യത്തിൽ പൊരുത്തമായിരിക്കുകയും അവൻ അറിഞ്ഞിരിക്കുന്നതിൻവണ്ണം അതിനെപ്പറകയും ചെയ്താൽ കാര്യത്തിന്റെ യഥാർത്ഥവും പറയുന്നവന്റെ പരമാർത്ഥവും തമ്മിൽ ഏകീഭവിച്ചിരിക്കും. ഒരുത്തൻ വിവരക്കേടായി, അറിഞ്ഞതിനെ അതിൻവണ്ണം തെറ്റിച്ചു വചനിക്കുമ്പോൾ അവ തമ്മിൽ ഭിന്നിച്ചിരിക്കും. പഴയ റോമ്മചരിത്രത്തിൽ പറയുന്ന ഒരു വീരൻ താൻ കൊല്ലുവാൻ ഭാവിച്ച ശത്രു രാജാവിന്റെ അടുക്കൽ കൊണ്ടുവരപ്പെട്ട നീ ആരെന്നു ചോദിച്ചതിന്നു ഞാൻ ഒരു റോമ്മാക്കാരൻ എന്നു ധീരതയോടെ ഉത്തരം പറഞ്ഞതു യഥാർത്ഥത്തിന്നും പരമാർത്ഥത്തിന്നും ഒത്തിരുന്നു. ഇക്കഴിഞ്ഞ രാത്രി ഇടിവെട്ടി എന്നു ഒരുത്തൻ സ്വപ്നം കണ്ടതു സ്വപ്നം എന്നോക്കാതെ സാക്ഷാൽ ഭവിച്ചതെന്നു അവന്റെ മനസ്സിൽ തോന്നിപ്പോയിട്ടു അങ്ങനെ ഉണ്ടായി എന്നു വല്ലവരോടും പറഞ്ഞാൽ അവൻ യഥാർത്ഥപ്രകാരം അസത്യം പറയുന്നു എങ്കിലും പരമാർത്ഥത്തിൽ അവന്റെ പറവിൽ വ്യാജമില്ല. ഇംഗ്ലീഷുകാർ മുതലായ യൂറോപ്യന്മാർ ശ്രീരാമന്റെ സൈന്യത്തിലേ വാനരന്മാരും

ലങ്കാസ്ത്രീകളും തമ്മിലുണ്ടായ ക്രൂടിപ്പുലർച്ചയിൽനിന്നു ഉത്ഭവിച്ചവരാകുന്നു എന്നു നാട്ടുകാർ സാധാരണമായിട്ടു പറയുന്നതു ശുദ്ധ ഭോഷ്കാകുന്നു എങ്കിലും അവർ അതിനെ മൂഢതകൊണ്ടു നേരു ബോധിച്ചു പറയുന്നതാകയാൽ അവരെ ഭോഷന്മാർ എന്നല്ലാതെ വ്യാജക്കാരെന്നു വിചാരിപ്പാനില്ല. എന്നാൽ പരമാർത്ഥം വിട്ടുള്ള വാക്കിൽ ചിലപ്പോൾ യഥാർത്ഥം ഒത്തുമിരിക്കും. ത്രിപുരൻ എന്ന അസുരൻ ശിവഭക്തിയാൽ വിക്രമതപം പ്രാപിച്ചു ദേവകൾക്കും മനുഷ്യർക്കും ഉപദ്രവിയായിത്തീർന്നാറെ ശിവന്റെ അനുക്രലം ഉള്ളപ്പോൾ അയാളെ അമർത്തുവാൻ കഴികയില്ലെന്നു കണ്ടിട്ടു ശിവഭക്തിയിൽനിന്നു അയാളെ പിഴെപ്പിക്കുന്നതിന്നു വേണ്ടി വിഷ്ണു ബുദ്ധമുനിയായി അവതരിച്ചു. ബ്രഹ്മാ വിഷ്ണു ശിവൻ എന്നിങ്ങനെ സൃഷ്ടിസ്ഥിതി സംഹാര കർത്താക്കന്മാരായിട്ടു മൂന്നു മൂർത്തികൾ ഉണ്ടെന്നു പറയുന്നതു അബദ്ധം എന്നും സർവ്വശക്തനും സർവ്വജ്ഞനുമായ ഒരു ദൈവം തന്നേ സൃഷ്ടിക്കയും രക്ഷിക്കയും സംഹരിക്കയും ചെയ്യുന്നു എന്നും ഉപദേശിച്ചതു ക്രിസ്ത്യാനിമാർപ്രകാരം സത്യമാകുന്നു എന്നു വരികിലും ഹിന്ദുശാസ്ത്രപ്രകാരം അതു വ്യാജമായിരുന്നു. ബുദ്ധമുനി താൻ പഠിപ്പിച്ച ഉപദേശം സത്യം എന്നു ബോധിക്കാതെ ത്രിപുരനെ ശിവഭക്തിയിൽനിന്നു തെറ്റിച്ചു അവജയപ്പെടുത്തുന്നതിന്നു വേണ്ടി അപ്രകാരം പഠിപ്പിച്ചതായിരുന്നാൽ അയാൾ പരമാർത്ഥി അല്ലായിരുന്നു. പിന്നെയും യേശുക്രിസ്തു സാക്ഷാൽ ദൈവം എന്നു താൻ തന്നേ വാദിച്ച ഒരു കാര്യം ആയിരുന്നു എന്നു വരികിലും ഒരു പ്രമാണിവന്നു അവനെ വന്ദിച്ചു നല്ലവനായ ഗുരോ എന്നു വിളിച്ചാറേ നല്ലവൻ എന്നു നീ എന്തുകൊണ്ടു എന്നെച്ചൊ

ല്ലന്നു ദൈവം ഒരുവൻ അല്ലാതെ നല്ലവൻ ആരുമില്ലെന്നു പറഞ്ഞു അവനെ ശാസിച്ചു. എന്തെന്നാൽ അവൻ ംരം രക്ഷിതാവിനെ ഒരു മനുഷ്യൻ എന്നു മാത്രം വിചാരിക്കയാൽ നല്ലവൻ എന്നു അവനെ വിളിച്ചതു സ്തുതി വാക്കു മാത്രമായിരുന്നു. ആകയാൽ അവൻ പറഞ്ഞതു യഥാർത്ഥത്തിനു ഒത്തിരുന്നു എന്നു വരികിലും പരമാർത്ഥത്തിനു വിരോധമായിരുന്നു.

3. സത്യദോഷമാകുന്ന കുരള എന്ന പാപം യഥാർത്ഥവിരോധത്തിലല്ല പരമാർത്ഥ ലംഘനത്തിൽ അത്രേ ഇരിക്കുന്നു എങ്കിലും കള്ളം പറയുന്നതിനാൽ ഉള്ള ദൃഷ്യം മിക്കവാറും യഥാർത്ഥഭംഗത്തിൽ ഉൾപ്പെട്ടിരിക്കുന്നു. എന്തെന്നാൽ നാം പറയുന്നതു സാക്ഷാൽ ഉള്ളതല്ലാതിരുന്നാൽ നമ്മുടെ വാക്കു പ്രമാണിക്കുന്നവർ വഞ്ചിക്കപ്പെട്ട അബദ്ധത്തിൽ ആയിപ്പോകും. കൊപ്രായിക്കു കൊച്ചിയിൽ തുറമുഖത്തു 40 രൂപായിൽ താഴെ വിലയായിരിക്കുമ്പോൾ 70 രൂപായിൽ മേലുണ്ടെന്നു ഒരു കള്ള ശ്രുതി കേട്ടതിനെ വിശ്വസിച്ചു നാം ചില കൊപ്രാക്കച്ചവടക്കാരോടു പറകയും അവർ അതിനെ പ്രമാണിച്ചു ഏറിയ വിലെക്കു ചരക്കു ശേഖരിക്കയും ചെയ്താൽ അവർക്കു ലാഭത്തിനു പകരം ചേതം വന്നു കൂട്ടും. നാം അവരെ ചതിക്കേണം എന്നു വിചാരിക്കാതെ കേട്ടതിനെ വിശ്വസിച്ചു പരമാർത്ഥമായിട്ടു പറഞ്ഞതായിരുന്നു എന്നു വെച്ചു അവർക്കു വരുവാനുള്ള നഷ്ടത്തിനു നീക്കുപോക്കുണ്ടാകയില്ല. പിന്നെയും മനുഷ്യർ ഹൃദയത്തിന്റെ ആന്തരങ്ങളെ വിധിക്കുന്നതു വെളിയിൽ വരുന്ന ക്രിയകളിൻ പ്രകാരമാകയാൽ നമ്മുടെ വചനം യഥാർത്ഥത്തിനൊത്തി

ല്ലെങ്കിൽ നാം പരമാത്ഥികം അല്ലെന്നും ക്രൂടെ മറ്റുള്ള വർ വിചാരിക്കുന്നതിന്നിടയാകും. ഇങ്ങനെ നാം സാക്ഷാൽ കൂരുക്കാർ അല്ലാതിരിക്കുമ്പോൾ അത്തരക്കാർ എന്നുള്ള കേൾവിദോഷം നമുക്കു കിട്ടും നാം ഉള്ളതു പറയുമ്പോൾ തന്നെയും മറ്റുള്ളവർക്കു നമ്മുടെ വാക്കു സമ്മതമല്ലാതെ വരുന്നതിന്നും ഹേതുവാകും. ആകയാൽ നാം പറയുന്നതു മനസ്സിന്റെ പരമാത്ഥത്തിന്നു എന്ന പോലെ കായ്യത്തിന്റെ യഥാത്ഥ്തെക്കു ശരി ഒത്തിരിക്ക ആവശ്യമാകുന്നു. എന്നാൽ പരമാത്ഥതെക്കു ഉള്ളതു നേരു ആവശ്യമായിരിക്കുന്നതിൻവണ്ണം യഥാത്ഥമൊക്കുന്നതിന്നു കായ്യങ്ങളെക്കുറിച്ചു ചൊവ്വുത്ത അറിവു വേണ്ടിയിരിക്കുന്നു. നാം കേൾക്കുന്ന കായ്യങ്ങളെ ഒക്കെയും ശോധന ക്രൂടാതെ വിശ്വസിച്ചാൽ നമ്മുടെ ഹൃദയം അനേകം തെറ്റുകൾക്കു പാത്രമാകും. ഹൃദയത്തിന്റെ പരിപൂൎണ്ണതയിൽ നിന്നു വാ സംസാരിക്കുന്നു എന്നുള്ള വാക്കിൻ പ്രകാരം ഹൃദയം തെറ്റുകൾ കൊണ്ടു നിറഞ്ഞിരുന്നാൽ വാക്കിൽ വ്യത്യാസങ്ങൾ അനവധിയുണ്ടാകും. ആകയാൽ നാം എന്തെങ്കിലും ഒരു കായ്യം കേട്ടാൽ ആയതു സ്വഭാവേന വിശ്വസിക്കത്തക്കതു എന്നും ആയതിനെപ്പറ്റെഞ്ഞവൻ അറിവു കൊണ്ടും പരമാത്ഥത കൊണ്ടും വിശ്വാസത്തിന്നു യോഗ്യൻ എന്നും തിട്ടം വന്നല്ലാതെ യാതൊന്നും നേരെന്നു ഉറെച്ചു പോകരുതു.

4. എന്നാൽ സത്യവാദത്തിന്നു വാക്കു മാത്രം ഒത്താൽ പോരാ ആന്തരവും ക്രൂടെ ഒത്തിരിക്കണം. എന്തെന്നാൽ വാക്കിൽ സത്യമുണ്ടായും ആന്തരത്തിൽ സത്യമില്ലാതെയും വരാം. തഴവാ എന്നു പേരായ ദിക്കിൽ വന്നു

പാക്കുന്ന ഒരു മനുഷ്യന്റെ പേരിൽ മോഷണം ചുമത്തപ്പെട്ടാറെ അവൻ ഒരു തഴ എടുത്തു വായിൽ ഇട്ടുംകൊണ്ടു താൻ ഇത്തഴ വായിൽ വന്നതിൽ പിന്നെ മോഷ്ടിച്ചിട്ടില്ലെന്നു സത്യം ചെയ്യ എന്നു ഒരു കേൾവിയുണ്ടെല്ലൊ. ആയവൻ വാക്കിൽ കള്ളയാണ ഇട്ടിട്ടില്ല എന്നു വരികിലും മനസ്സുകൊണ്ടു ആ ഭയങ്കരമായ പാപത്തിൽ ഏർപ്പെട്ടുപോയി സംശയമില്ല ഗോത്രപിതാവായ അബ്രഹാം തന്റെ ഭാര്യയായ സാറായെ സഹോദരി എന്നു പറഞ്ഞപ്പോൾ അവളെ അവന്റെ തള്ള പെറ്റില്ലെങ്കിലും അവൾ അവന്റെ തന്നെക്കു ജനിച്ചിരുന്നതുകൊണ്ടു അവൻ വാക്കിൽ സത്യഭംഗം ചെയ്തില്ലെന്നു വരികിലും അവൾ അവന്റെ ഭാര്യ അല്ലെന്നുള്ള വ്യാജം പറവോ രാജാവിന്റെ മനസ്സിൽ കേറണം എന്നു വിചാരിച്ചുകൊണ്ടു അങ്ങനെ പറഞ്ഞതാകയാൽ അവൻ അക്കാര്യത്തിൽ പറഞ്ഞതു കുറള എന്നു തന്നേ എണ്ണുവാനുള്ളതാകുന്നു. എന്നാൽ മറിച്ചു വാക്കിൽ സത്യം പിഴച്ചും ഹൃന്തരത്തിൽ നേരുണ്ടായിരിക്കാം. ഒരു കീഴ്ജാതിക്കാരനോടു അവൻ നൂറു ചക്രം കൊടുത്തു വാങ്ങിച്ച പശുവിന്നു നിനക്കു എന്തു വിലയുള്ള കിട്ടി എന്നു ഒരു ബ്രാഹ്മണൻ ചോദിക്കെ അതിന്നു അടിയൻ നൂറു ചെമ്പുകാശു കൊടുത്തു എന്നു ഉത്തരം പറഞ്ഞാൽ അവൻ അസത്യവാദിയാകത്തില്ല. എന്തെന്നാൽ അവൻ ആചാരവാക്കിൽ ചക്രം എന്നുള്ള അർത്ഥത്തിൽ ചെമ്പുകാശു എന്നു പറഞ്ഞതല്ലാതെ വഞ്ചിക്കണം എന്നു ഭാവിച്ചുകൊണ്ടു അങ്ങനെ പറഞ്ഞതല്ല. നിലം പുരയിടങ്ങൾക്കു ആധാരം എഴുതുന്നതിൽ ഊറ്റുള്ളമാരും സ്ഥാനക്കണക്കന്മാരും മറ്റുള്ളവർ കൈപ്പട എഴുതുന്നതിന്നു തങ്ങൾ കൈ എഴുതിയ

പ്രകാരം സാക്ഷീകരിക്കപതിവാകുന്നു. എങ്കിലും അവർ നടപ്പു രീതിയെ അനുസരിച്ചു മാത്രം അങ്ങനെ ചെയ്യുന്നതും സത്യം ഇന്നതു എന്നു പ്രസിദ്ധമായി അറിയപ്പെട്ടിരിക്കയാൽ ആക്കും മറെറാരു പ്രകാരം തോന്നുന്നതിന്നിടയില്ലാത്തതുമാകകൊണ്ടു അതു വ്യാജമെന്ന കുറ്റത്തിൽ ഏറ്റപ്പെട്ടുന്നതല്ല. റുസ്സ്യയിലെയും ഔസ്ത്രിയയിലെയും മഹാരാജാക്കന്മാർ വേഷം മാറി ഫ്രാൻസുരാജ്യത്തു സഞ്ചരിക്കുന്ന സമയത്തു ഒരു തോട്ടക്കാരനെ കണ്ടു സംഭാഷണം ഉണ്ടായതിൽ അവൻ ഇവരോടു നിങ്ങൾ ആരെന്നു ചോദിച്ചതിന്നു അവർ സത്യം പറഞ്ഞാലും അവന്നു നേരു ബോധിക്കയില്ലെന്നുള്ള ധൈര്യത്തിൽനിന്നു അവരിൽ ഒരുത്തൻ ഞാൻ റുസ്സ്യ മഹാരാജാവു എന്നും മറവൻ ഞാൻ ഔസ്ത്രിയ മഹാരാജാവു എന്നും ഉള്ളതു പറഞ്ഞു. പിന്നെ ആ തോട്ടക്കാരനോടു നീ ആരെന്നും ചോദ്യമുണ്ടായതിനു അവൻ തനിക്കു ഇവർ പറഞ്ഞതു നേരു ബോധിച്ചില്ലെന്നു കാണിപ്പാനായിട്ടു ഞാൻ ചീനമഹാരാജാവാകുന്നു എന്നു ഉത്തരം പറഞ്ഞു എന്നു ഒരു കേൾവിയുണ്ടു. ഇതിൽ വെച്ചു മഹാരാജാക്കന്മാർ വാക്കിൽ സത്യത്തെ രക്ഷിച്ചു എങ്കിലും അവർ വഞ്ചിപ്പാൻ നിശ്ചയിച്ചുകൊണ്ടു ഉപായം ചെയ്തതാകയാൽ അവർ ആന്തരത്തിൽ കുരളപറഞ്ഞു പോയി. എന്നാൽ നേരേമറിച്ചു തോട്ടക്കാരൻ പറഞ്ഞതു യഥാർത്ഥമല്ലെങ്കിലും അവന്റെ വാക്കു വല്ലവരും വിശ്വസിക്കേണം എന്നു ആഗ്രഹിച്ചുകൊണ്ടു പറഞ്ഞതല്ലായ്കയാൽ അവൻ വാക്കിൽ മാത്രമേ വ്യാജം പറഞ്ഞുള്ളൂ.

5. എന്നാൽ വാക്കും ആന്തരവും ഏത്തിയാൽ ആന്തരം തന്നേ സാരമായിട്ടുള്ളതു. ഒരു പ്രവൃത്തിയുടെ പാപ

പുണ്യത്തെ വിധിക്കേണ്ടുന്നതു അതിന്റെ സ്വഭാവത്തെ ക്കൊണ്ടു മാത്രമല്ല അതിൽ ക്രിയാകർത്താവിന്നുണ്ടായിരുന്ന സാദ്ധ്യത്തെക്കൂടെ നോക്കിയാകുന്നു. മനുഷ്യർ ക്രിയകളുടെ പുറമെ കാണുന്ന ലക്ഷണങ്ങളെ മാത്രമേ സാധാരണയായിട്ടു നോക്കുന്നുള്ളു എങ്കിൽ ആയതു ക്രിയ ചെയ്തവന്റെ ഉള്ളിലെ അന്തരം തെളിവായിക്കാണുന്നതിന്നു പ്രയാസമാകയാൽ അകുന്നു. അന്തരം വെളിയിൽ പുറപ്പെട്ടു കാണാറായാൽ എല്ലാവരും ക്രിയയുടെ പാപപുണ്യം നിശ്ചയിക്കുന്നതു ആയതിന്റെ ദോഷ ഗുണപ്രകാരമാകുന്നു. ഒരു മനുഷ്യൻ കാട്ടിൽക്കൂടെ സഞ്ചരിക്കുമ്പോൾ അവന്റെ ജന്മ ശത്രുവായ ഒരുത്തൻ തോക്കും കൊണ്ടു ആ വഴിയെ വന്നു അവനെ കാണുകയിൽ തന്റെ വൈരിയെക്കൊല്ലുവാൻ ഇതു തന്നേ തക്കം എന്നു വിചാരിച്ചു വെടി വെച്ചാറെ ഉന്നം പിഴെച്ചു അവനെപ്പിടിച്ചു തിന്മാൻ പുറകെ ഓടിവരുന്ന കടുവായിക്കിട്ടയട്ടുയാകൊണ്ടു അതു ചാകയും ചെയ്തു എന്നൊരു കഥയുണ്ടു. രക്ഷപെട്ട മനുഷ്യനു വെടി വെച്ചവന്റെ അന്തരമറിയാതിരുന്നാൽ അവനോടു നന്ദി തോന്നും എന്നു വരികിലും അവന്റെ മനസ്സിലെ വിചാരം ഏതുപ്രകാരം എങ്കിലും വെളിയിൽആയിപ്പോയാൽ പിന്നെ അവനോടു വെറുപ്പു വരത്തുള്ളു. എന്നതുകൊണ്ടു സത്യഭംഗപാപം വന്നുകൂടുന്നതു വാക്കിൽ അറിയാതെ തെറ്റുന്നതിനാലല്ല, അന്തരത്തിൽ വഞ്ചിക്കേണം എന്നു നിശ്ചയിക്കുന്നതിനാൽ അകുന്നു.

6. ഒട്ടപേർ ഒരു വിവരം ബോധിക്കാതെ മൂഢത കൊണ്ടും ഒട്ടപേർ ചില കായ്യസാദ്ധ്യങ്ങളെ പ്രമാണിച്ചും

വാക്കിൽ മാത്രം സത്യം പാലിച്ചാൽ മതി എന്നു വിചാരിക്കുന്നു. തേമൂരേസു എന്ന സേനാപതി പട്ടാളങ്ങളോടുകൂടെ സേബസ്സ്യ എന്ന കോട്ട വളഞ്ഞു കിടക്കയിൽ അകത്തുള്ളവർ കോട്ടവാതിൽ തുറന്നു കൊട്ടത്തു ആയുധം വെച്ചു കീഴടങ്ങിയാൽ രക്തച്ചൊരിച്ചിൽ ഉണ്ടാകയില്ലെന്നു മൊഴി ഒത്തു വാതിൽ തുറന്നു കിട്ടി ഉള്ളിൽ പ്രവേശിച്ചതിന്റെ ശേഷം രക്തച്ചൊരിച്ചിൽ ഉണ്ടാകാതെ അവരെ സംഹരിക്കേണ്ടുന്നതിനു വേണ്ടി വെട്ടിയും കുത്തിയും അവരെ മുറിവേല്പിക്കാതെ വലുതായിട്ടു ഒരു കുഴി തുരന്നു അവരെ ഒരുമ്പെട്ടത്തി ആ കുഴിയിൽ ഇട്ടു മൂടികൊന്നു എന്നും നാം വായിച്ചിട്ടുണ്ടു. ആ ദുഷ്ടൻ വാക്കിൽ അല്ലാതെ അന്തരത്തിൽ സത്യത്തെ പാലിക്കാഞ്ഞതു കൊണ്ടു അവൻ ഒരു മഹാ വഞ്ചകനായിരുന്നു. എന്തെന്നാൽ വാശ്ദത്തം നിവൃത്തിക്കേണ്ടുന്നതു വാശ്ദാതാവും [വാക്കു കൊടുത്തവൻ] നിശ്ചയിക്കുന്ന അർത്ഥത്തിലുമല്ല വാഗ്ദാഹി (വാക്കു കിട്ടിയവൻ) എടുക്കുന്ന അർത്ഥത്തിലുമല്ല. വാഗ്ദാഹി എടുക്കും എന്നു വാശ്ദാതാവു വിചാരിച്ച അർത്ഥത്തിൽ ആകുന്നു ഉരം സേനാപതി താൻ നിവൃത്തിപ്പാൻ ഭാവിച്ച അർത്ഥത്തിൽ വാശ്ദത്തം ലംഘിച്ചില്ല എങ്കിലും കോട്ടനിവാസികൾ ഗ്രഹിക്കും എന്നും ന്യായം വിചാരിച്ച അർത്ഥത്തിൽ ലംഘനക്കാരനായിരുന്നു.

7. എന്നാൽ വാശ്ദത്തം പദാർത്ഥത്തിൽ നിവൃത്തിച്ചാൽ മതി എന്നു വെച്ചു ഒട്ടുപേർ മിടുക്കു പൈറുന്നതുപോലെ മൊഴിക്കർത്ഥത്തിൽ തികെക്കണം എന്നു വെച്ചു ഒട്ടു പേക്കു ഭോഷൻകളിയും വരുന്നുണ്ടു. മൂന്നു ലോകങ്ങളിലും ചക്രവർത്തിയായി വാഴുന്ന മഹാ ബലിയുടെ അടുക്കൽ മഹാ വിഷ്ണു വാമന മൂർത്തിയായിച്ചെന്നു തന്റെ

കാലിന്റെ മൂന്നടി ഭൂമി ദാനമായിട്ട കൊടുക്കണം എന്നു യാചിച്ചു വാക്കു കിട്ടിയതിന്റെ ശേഷം തൽസ്വരൂപത്തിൽ വെളിപ്പെട്ട തന്റെ കാല്പാദത്തിന്റെ മൂന്നു ചുവട് കൊണ്ടു സ്വർഗ്ഗം ഭൂമി പാതാളം ഒരു മൂന്നു ലോകങ്ങളെയും അളന്നു ആ നല്ല രാജാവിനോടു കൈക്കലാക്കി എന്നു പുരാണത്തിൽ പറയുന്നു. എന്നാൽ മഹാ ബലി മൂന്നടി ഭൂമി കൊടുക്കാം എന്നനുസരിച്ചതു വാമന മൂർത്തിയുടെ പാദത്തിന്നായിരുന്നു. വിഷ്ണു ഉള്ളിൽ വിചാരിച്ചു കപടം അയാൾ അറിഞ്ഞിരുന്നു എന്നു വരികിൽ വാക്കു കൊടുക്കുകയുമില്ലായിരുന്നു. വിഷ്ണുവും മനസ്സിൽ കരുതിയതു തന്റെ ജാത്യ ദേഹത്തിന്നുള്ള കാലടിക്ക കിട്ടേണം എന്നായിരുന്നു എങ്കിലും വാമനസ്വരൂപത്തിന്റെ ചെറിയ പാദത്തിന്നൊപ്പിച്ചു കൊടുത്താൽ മതിയാകും എന്നേ മഹാബലി ഗ്രഹിക്കാവു എന്നായിരുന്നു. അതുകയാൽ മഹാബലി രാജ്യം ഒഴിഞ്ഞുകൊടുത്തതു ഭോഷത്വവും വിഷ്ണു വാങ്ങിച്ചതു ചതിവുമായിരുന്നു. പിന്നെയും ശൂർപ്പകൻ താൻ ആരെ എങ്കിലും തൊട്ടാൽ അവൻ ദഹിച്ചുപോകുന്നതിനു വരം നല്കേണം എന്നു ശിവനോടു യാചിച്ചു വരം കിട്ടിയ ഉടനെ ദാതാവിനെത്തന്നെ തൊട്ടു പരീക്ഷിപ്പാൻ ഭാവിച്ചാറെ താൻ ദഹിക്കപ്പെട്ടില്ലെങ്കിൽ തന്റെ വാക്കിനു സത്യഭംഗം വരുമെന്നു ശങ്കിച്ചു ശിവൻ അവന്റെ മുൻപിൽനിന്നു ഓടിയതു അനാവശ്യമായിരുന്നു. എന്തെന്നാൽ ശൂർപ്പകൻ തനിക്കു വരം കിട്ടിയാൽ ശിവനെത്തന്നെ തൊട്ടു ദഹിപ്പിക്കേണം എന്നൊരു ഉപായം കരുതീട്ടുണ്ടായിരുന്നു എന്നു വരികിലും അവൻ അതിനായിട്ടു ഇരന്നപ്പോൾ ആ വിവരം ദാതാവു അറിയേണം എന്നു അവൻ വിചാരിച്ചില്ല. ശിവനും താൻ വരം നല്കിയ

പ്പോൾ ഒരു ചതിവു ഗ്രഹിച്ചിട്ടില്ലായിരുന്നു. എന്നാൽ ശിവനു പരമാത്മായിട്ടു സത്യഭംഗത്തിന്നിട വന്നതു അവനെ ഒരു വിഷമതയിൽ നിന്നു ഒഴിക്കുന്നതിനു വിഷ്ണു മോഹനി രൂപം എടുത്തു ശ്രുപ്പ്കനെക്കൊണ്ടു തന്നെ തന്നെ താൻ തൊടുവിച്ചു അവൻ മരിച്ചതിൽ ആയിരുന്നു. എന്തെന്നാൽ വരം ശ്രുപ്പ്കൻ ചോദിച്ചതിലും ശിവൻ കൊടുത്തതിലും ശ്രുപ്പ്കനു തന്നേ അതു നാശകരമായി തീരും എന്ന വരം നല്ലിയവനാകട്ടെ ലഭിച്ചവനാകട്ടെ വിചാരിച്ചിട്ടുണ്ടായിരുന്നില്ല. ആകയാൽ ആ ദോഷി ഭഹിക്കപ്പെട്ടപ്പോൾ അവൻ വെച്ച കണിയിൽ തന്നേ അകപ്പെട്ടകയാൽ അവന്റെ ഉഷ്ടതെക്കു തക്കവണ്ണം അവനു ഭവിച്ചു എന്നുവരികിലും ശിവൻ അവനു നല്ലിയ വരത്തിനു ആന്തരാത്മത്തിൽ നിവൃത്തി വരായ്കയാൽ അതു സാക്ഷാൽ സത്യഭംഗമായിപ്പോയി. അപ്രകാരം തന്നേ ഹേരോദ്യ പുത്രിനൃത്തം ചെയ്ത ഹേരോദേസു രാജാവിനെ പ്രസാദിപ്പിച്ചു അവൾ എന്തെങ്കിലും ചോദിച്ചാൽ രാജ്യത്തിൽ പാതിയോളം കൊടുക്കാം എന്നു വാഗ്ദത്തം പ്രാപിച്ചതിന്റെ ശേഷം യോഹന്നാൻ സ്നാപകന്റെ തല വെട്ടിക്കൊണ്ടു എന്നു ചോദിച്ചതിനെ അനുസരിച്ചു ആ നീതിമാനെ ശിരഛേദനത്താൽ കൊല്ലിച്ചതു തന്റെ വാഗ്ദത്തത്തിന്റെ നിവൃത്തിക്കു ആവശ്യം എന്നു അവൻ വിചാരിച്ചു എങ്കിലും അതു അവനു ഒരു മഹാ പാപമായിപ്പോയി. എന്തെന്നാൽ തന്റെ രാജ്യത്തിൽ പാതി വരെയും കൊടുക്കാം എന്നു അവൻ വാഗ്ദത്തം ചെയ്തപ്പോൾ തനിക്കു മുതൽ നഷ്ടമുള്ളതിൽ എന്തെങ്കിലും കൊടുക്കാം എന്നല്ലാതെ തനിക്കു പാപകരമായിട്ടുള്ളതു

അവർ ചോദിക്കും എന്നു അവൻ കരുതിയിരുന്നില്ല. എന്നു തന്നെയുമല്ല ഒരുത്തനും താൻ ചെയ്യപോയ വാഗ്ദത്തത്തിന്റെ നിവൃത്തിക്കായിട്ടു പാപമായിട്ടുള്ള യാതൊരു പ്രവൃത്തിക്കും നിർബന്ധിക്കപ്പെട്ടുന്നില്ല. എന്നാൽ ഒരു നീതിമാനെ കുറ്റംക്രുടാതെ കൊല്ലിക്ക മഹാപാപമാകയാൽ യോഹന്നാന്റെ തല വെട്ടിച്ചുകൊടുക്കാം എന്നു നേരെ വാക്കു കൊടുത്തുപോയിരുന്നാലും ആ വാഗ്ദത്തത്തെ ലംഘിക്കയായിരുന്നു രാജാവിന്നു വേണ്ടിയതു.

8. വാഗ്ദത്തം നിവൃത്തിക്കേണ്ടുന്നതു വചനത്തിന്റെ സാധാരണയായിട്ടുള്ള പൊരുളിൻ പ്രകാരമല്ല വാഗ്ദത്തം ചെയ്തവന്റെ ആന്തരത്തിൻ പ്രകാരമാകുന്നു എന്നു വന്നാൽ അതു മുഖാന്തിരം കുറ്റം ഏല്ക്കാതെ വാക്കു വ്യത്യാസം ചെയ്യുന്നതിന്നു ചതിവന്മാക്കു ഒരു വിസ്താരമായ വാതിൽ തുറക്കപ്പെട്ടും എന്നു ചിലർ ആക്ഷേപിക്കുമായിരിക്കും. എന്നാൽ വാക്യത്തിന്റെ പദാർത്ഥവും പറച്ചിൽകാരന്റെ ആന്തരാർത്ഥവും കേൾവിക്കാരന്റെ ഗ്രഹിതാർത്ഥവും തമ്മിൽ മിക്കവാറും ഏകീഭവിച്ചു വരുന്നതാകയാൽ ഇങ്ങനെയുള്ള തക്കങ്ങൾക്കു അധികം ഇടയുണ്ടാകയില്ല. എന്നു വരികിലും ചിലപ്പോൾ അവ ഭിന്നിച്ചു വരുന്നതാകകൊണ്ടു അങ്ങനെയുള്ള പട്ടതിയിൽ ആന്തരം തന്നെ പ്രമാണമാക്കേണം എന്നത്രേ നാം പറയുന്നതു. ന്യായമായിട്ടുള്ള വഴിയേ ചെന്നാൽ നേരിങ്കൽ എത്തുന്നതിന്നു ചില പ്പോൾ പ്രയാസം കാണുമെന്നു വെച്ചു നാം പൊവ്വൊത്ത വഴിയെ വിട്ടുകളയരുതു. ആന്തരാർത്ഥം വിട്ടുംകളഞ്ഞു പദാർത്ഥം മാത്രം പ്രമാണമാക്കിയാൽ അധിക സത്യദോഷങ്ങൾക്കു ഇടവരുമെന്നു മേൽ പറഞ്ഞ ദൃഷ്ടാന്തങ്ങളാൽ തെളിവായിരിക്കുന്നുവല്ലോ. എന്നാൽ പദാർത്ഥം തെളി

വായും ആന്തരാർത്ഥം തക്കപ്പെട്ടും ഇരിക്കുമ്പോൾ പദാർത്ഥം തന്നേ പ്രമാണമായിരിക്കെണം. എന്തെന്നാൽ വാക്കു ഹൃദയത്തിന്റെ ഉച്ഛിഷ്ടമാകയാൽ ഉള്ളിൽ ഒന്നിരിക്കെ വായിൽ നിന്നു മറ്റൊന്നു വീണു എന്നു തക്ക കാരണങ്ങളെ കൂടാതെ നിശ്ചയിച്ചുകൂടാ. എന്നു വരികിലും ആന്തരാർത്ഥവും പദാർത്ഥവും തമ്മിൽ വ്യത്യാസമായിരിക്കുന്നു എന്നു ചിലപ്പോൾ സ്പഷ്ടമായിട്ടു കാണാകുന്നതാകയാൽ അപ്പോൾ പദാർത്ഥം വിട്ടു കളഞ്ഞു ആന്തരാർത്ഥം തന്നേ പ്രമാണമാക്കെണം. ദൃഷ്ടാന്തപ്പെടുത്തെണം എങ്കിൽ നാലു എന്നതു ശുദ്ധസംഖ്യയാകയാൽ ആ കായ്യം നാലു പേരു കൂടിക്കേട്ടു എന്നു രണ്ടു പേരോ ആറു പേരോ ആയാലും പറയാം. ദാവീദ്രാജാവു ശാവുലിനെയും യോനാഥാനെയും കുറിച്ചു അവർ കഴുകുങ്ങളെക്കാൾ വേഗവും സിംഹങ്ങളെക്കാൾ ബലവും ഉള്ളവരാകുന്നു എന്നു അതിശയോക്തിയിൽ ഫലിപ്പിച്ചു പറഞ്ഞതിനെ ആരും മൊഴിയൊപ്പിച്ചു പൊരുൾ എടുക്കുന്നില്ല. യേശുക്രിസ്തു ഹേരോദേസു രാജാവിനെ കുറുനരി എന്നു വിളിച്ചതു അവൻ ഉപായി ആയിരുന്നതുകൊണ്ടു ഉപമയിൽ ആയിരുന്നു എന്നു പരസമ്മതമാകുന്നു. ബാൽദേവന്റെ പുരോഹിതന്മാർ തങ്ങളുടെ ദേവനു ഒരു ബലിപൂജ ഒരുക്കി ആകാശത്തു നിന്നു തീ ഇറങ്ങി അതിനെ ദഹിപ്പിക്കുന്നതിനായിട്ടു പ്രാർത്ഥിച്ചാറെ സാധിക്കായ്കയാൽ ഏലിയാ ദീർഘദർശി അവരെ പരിഹസിച്ചു ബാൽ ദൈവമല്ലോ ഉറക്കെ വിളിപ്പിൻ പക്ഷേ അവൻ ഉറങ്ങുകയായിരിക്കും എന്നിങ്ങനെ പറഞ്ഞതിൽ വെച്ചു അയാളെ ആരും വ്യാജക്കാരനായി എണ്ണുന്നില്ല. അങ്ങനെ തന്നേ അഹാബു രാജാവു

മിഖായ ദീർഘദർശിയെ വരുത്തി ഞാൻ റാമോത്തുഗിലെ
യാദിനു നേരേ യുദ്ധത്തിനു പോകയോ എന്നു ചോദിച്ചു
തിനു പോയി ജയിക്കാ എന്തെന്നാൽ കർത്താവു അതി
നെ രാജാവിന്റെ കൈകളിലേക്കു ഏല്പിക്കും എന്നു കള്ള
ദീർഘദർശികൾ പറെഞ്ഞ മൊഴികളെത്തന്നെ സോല്ല
ണ്ടന വാക്കായിട്ടു പ്രയോഗിച്ചതിൽ അവൻ സത്യവാദ
ഭംഗം ചെയ്തു എന്നു യാതൊരുത്തനും വിചാരിക്കുന്നില്ല.
പിന്നെയും കവിതാ കഥകളിൽ യഥാർത്ഥം വിട്ടു പല
കാര്യങ്ങളും കാണും എന്നു വരികിലും അവയിലെ സാരവും
വഞ്ചിപ്പാനല്ല രസിപ്പിപ്പാനാകയാൽ അവ കുരള എന്ന
പാപത്തിൽ ഉൾപ്പെടുകയില്ലെന്നു എല്ലാവരും അനുസ
രിക്കുന്നു. പഞ്ചതന്ത്രകഥ അശേഷവും ശുദ്ധമെ ഒരു
വകചൽ ആകുന്നു എന്നു വരികിലും ആ വിശേഷ കവി
തയെ ചമെച്ച സോമശർമ്മാവിനെ കുരളക്കാരൻ എന്നു
ആരു വിചാരിക്കും. അതിൽ അടങ്ങിയിരിക്കുന്ന ഓരോ
സംഗതികളിലെ ഏല്പാട്ടകാരെയും വാദി പ്രതി വാദിക
ളെയും മൃഗാദികളും ആക്കിയിരിക്കുന്നതു കഥ യഥാർത്ഥമ
ല്ലെന്നു വായനക്കാരൻ ഗ്രഹിച്ചുകൊള്ളുന്നതിനാകുന്നു.
ആകയാൽ ഒരു യൂറോപ്പു വിദ്വാൻ പുരാണങ്ങളെയും
പഞ്ചതന്ത്രത്തെയും ക്രൂടെ വായിച്ചു നോക്കിയും വെച്ചു
ഹിന്ദുദേശത്തെ പക്ഷികൾക്കും മൃഗങ്ങൾക്കും അവിടത്തെ
മനുഷ്യരെക്കാളും അവരുടെ ദേവന്മാരെക്കാളും അധികം
ബുദ്ധിയുണ്ടെന്നു പറെഞ്ഞതു യഥാർത്ഥം എന്നു വിശ്വസി
ച്ചില്ലായിരുന്നു. ബോധജ്ഞാനവും വിവേകവും ഉണ്ടാകുന്ന
തിനു പഞ്ചതന്ത്രം മറവയിലും വിശേഷവും ഉപകാരവും
എന്നു കാണിപ്പാൻ ഒരു ഫലിതം പ്രയോഗിച്ചതേയുള്ളു.

9. നമ്മുടെ നിനവുകളെയും ആഗ്രഹങ്ങളെയും വാക്കുകൊണ്ടെന്ന പോലെ ക്രിയകൊണ്ടും അറിയിക്കുന്നതാകയാൽ ആ മുഖാന്തരത്തുടേ തന്നെ സത്യം സംസാരിക്കയും കുരള പറെകയും ആം, അതുയുമല്ല ക്രിയകൊണ്ടു അറിയീക്കുന്നതു വാക്കു മൂലം പറെയുന്നതിനെക്കാൾ ചിലപ്പോൾ അധികം വിശ്വസിക്കത്തക്കതാകുന്നു. ഇസ്ഹാക്കു തന്റെ ഭാൎയ്യയായ റെബെക്കായെ സഹോദരി എന്നു അബിമെലേക്കു രാജാവിനോടു പറഞ്ഞിരുന്നു എന്നു വരികിലും സഹോദരിയോടുള്ള ക്രമം വിട്ടു ഭാൎയ്യയോടുള്ള മുറയിൽ അവളുമായിട്ടു ഉല്ലാസം ചെയ്യുന്നതു രാജാവു കണ്ടാറേ ഉടനെ അവനെ വിളിച്ചു നീ എന്തുകൊണ്ടു എന്നോടു വ്യാജം പറഞ്ഞു ഇതാ അവൾ നിന്റെ ഭാൎയ്യയാകുന്നുവെല്ലൊ എന്നു പറഞ്ഞു അവനെ ശാസിച്ചു. ആകയാൽ ഒരുത്തൻ കൊച്ചീക്കു പോകുന്നതിന്നു ആലപ്പുഴ വെച്ചു മറൊരുത്തനോടു വഴി ചോദിച്ചാൽ അവൻ വടക്കോട്ടു മൂണ്ടിക്കാണിക്കുന്നതിനു പകരം തെക്കോട്ടു വിരൽ ചൂണ്ടുന്നു എങ്കിൽ അവൻ കുരളക്കാരൻ ആകുന്നു. ചില മോഷണ കപ്പല്ലാർ മറു കപ്പലുകളെ അരികെ വരുത്തി അവയിലുള്ള മുതല്വ കായ്ക്കുന്നതിനായിട്ടു തങ്ങൾ സാക്ഷാൽ അപകടത്തിൽ അല്ലാത്തപ്പോൾ അപകടത്തിൽ ആയിരിക്കുന്ന പ്രകാരമുള്ള അടയാളക്കൊടികളെത്തുക്കുമ്പോൾ അവർ വ്യാജക്കാരാകുന്നു. അങ്ങനെ തന്നെ സ്ത്രീ പുരുഷന്മാർ തങ്ങളുടെ പ്രത്യേക വേഷം മറെച്ചു വേറുവിട്ടു ചിലരുടെ വേഷം എടുത്തു നടക്കുന്നതു സത്യവാദഭംഗമെന്നു തന്നേ എണ്ണുവാനുള്ളതാകുന്നു. എന്നാൽ ഒരുത്തൻ മറു വിശേഷാൽ ഒരാളിന്റെ വേഷമെടുക്കാതെ തനതു വേഷം മാറുക

മാത്രം ചെയ്യുന്നതു വ്യാജമാകെണമെന്നില്ല. എന്തെന്നാൽ ആ ക്രിയയാൽ അവൻ സത്യത്തെ മുഴുവനും വെളിപ്പെടുത്തുന്നില്ല എന്നല്ലാതെ വ്യാജം വിശ്വസിക്കുന്നതിനു ഒരുത്തക്കും ഇടകൊടുക്കുന്നില്ല. ദാവീദ രാജാവു ഗാഥിൽ വെച്ചു ഒരിക്കൽ ചെയ്തതു പോലെ സുബോധമുള്ളവർ ഭ്രാന്തു നടിച്ചു നടക്കുന്നതും ക്രിയകൊണ്ടു വ്യാജം പറകെയാകുന്നു. അങ്ങനെ തന്നേ ഒരു പുരുഷൻ ഒരു സ്ത്രീയുമായിട്ടു ഭാര്യയോടു എന്നപോലെ സംസ്ഥം ചെയ്തതിന്റെ ശേഷം അവളെ രക്ഷിക്കാതിരിക്കുന്നതും ഒരു ധനവാൻ ഒരു കുഞ്ഞിനെ എടുത്തു മകനെപ്പോലെ വളത്തീട്ടു പിന്നീടു മുതലിൽ ഒരു വീതം കൊടുക്കാതെ ഉപേക്ഷിച്ചു കളയുന്നതും വാങ്മത്തലംഘനത്തിൽ ഉൾപ്പെട്ടന്ന പാപങ്ങളാകുന്നു.

മാവതു സത്യവാദത്താലുള്ള ഗുണങ്ങൾ എന്തെന്നു.

വ്യാജം പറെക ഒരു നാട്ടുകാരുടെ ഇടയിൽ സാധാരണമായി നടപ്പായിരിക്കയാൽ അതു പാപം എന്നുള്ള ബോധം തന്നെയും മന്ദിച്ചിരിക്കുന്നു. എന്നാൽ ക്രിയകളുടെ പാപ പുണ്യങ്ങളെ അവയാലുള്ള ഫലങ്ങളെക്കൊണ്ടു നിശ്ചയിക്കയാകുന്നു എങ്കിൽ കുരള പറെച്ചൽ മറ്റുള്ള പാപങ്ങളെക്കാൾ കുറഞ്ഞതല്ലെന്നു കാണുന്നതിനു സംഗതി വരും.

1. മനുഷ്യനു സത്യം സംസാരിക്ക ജാത്യവും കുരള പറെക ജാത്യ വിരോധവുമാകുന്നു. ശിശുക്കൾ സംസാരി

പ്പാൻ തുടങ്ങുമ്പോൾ ഒന്നു മനസ്സിൽ വെച്ചുംകൊണ്ടു മറെറാന്നു പറെയുന്നില്ല. അവർ തങ്ങളുടെ ഉള്ളിൽ തോന്നുന്ന പ്രകാരം പരമാത്ഥമായി സംസാരിക്കുന്നു പിന്നെ അവർ അസത്യം പെരുമാറുന്നതു കുറെ പ്രായം ചെന്നു കൌശലത്തിൽ ശീലിച്ചതിൻെറ ശേഷമേയുള്ളു. കള്ളം പറെയുന്നതിൽ നന്നാ അഭ്യാസം ചെന്നവർ തന്നെയും അതിനെ സംസാരിക്കുന്നതു സ്വഭാവമായിട്ടല്ല, വിചാരിച്ചും പ്രയാസപ്പെട്ടുമത്രേ. വലിയ അസത്യവാദികൾ ക്രൂടെയും ഒരു കുരള പറെയുന്നതിനു മുറു നേരു പറെഞ്ഞു പോകുന്നു. മദ്യപാനം പരസ്ത്രീസംഗം മുതലായ ദുഷ്കൃതങ്ങളിൽ മനുഷ്യൎക്കു ജാത്യാൽ രസമുള്ളതു പോലെ അസത്യത്തിൽ മധുരമില്ലായ്കയാൽ ചില കാര്യസാദ്ധ്യം ക്രൂടാതെ ആ ദോഷത്തിങ്കലേക്കു ആൎക്കും മനസ്സു പ്രവേശിക്കത്തില്ല. ഉടനം ക്രൂടാതെ കള്ളം പറെഞ്ഞു ചേൎക്കുന്നതും എളുപ്പമല്ല. ഒരു കള്ള സാക്ഷ്യം നേരെന്നു ബോധിപ്പാൻ തക്കവണ്ണം ചേൎച്ച ഒപ്പിച്ചു പറെയുന്നതു മഹാസമൎത്ഥന്മാരാൽ തന്നെയും പ്രയാസമാകുന്നു. കാരണകാര്യങ്ങളിൽ എങ്കിലും സാഹചൎയ്യങ്ങളിൽ എങ്കിലും വ്യാജത്തിനു ചില അസംബന്ധങ്ങൾ വന്നു പോകും. അതുകയാൽ കോട്ട വ്യവഹാരങ്ങളിലും മറും ചിലർ കള്ളസാക്ഷ്യം ബോധിപ്പിക്കുന്നതിനെപ്പററി വിസ്താരക്കാർ മുറെക്കു ചോദ്യം ചെയ്താൽ നേരും കള്ളവും തെളിച്ചെടുക്കുന്നതിനു എളുപ്പമാകുന്നു. പിന്നെയും ഒരുത്തനു താൻ അറിഞ്ഞിരിക്കുന്ന പരമാത്ഥം മറെക്കണം എന്നു എത്ര മേൽ താല്പൎയ്യമുണ്ടായിരുന്നാലും സാഹസം ആശ്ചൎയ്യം ഭയം കോപം ദുഃഖം എന്നിങ്ങനെയുള്ള മനോവികാരയവസ്ഥയിൽ അവൻ ഭാഷണം ചെയ്യുമ്പോൾ സത്യം ഓൎമ്മ ക്രൂടാതെ

സ്വയമായി വെളിയിൽ പുറപ്പെട്ട പോകുന്നു. ഒരു കൊല്ലൻ തന്റെ പണിക്കത്തിയെ അപായപ്പെടുത്തുക മൂലം വിസ്താരത്തിൽ ഉൾപ്പെട്ടാറെ കുലപാതകം ഏല്പിക്കാതിരിക്കുന്ന മുറെക്കു അവൻ അനേകം പാറാപ്പുള്ളികളോട്ട ക്രൂടെ കിടക്കുന്ന വിലങ്ങിടത്തിങ്കൽ ജഡ്ജി ഒരു ദിവസി പെട്ടെന്നു ചെന്നു കൊല്ലത്തിയെ കൊന്ന കൊല്ലൻ എവിടെ എന്നു ധൃതിയോടെ ചോദിച്ചതിനു തമ്പുരാനെ അടിയൻ ഇവിടുണ്ടേ എന്നു വിചാരം ക്രൂടാതെ ഉത്തരം പറെഞ്ഞു പോയ പ്രകാരം ഒരു കേൾവിയുണ്ടല്ലോ. അതകയാൽ വ്യാജവാദം സ്വഭാവവിരോധമാകകൊണ്ടു ആയതു ദൈവ വിരോധവുമാകുന്നു. സൃഷ്ടി കർത്താവു ഓരോ ജാതുങ്ങളെ മനുഷ്യക്കു കൊടുത്തിരിക്കുന്നതു അവരുടെ ഗുണത്തിനായിട്ടാകയാൽ അവയെ അനുസരിച്ചു നടക്ക അവരുടെ മുറയാകുന്നു. മാതാപിതാക്കൾക്കു മക്കളോടുള്ള സ്നേഹം, പശിദാഹത്തിങ്കൽ ഭക്ഷണ പാനീയത്തിന്മേലുള്ള രസം, ആപത്തിങ്കൽ അതിൽനിന്നു മാറുവാൻതക്ക വണ്ണം ഭയം, ഉപദ്രവത്തിങ്കൽ അതിനെ തടുപ്പാൻ തക്കവണ്ണം ദ്വേഷ്യം, അനുഭവത്തിങ്കൽ സഹായിപ്പാൻ വേണ്ടിയുള്ള ഇരക്കം, ശിശുക്കൾക്കു അദ്ധ്വാനത്തിന്മേലും വ്യാധിമാക്കു സ്വസ്ഥതയിന്മേലുള്ള പക്ഷം, ഇവയൊക്കയും മനുഷ്യക്കു സ്വഭാവീകവും തങ്ങൾക്കും മറവുള്ളവർക്കും ഉപകാരവുമാകുന്നു. അപ്രകാരം തന്നെ നമുക്കു പ്രകൃതിയാൽ സത്യത്തിന്മേൽ സ്നേഹവും വ്യാജത്തിങ്കൽ വെറുപ്പുമാകയാൽ ആ ജാത്യത്തെ അനുസരിച്ചു നടക്ക നാം ചെയ്യേണ്ടുന്ന മുറയാകുന്നു. ആയതിനു വിരോധമായിട്ടു നാം സത്യത്തെ വെടികയും കള്ളത്തിൽ ഉൾപ്പെട്ടകയും

ചെയ്യുമ്പോൾ നമ്മുടെ സ്രഷ്ടാവിന്റെ നിയോഗത്തിനു നാം മറുതലക്കാരായി ചമെയുന്നു.

2. മനുഷ്യർക്കു സത്യം സംസാരിക്കു ജാതുമായിരിക്കുന്നതു പോലെ മറുള്ളവരുടെ വാക്കിനെ വിശ്വസിക്കുന്നതും ജാത്യമാകുന്നു. ഒരു ശിശുവിനോടു നാം എന്തെങ്കിലും പറഞ്ഞാൽ നാം അതിനെ വഞ്ചിക്കും എന്നു സംശയിക്കാതെ ഒപ്പുകൊള്ളുന്നു. നാം പറയുന്ന കാര്യം എത്ര വലിയ കബന്ധമായാലും അസംഭവ്യം എന്നു വെച്ചു കുഞ്ഞുങ്ങൾ തള്ളുന്നില്ല. മനുഷ്യർ കാര്യസാദ്ധ്യത്തിന്നായിട്ടും മറും തമ്മിൽത്തമ്മിൽ കള്ളം പറഞ്ഞു വഞ്ചിക്കും എന്നു അവർ പരിജ്ഞാനം കൊണ്ടു ഗ്രഹിച്ചതിന്റെ ശേഷമേ അവരുടെ ഉള്ളിൽ സംശയം ഉത്ഭവിക്കുന്നുള്ളു. ഇങ്ങനെ മനുഷ്യർ തങ്ങൾക്കു പ്രായം ചെല്ലുന്തോറും ശൈശവത്തിലെ ശുദ്ധാത്മത വിട്ടു വാദ്ധ്യത്തിൽ ശങ്കാവിഷക്കാരായിത്തീരുന്നു. എന്നാൽ കുരള പറച്ചൽ ഇല്ലാതെ സത്യവാദമേ നടപ്പുള്ളൂന്നു വരികിൽ നമുക്കു പ്രയസ്സുകൂടി പരിജ്ഞാനം വരുന്തോറും ശങ്കാവിഷമല്ല ശുദ്ധാത്മതയെ വർദ്ധിക്കു. എന്നാൽ തമ്മിൽത്തമ്മിൽ വാക്കു വിശ്വാസമില്ലെന്നു വന്നാൽ മനുഷ്യരിൽ അറിവു വർദ്ധിക്കുന്നതിനും അവരുടെ കാര്യാദികൾ നടക്കുന്നതിനും വളരെ തടങ്ങൽ ഉണ്ടാകും. നാം അറിയുന്ന പൊരുളുകളിൽ പഞ്ചേന്ദ്രിയങ്ങളാലും ലക്ഷണയുക്തികളെക്കൊണ്ടും കാരണകാര്യവഴിയായും നാം തന്നെ ഗ്രഹിക്കുന്ന സംഗതികൾ മുക്കവും മറുള്ളവരുടെ വാക്കു മൂലം കേട്ടു പഠിക്കുന്ന കാര്യങ്ങൾ അധികവുമായിരിക്കുന്നു. എന്തെന്നാൽ സ്വഭാവേന ഇന്ദ്രിയ വിഷയങ്ങളും സിദ്ധാന്തകങ്ങളും ആയിരിക്കുന്ന പൊരുളുകളിൽ മിക്കതും നാം തന്നെ പ്രാപ്തി

കുറവുകൊണ്ടെങ്കിലും സമയക്കേടുകൊണ്ടെങ്കിലും ശോധന ചെയ്യുനോക്കാതെ മറുള്ളവരുടെ വാക്കു പ്രമാണിച്ചു സത്യം എന്നു ബോധിച്ചുവരുന്നു. ഭ്രമിക്കു ചന്ദ്രനെക്കാൾ നാല്പത്തൊൻപതു ഇരട്ടി വലിപ്പമുണ്ടെന്നു പ്രമാണങ്ങളെക്കൊണ്ടു നിശ്ചയിക്കാകുന്നതും തുരിശു ചെമ്പിന്റെ കറയാകുന്നു എന്നു ശോധന ചെയ്യു എട്ടുക്കാകുന്നതും മിസ്രദേശത്തു പുരമേടു എന്നു പേരായ ഉന്നത ഗോപുരങ്ങൾ ഉണ്ടെന്നു പോയിക്കാണാകുന്നതുമാകുന്നു എന്നു വരികിലും അവെക്കു വേണ്ടുന്ന വിദ്യയും സമയവും പ്രാപ്തിയുമുള്ളവർ ചുരുക്കമാകയാൽ മിക്കജനങ്ങൾക്കും അവശ്യതങ്ങൾ മാത്രമാകുന്നു. ഇംഗ്ലീഷുകാക്കും ഫ്രെഞ്ചുകാക്കും ക്രൂടെ അല്പം മുൻപേ ചീനത്തുകാരുമായിട്ടു ഒരു യുദ്ധമുണ്ടായി എന്നും ലഞ്ജിതുസിംഗ [രണശിങ്കു]രാജാവു ഇരുപതു സംവത്സരം മുൻപേ പഞ്ചാബു രാജ്യത്തു വാണ ചൊല്ലേറിയ അധിപതിയായിരുന്നു എന്നും നമ്മിൽ കണ്ടറിഞ്ഞവർ എത്ര പേർ കാണും? എങ്കിലും ആ സംഗതികൾ എല്ലാവരും ഉറപ്പോടെ വിശ്വസിക്കുന്നതു മറുള്ളവരുടെ സാക്ഷ്യം പ്രമാണിച്ചുകുന്നു. എന്നാൽ ചേരമാൻ പെരുമാൾ എന്ന രാജാവു ഒരു മലയാളമാകുന്ന കേരളം അടെച്ചു ഏറിയ കാലം മുൻപേ വാണു എന്നും തുലുക്കമാഗ്ഗത്തിന്നാധാരമാകുന്ന പുറുക്കൻ വേദം ചമെച്ചതു അറബിദേശത്തു ജനിച്ച മഹമ്മദായിരുന്നു എന്നും മറുമുള്ള ചരിത്രവൃത്താന്തങ്ങൾ അശേഷവും ഇപ്പോൾ ശോധന ചെയ്തു നോക്കുവാൻ പാങ്ങില്ലായ്കയാൽ അവയെ നേരു ബോധിക്കുന്നതിനു മറുള്ളവരുടെ വാക്കു മൂലമല്ലാതെ യാതൊരു പ്രമാണവുമില്ല. വാക്കു വിശ്വാസം ഇതു സാരവും അവശ്യവുമാകയാൽ അതിനു ഉറപ്പു കേട്ടു വരുത്തുന്നതൊ

ക്കെയും മഹാ ദോഷകരമാകുന്നു. എന്നാൽ കുരള പറ
ച്ചലിന്റെ പ്രത്യേക ഫലം സംശയ ശീലം വരുത്തുന്നതാ
കയാൽ ആയതു സാധാരണമായി നടപ്പാക എന്നു വന്നാൽ
മനുഷ്യർ തമ്മിലുള്ള വിശ്വാസം ക്ഷയിച്ചിട്ടു സകല കാര്യ
ങ്ങൾക്കും വീഴ്ച ഉണ്ടാകും. വെളിച്ചെണ്ണെക്കു പ്രിയമാകുന്നു
എന്നു ലൊന്തൊൻ പട്ടണത്തിൽ നിന്നു ഒരു സ്നേഹിതൻ
എഴുതിക്കൊട്ടുത്തയച്ചതു കിട്ടിയാൽ ഉടനെ ഇങ്ങത്തെ
സ്നേഹിതൻ തന്റെ മുതൽ അശേഷവും മുടക്കി ക്രൂടിയ
വിലെക്കു ചരക്കു പിടിപ്പാൻ നോക്കുന്നു. എന്നാൽ വ്യാജം
പറെക സാധാരണമായിത്തീന്നാൽ ഇപ്രകാരം വിശ്വ
സിച്ചു യാതൊരുത്തനും പ്രവൃത്തിക്കയില്ല. തമ്മിൽത്ത
മ്മിൽ ചതിക്കും എന്നുള്ള സംശയംമൂലം എല്ലാവരുടെയും
കാര്യത്തിനു വീഴ്ച വരും.

3. വ്യാജം പറെച്ചൽ മറു അനേകം പാപങ്ങൾ
ക്കു സംകേതമാകുന്നു. ഒരം ഒരു പാപത്തിനു അമർച്ചയു
ണ്ടായാൽ ശേഷം ദുഷ്കൃതങ്ങൾക്കു വളരെക്കുറവുവരും. മനു
ഷ്യർക്കു നല്ലവർ എന്നു കേൾക്കുന്നതിനല്ലാതെ ദോഷി
ക്കും എന്നു പ്രസിദ്ധമാകുന്നതിനു ജാത്യാൽ വിരോധമാ
കയാൽ വല്ലവനും ദുഷ്കൃതം പ്രവൃത്തിക്കുമ്പോൾ അവന്റെ
വിചാരം ആയതു പ്രസിദ്ധമാകയില്ലെന്നു എങ്കിലും അല്ലാ
തെ വെളിപ്പെട്ടു പോയാൽ കള്ളം കൊണ്ടു മൂടിക്കൊള്ളാം
എന്നെങ്കിലും ആകുന്നു. എന്നാൽ വ്യാജം പറെഞ്ഞുക്രൂടാ
എന്നൊരു വ്രതം മനുഷ്യർ പിടിച്ചിരുന്നാൽ അതു സകല
പാപങ്ങൾക്കും ഒരു തടവായി ഭവിക്കും. എന്തെന്നാൽ
പാപത്തെ വ്യാജംകൊണ്ടു മറെച്ചുക്രൂടാ എന്നു വരുമ്പോൾ
പ്രസിദ്ധമായാലുള്ള അവമാനത്തെ ഭയന്നു അതിൽനിന്നു
ഒഴിഞ്ഞിരിക്കുന്നതിനു അവക്കു ഇടയുണ്ടു. എന്നാൽ

അവമാനത്തിന്മേലുള്ള ഭയം പാപമാർഗ്ഗത്തിന്റെ ആരംഭത്തിങ്കലേയുള്ളൂ. അതിൽക്കൂടെ പരിചയിച്ചാൽപ്പിന്നെ അഴിമതിയായി നടക്കുന്നതിന്നു മനുഷ്യർക്കു ലജ്ജയില്ലാതാകുന്നു. എങ്കിലും പരോപദ്രവമായ ദുഷ്കൃതങ്ങൾക്കു എല്ലാം രാജശിക്ഷയുള്ളതാകയാൽ അവമാനത്തെ ഗണ്യമില്ലാത്തവർക്കും ശിക്ഷയെപ്പേടിച്ചു അങ്ങിനെയുള്ളവയിൽ നിന്നു മാറിയിരിപ്പാൻ ഇടയുണ്ടു. എന്തെന്നാൽ മോഷണം വ്യാജച്ചരക്കു കച്ചവടം കള്ളയൊപ്പിട്ടുകൊടുക്കൽ കള്ളനാണയമടിക്കൽ ഇങ്ങനെയുള്ള പാതകങ്ങളിൽ മനുഷ്യർ ഏല്പെട്ടുന്നതു അവ വെളിയിൽ അറികത്തില്ലെന്നോ അവയെക്കുറിച്ചു കൊച്ചു വ്യവഹാരമുണ്ടായാൽ കള്ളസാക്ഷ്യങ്ങളെക്കൊണ്ടു മൂടിക്കൊള്ളാം എന്നോ ഉള്ള ദോഷതാവിചാരത്തോടുകൂടെ അകുന്നു. വല്ലവനും താൻ മോഷ്ടിക്കുന്നതു തെളിഞ്ഞു പോകും എന്നു നിശ്ചയമുണ്ടായിരുന്നാൽ അവൻ ഒരുനാളും കൊടുക്കയില്ല. എന്തെന്നാൽ മോഷണം തെളിഞ്ഞാലുള്ള ശിക്ഷ മോഷ്ടിച്ച മുതലോളം മാത്രമുള്ള പ്രായശ്ചിത്തമല്ല അതിൽ അധികമായിട്ടുള്ള ദ്രവ്യനഷ്ടമെങ്കിലും കഠിനമായിട്ടും അവമാനമായിട്ടുമുള്ള ദേഹദണ്ഡനം എങ്കിലും ആയിരിക്കും. എന്നാൽ വ്യാജവാദം തീരെ വഹിയാ എന്നു വന്നാൽ ഇപ്രകാരമുള്ള ദുഷ്കൃതങ്ങളെ മൂടുന്നതിന്നു സഹായി ഇല്ലാതെ തീരുന്നതാകയാൽ അവ അത്ര അതിക്രമിക്കയില്ലായിരുന്നു.

4. കുരള മറവുള്ള പാപങ്ങൾക്കു മനസ്സിനെ രമ്യപ്പെടുത്തുന്നതാകുന്നു. എല്ലാപ്പാപവും ഒരു മുറയിൽ നോക്കുമ്പോൾ സത്യഭംഗമാകുന്നു. മോഷണം ചതിവു കള്ളയൊപ്പിട്ടുകൊടുക്കൽ കള്ളനാണയമടിക്കൽ ഇങ്ങനെയുള്ള ചില വലിയ പാതകങ്ങൾക്കു കുരളയുടെ തെളിവായ ലക്ഷണ

ങ്ങൾ ഉള്ളതാകയാൽ അവ സത്യഭംഗത്തിൽ ഉൾപ്പെട്ടും എന്നും വാക്കിൽ വ്യാജം പറഞ്ഞു ശീലിക്കുന്നവർ അപ്പകാരമുള്ള അഴിമതികൾക്കു ധൈര്യപ്പെട്ടും എന്നും സ്പഷ്ടമാകുന്നു. എന്നാൽ പിടിച്ചുപറി വിഗ്രഹാരാധന വ്യഭിചാരം കുലപാതകം മുതലായ പാപങ്ങൾ സത്യഭംഗങ്ങൾ തന്നേ ആകുന്നു എന്നു അതു തെളിഞ്ഞു കാണുകയില്ല എങ്കിലും സൂക്ഷിച്ചു നോക്കുമ്പോൾ അവെക്കും അ സ്വഭാവമുണ്ടെന്നു കാണ്മാറാകും. വാക്കുകൾക്കു എന്നവണ്ണം ക്രിയകൾക്കു ഓരോ അർത്ഥമുള്ളതാകയാൽ ഒരുത്തൻ ഏതെങ്കിലും ഒരു പ്രവൃത്തി ചെയ്യുമ്പോൾ അതിൽ ചില പൊരുളുകളും ഉൾപ്പെട്ടും. ഒരാൾ മറ്റൊരുത്തന്റെ പറമ്പിൽ കയറി അവന്റെ അനുവാദം ക്രൂടാതെ അതിലേ ഉഭയം എടുത്തു തന്റെ സ്വന്ത വകെക്കായിട്ടു കൊണ്ടു പോകുമ്പോൾ ആ പറമ്പു തനിക്കുള്ളതാകുന്നു എന്നു ആ ക്രിയയാൽ അവൻ അറിയിക്കുന്നു. അതു സാക്ഷാൽ അവനുള്ളതല്ല എങ്കിൽ അവൻ വ്യാജം പറയുന്നു. അവൻ ഉടയക്കാരനെ ഒളിച്ചു ഉഭയം എടുത്തു എങ്കിൽ അവൻ കള്ളനും ബലമായിട്ടാകുന്നു എടുത്തതു എങ്കിൽ അക്രമിയുമാകുന്നു. സാക്ഷാൽ ഒരംശവനു മാത്രം യോഗ്യമായിരിക്കുന്ന ആരാധന ഒരുവൻ ഉപദേവതകൾക്കു ചെയ്യുമ്പോൾ അവൻ ആ വേലയാൽ സാക്ഷാൽ ദൈവം പലതുണ്ടെന്നു ഉച്ചരിക്കുന്നു. സത്യദൈവം ഒരുവനെയുള്ളു എങ്കിൽ അവൻ വ്യാജം വിശ്വസിക്കുന്നു. കല്ലും മരവുംകൊണ്ടുള്ള വിഗ്രഹങ്ങളുടെ മുൻപാകെ ഒരു പൂജാരി വല്ലതും അപ്പണം ചെയ്യുമ്പോൾ അവയിൽ ദേവന്മാർ വസിക്കുന്നു, എന്നു അവൻ അറിയിക്കുന്നു. എന്നാൽ വിഗ്രഹങ്ങൾ പ്രാണപ്രതിഷ്ഠയുടെ ശേഷവും നിർജ്ജീവങ്ങൾ ആകുന്നു

എങ്കിൽ അവൻ ദോഷ്ടകാരൻ ആകുന്നു. മരിച്ചവക്കായിട്ടു കൂടുബാന ചൊല്ലിക്കയും പിതൃക്കൾക്കു വേണ്ടി ചാത്തവും ബലിയും കഴിക്കയും ചെയ്യുന്നതിൽ ജീവികളുടെ സല്ക്കർമ്മങ്ങളാലേ മരിച്ചവരുടെ ആത്മാക്കൾക്കു പ്രയോജനം വരും എന്നും പിതൃക്കൾ ഭൂമിയിൽ വന്നു അവക്കായിക്കഴിക്കപ്പെട്ടുന്ന ബലി പൂജകളെ ഭക്ഷിക്കും എന്നും പൊരുൾ വരുന്നു. എന്നാൽ എല്ലാവനും അവനവൻ ചെയ്ത പ്രവൃത്തികൾക്കു തക്കവണ്ണമേ പ്രതിഫലം പ്രാപിക്കു എന്നും ശരീരം വിട്ട ആത്മാക്കൾക്കു ഭക്ഷണപാനീയങ്ങളെക്കൊണ്ടു ആവശ്യമില്ല എന്നും ഉള്ളതു യഥാർത്ഥമായിരുന്നാൽ മേല്പറഞ്ഞ കർമ്മങ്ങളാൽ മനുഷ്യർ വ്യാജം ഒപ്പുകൊള്ളുന്നു. റോമ്മചരിത്രത്തിൽ പറയുന്ന പ്രകാരം ബാലി സായ്മ്സു എന്ന സേനാപതികളുങ്കം തീന്ന സപാമിഭക്തനും അതിമാനുഷപ്രാപ്തനും ആ താഴ്ച്ചകാലത്തിൽ റോമ്മാരാജ്യത്തിന്നു മഹിമ വരുത്തിയവനും ആയിരുന്നാറെ യുസ്തീന്യൻ മഹാരാജാവു വാഴ്ക്കുകാലത്തു അവനെ സ്ഥാനഭ്രഷ്ടൻ ആക്കിയതിനാൽ അവൻ കൊള്ളരുതാത്തവനോ അവിശ്വാസിയോ ആയിരുന്നു എന്നുള്ള കള്ളം നടത്തി. അമ്പലപ്പുഴ രാജാവു തന്റെ വിശ്വസ്ഥമന്ത്രിയും തന്റെ രാജ്യത്തിന്നു പരിചയമായിരുന്ന മേനവനെ കൊല്ലിച്ചപ്പോൾ മേനവൻ ദ്രോഹിയായിരുന്നു എന്നുള്ള അസത്യം അറിയിച്ചു എന്നാൽ രാജാവു രാമയ്യന്റെ ചതിവിൽ അകപ്പെട്ടു ചെയ്തുപോയതാകയാൽ പരമാർത്ഥഭംഗത്തിൽ ഉൾപ്പെട്ടില്ലെങ്കിലും യഥാർത്ഥവിരോധം ചെയ്തുപോയി. ആകയാൽ പാപം ഒക്കെയും വാക്കിൽ എങ്കിലും ക്രിയയിൽ എങ്കിലുമുള്ള വ്യാജമാകുന്നു. ഇതു നമ്മുടെ ഒരു പുതിയ മതമല്ല പണ്ടേ സമ്മതമായിരിക്കുന്ന ഒരു

കായ്മാകുന്നു. ഒരു മനുഷ്യനെ സത്യവാൻ എന്നു നാം പറയണം എങ്കിൽ അവൻ വാക്കിൽ മാത്രം നേരുകാരനായിരുന്നാൽ പോരാ പ്രവൃത്തിയിൽ ഒക്കെയും നീതിമാൻ ആയിരിക്കേണം. അപ്രകാരം തന്നേ സത്യദോഷി എന്നുള്ള നാമം കുരളക്കാക്കു മാത്രമുള്ളതല്ല ഉമ്മാഗ്ലികൾക്കു അടെച്ചു കൊള്ളുന്നതാകുന്നു. സവ്വ സുകൃതവും പരിപൂണ്ണമായി നടന്ന കൃതായുഗത്തിന്നു സത്യയുഗം എന്നും ശാസ്ത്രത്തിൽ പേരുണ്ടെല്ലോ. ക്രിസ്ത്യാനി വേദത്തിലും സത്യം എന്നതിന്നു നീതി എന്നും വ്യാജം എന്നതിന്നു ഉമ്മാഗ്ലം എന്നും പൊരുൾ വരിക സാധാരണമാകുന്നു. സത്യത്തെ നീതികേടിൽ അടക്കുക എന്നും ദൈവത്തിന്റെ സത്യത്തെ വ്യാജത്തിന്നു മാററി എന്നും സത്യത്തെ അനുസരിക്കാതെ അന്യായത്തെ അനുസരിക്കുന്നവർ എന്നും ഇങ്ങിനെയുള്ള വാക്യങ്ങളിൽ സത്യം എന്നതിന്നു സന്മാഗ്ലം എന്നും വ്യാജം എന്നതിന്നു ഉമ്മാഗ്ലം എന്നും ആകുന്നു അത്ഥം. ഇപ്രകാരം സകലനീതിയും സത്യത്തിൽ ഉൾപ്പെട്ടുന്നതും സകല അധമ്മവും വ്യാജസ്വഭാവമുള്ളതുമാകയാൽ വാക്കിൽ സത്യത്തെപ്പാലിക്കുന്നവൻ സവ്വത്തിലും സത്യവാനായിരിപ്പാൻ താല്പൎയ്യപ്പെടുകയും വാക്കിൽ വ്യാജം പറവാൻ കഴിഞ്ഞവൻ പ്രവൃത്തിയിൽ ഒക്കെയും സത്യദോഷത്തിന്നു ധൈയ്യപ്പെടുകയും ചെയ്യും.

5. കുരള പറയുന്നതു ഒരു നികൃഷ്ട പാപമാകുന്നു. അതിൽ അധികമായിട്ടു ഏല്പട്ടു കാണുന്നതു ബലഹീനകളായ സ്ത്രീകളും സ്വാതന്ത്ര്യമില്ലാത്ത ദാസന്മാരുമാകുന്നു. എന്നാൽ വീരന്മാക്കും മാനികൾക്കും അതു ഉചിതമല്ല. അതു പരമാത്ഥത്തെക്കു വിരോധമായിരിക്കുന്നു എന്നു തന്നെയല്ല ധൈയ്യശീലത്തിന്നും മാനാവസ്ഥെക്കും കൂടെ

പോരാത്തതാകുന്നു. സകല പാപപ്പും പരിശുദ്ധാത്മാവിനെ ഒരുപോലെ വെറുപ്പുള്ളതാകുന്നു എന്നു വരികിലും മനുഷ്യരിൽ എല്ലാ വിധക്കാരും എല്ലാത്തര പാപങ്ങളിലും ഉൾപ്പെട്ടുന്നില്ല. ദോഷത്തിങ്കലേക്കുള്ള വശീകരങ്ങൾ എല്ലാവരെയും ഒരു വഴിയെ അല്ല വലിക്കുന്നതു. ഒരു തരക്കാക്കു മദ്യപാനം അതിഭക്ഷണം വേശ്യാസംഗം മുതലായ നീച പാപങ്ങളിലാകുന്നു രസം. മറെറാരു വകക്കാക്കു വഴക്കു പിടിച്ചുപറി അക്രമം മുതലായ അഹമ്മതി ദോഷങ്ങളിലാകുന്നു മധുരം. എന്നാൽ കൂരള എന്നതു ഭീരുക്കളുടെ കോട്ടയും അടിമകളുടെ പരിചയും പെണ്ണുങ്ങളുടെ സങ്കേതവും ഏഷണിക്കാരുടെ വാളുമാകുന്നു. സ്വാതന്ത്ര്യക്കാരായി നടന്നു വേട്ടയാടി ഉപജീവിക്കുന്ന കാട്ടാളന്മാരിൽ കള്ളം പറയുന്നവർ ചുരുക്കമാകുന്നു. അപ്രകാരം തന്നേ ശാസ്ത്രങ്ങളും സൂത്രങ്ങളും വിസ്താരമായിപ്പരന്നിരിക്കുന്ന യൂറോപ്പുരാജ്യങ്ങളിലെ കുടിയാനവന്മാരുടെ ഇടയിലും ഒരു ദോഷം വർദ്ധിച്ചിട്ടില്ല. എന്തെന്നാൽ അവർ അധികാരത്തിൻ കീഴിരിക്കുന്നു എന്നുവരികിലും അവരുടെ ഇടയിൽ നീതിയും മര്യാദയും നടപ്പുള്ളതാകകൊണ്ടു ഒരുത്തനു മറെറാരുത്തനെ ഒത്തവണ്ണം ഉപദ്രവിച്ചുകൂടാ. എന്നു തന്നെയുമല്ല രാജ്യകാര്യങ്ങളിൽ രാജാവിന്നും പ്രഭുക്കൾക്കും മാത്രമല്ല പ്രജകൾക്കും കൂടെ ഏല്പാടും അധികാരവുമുണ്ടു. എന്നാൽ കുടികൾ അടിമപ്പെട്ടിരിക്കുന്ന ദേശങ്ങളിൽ ഒക്കെയും വ്യാജവും വഞ്ചനയും അധികം നടക്കുന്നു. യൂദന്മാർ പണ്ടു അവക്കു രാജിതം ഉണ്ടായിരുന്ന കാലത്തു ധീരന്മാരും പരമാർത്ഥികളും ആയിരുന്നു എന്നു വരികിലും അവരുടെ അധികാരം ക്ഷയിച്ചു അവർ

പല നാട്ടുകളിലും ചിന്നപ്പെട്ട പീഡിതന്മാരായിത്തീർന്നതിന്റെ ശേഷം ഇപ്പോൾ അവർ ഭീരുത്വത്തിനും നേരുകേടിനും ഒരു പഴഞ്ചൊല്ലായിത്തീർന്നിരിക്കുന്നു. പണ്ടത്തെ യവനരോമദേശങ്ങളിൽ സ്വതന്ത്രർ എന്നും അടിമകൾ എന്നും രണ്ടു വക കുടികൾ ഉണ്ടായിരുന്നതിൽ സ്വതന്ത്രർ സാമാന്യേന വീരന്മാരും പരമാർത്ഥികളും അടിമകൾ സാധാരണമായിട്ടു ഭീരുക്കളും കപടക്കാരുമായിരുന്നു. വടക്കേ അമരിക്കയിൽ ഇപ്പോൾ അടിമനിമിത്തം കലഹപ്പെട്ടിരിക്കുന്ന ഐകൃനാടുകളിൽ അടിമകൾ വ്യാജക്കാരാകുന്നു എന്നു സർവ്വസമ്മതം. അവരിൽ നേരസ്ഥന്മാർ ഉണ്ടെന്നു കേൾക്കുന്നതു ഒരു അപൂർവ്വകാര്യം ആകുന്നു. കോടതികളിൽ അവരുടെ സാക്ഷിമൊഴി തെളിവിന്നു വേർവിട്ടു പാങ്ങില്ലാതിരുന്നാലും അംഗീകരിക്കപ്പെടുന്നില്ല. ഹിന്ദുരാജ്യങ്ങളിൽ വ്യാജം പറച്ചൽ ഇത്ര കവിഞ്ഞുപോയതു അവ പൂരാധീനകാലമേ നിഷ്കണ്ടകന്മാരായ അധിപതിമാർക്കു കീഴ്പെട്ട ബഹുജനങ്ങൾക്കു രാജ്യഭാരത്തിൽ പങ്കും കാര്യവും ഇല്ലാതിരുന്നതിനാൽ ആകുന്നു. എന്നാൽ മുഷ്കരന്മാർ നേരുമാർഗ്ഗക്കാരും ദാസന്മാർ അസത്യക്കാരുമായി വരുന്നതിന്റെ കാരണം എന്തെന്നു ചോദിച്ചാൽ മനുഷ്യർക്കു കാര്യസാദ്ധ്യത്തിന്നു ശക്തിയും ഉപായവും എന്നു രണ്ടു വഴിയുള്ളതിൽ ശക്തിഹീനനെ ഉപായമെടുക്കുന്നുള്ളൂ. ശത്രുവിനെ നേരെ ചെന്നു തള്ളിയിട്ടുവാൻ കഴിയാത്തവനേ മറഞ്ഞു ചെന്നു വീഴിക്കും. ശക്തിമാൻ താൻ ഇച്ഛിക്കുന്നതൊക്കെയും ബലത്താൽ സാധിച്ചുകൊള്ളാം എന്നുള്ള ധൈര്യം മൂലം ഉപായത്തെ ധിക്കരിക്കുന്നു. അവന്റെ ജാത്യാലുള്ള ധൈര്യം ശത്രുപക്ഷത്തിൽ

നിന്നു വരുന്ന ഉപദ്രവത്തെത്തടുത്തു ജയിക്കുന്നതിന്നു അവനെ ഉത്സാഹിപ്പിക്കുന്നതാകയാൽ അവന്റെ സ്വഭാവത്തിന്നു വിരോധമായിരിക്കുന്ന ചതിവും വഞ്ചനയും അവൻ ത്യജിക്കുന്നു. മൃഗരാജാവായ സിംഹവീരൻ വിക്രമത്വം കൊണ്ടു സകലവും സാധിക്കുന്നു. ബലഹീനനും ഭീരുവുമായ കുറുക്കൻ കള്ളവും ചതിവും കൊണ്ടല്ലാതെ ഒന്നും വരുത്തുന്നില്ല.

6. കുരള പറെച്ചൽ ബുദ്ധിസാമർത്ഥ്യത്തെക്കു ഒരു തടങ്ങലാകുന്നു. മനുഷ്യരിൽ ആക്കും തങ്ങളം കുറക്കാർ എന്നു ഏല്ക്കുന്നതിന്നു മനസ്സില്ല. ആകയാൽ യാതൊരുത്തന്റെ മേലും വല്ലതും ഒരു കുറവു ചുമത്തപ്പെട്ടുമ്പോൾ വ്യാജം പറെഞ്ഞു ആയതിനെ മൂടുവാൻ എങ്കിലും ന്യായങ്ങളെക്കൊണ്ടു തന്നെത്താൻ നീതീകരിപ്പാൻ എങ്കിലും അവൻ നോക്കും. എന്നാൽ കുരള പറെഞ്ഞു കുറവിനെ മറെക്കുന്നതിന്നു എളുപ്പവും എല്ലാവരാലും കഴിയുന്നതുമാകുന്നു. വ്യവഹാരം പറെഞ്ഞു അതിനെക്കുറവല്ലെന്നു ആക്കുന്നതിന്നു വളരെ ബുദ്ധിയും നിപുണതയും വേണ്ടിയിരിക്കുന്നതുമാകുന്നു. അസത്യം പറെയുന്നതിൽ ദോഷമില്ലെന്നിരുന്നാൽ ആ എളുപ്പമായ വഴിയേ തന്നെത്താൻ നീതീകരിക്കുന്നതിന്നു ശ്രമിക്കുന്നതല്ലാതെ ന്യായങ്ങളെയും കാരണകാര്യങ്ങളെയും കണ്ടുപിടിക്കുന്നതിൽ ബുദ്ധിക്കു വിസ്താരവും തിരക്കവും വരുത്തുന്ന പ്രയാസവഴിയേ തന്നെത്താൻ രക്ഷിപ്പാൻ യാതൊരുത്തനും നോക്കുകയില്ല. വല്ല വരുടെയും മുതൽ കട്ടു കഴിച്ചാൽ ദോഷവും അബദ്ധവുമില്ലെന്നിരുന്നാൽ അദ്ധ്വാനപ്പെട്ടു വേലചെയ്തു ഉപജീവിക്കുന്നതിന്നു ആരും മനസ്സുവെക്കുത്തില്ല. പലിശഭാഹം മുതലായ മുട്ടുകൾ ബാധിക്കുകിൽ അല്ലാതെ ജാത്യാൽ മടിയ

ന്മാർ ദേഹപ്രയത്നത്തിന്നു പുറപ്പെട്ടുന്നില്ല. അപ്രകാരം തന്നേ ചില ആവശ്യങ്ങളും കാര്യസാദ്ധ്യങ്ങളും തങ്ങളെ ഉരുത്തിയല്ലാതെ മാന്ദ്യശീലക്കാർ മനസ്സുകൊണ്ടുള്ള അദ്ധ്വാനങ്ങളിൽ ഏല്പട്ടുന്നില്ല. എന്നാൽ തങ്ങളുടെ പേരിൽ ചുമത്തപ്പെട്ടുന്ന കുറ്റങ്ങളെ ഏല്ക്കാതിരിക്കുന്നതിന്നുള്ള താല്പര്യം എല്ലാ മനുഷ്യർക്കും ഉള്ളതാകയാൽ അവയെക്കള്ളംകൊണ്ടു മറെച്ചുക്രൂടാ എന്നു വന്നാൽ തങ്ങളെ നീതീകരിപ്പാനായിട്ടു കാരണങ്ങളെയും ന്യായങ്ങളെയും കണ്ടുപിടിക്കുന്നതിന്നു മനസ്സുകൊണ്ടു തിരക്കം ചെയ്യുന്നതാകകൊണ്ടു മനുഷ്യരിൽ ബുദ്ധിക്രമ്മതയും അഗാധകാഴ്ചയും വർദ്ധിക്കുന്നതാകുന്നു. അല്ലാതെയും തങ്ങളുടെ മനസ്സിലേ നിനെവുകളെ കേൾപ്പിക്കാൎക്കു സമ്മതം വരുവാൻ തക്കവണ്ണം ഫലിപ്പിച്ചു പറെയുന്നതിന്നു തക്ക വാക്കുകളെ അവർ തേടുന്നതാകയാൽ വാഗ്മായ്ത്വവും പറെച്ചലിൽ സാമർത്ഥ്യവും അവരിൽ ഏറുന്നതിന്നും ഇടയുണ്ടു. എന്നാൽ മനുഷ്യർ തങ്ങൾ കുറ്റം എന്നു സമ്മതിക്കുന്ന കാര്യത്തെ നേരേ ഏറ്റു കൊള്ളുന്നതിന്നു പകരം അതിനെ നീതീകരിപ്പാൻ ഭാവിക്കുന്നതു ശരിയോ എന്നു ചോദിച്ചാൽ ശരികേട്ട എന്നല്ലാതെ ന്യായം എന്നു ഒരു തരത്തിലും പറെഞ്ഞുക്രൂടാ. പാപം എന്നു തങ്ങളുടെ ഉള്ളിൽ ബോധമുള്ള കാര്യത്തെ പൂശിപ്പറെയുന്നതും പരമാർത്ഥത്തെക്കു വിരോധമാകുന്നു. എന്നാൽ ചിലരുടെ പേരിൽ ചിലർ കുറ്റമായി ചുമത്തുന്നതു എല്ലാം തന്നേ സാക്ഷാൽ കുറ്റങ്ങൾ അല്ല. അവ കുറ്റങ്ങൾ അല്ലെന്നു സാധിക്കുന്നതിന്നു വ്യവഹാരം പറെവാൻ പ്രയാസം എന്നു കണ്ടിട്ടു എളുപ്പ വഴിയായ കള്ളം കൊണ്ടു നില്പാൻ പലരും നോക്കുന്നുണ്ടു. ആകയാൽ കള്ളം പറെയുന്നതിൽ ഏല്പട്ടുന്നവർ

സാക്ഷാൽ അല്പബുദ്ധിക്കാരായി ഇരിക്കുന്നതല്ലാതെ സാര ജ്ഞന്മാരായി വരുന്നതു നാം ഏറക്കാണുന്നില്ല. ഒരു നാട്ടിൽ വിദ്യക്കുറവു നിമിത്തം അഗാധജ്ഞാനമുള്ളവർ ചുരുക്കമാകയാലും വ്യാജം പറെക നടപ്പും ആയതിനെപ്പറെഞ്ഞു ചേക്കുന്നതിന്നു അല്പ മിടുക്കു ആവശ്യവുമാകയാലും മിടുക്കന്മാരായിട്ടുള്ളവരെ നേരുദോഷികൾ എന്നും നേരസ്ഥന്മാരായിരിക്കുന്നവരെ ദോഷന്മാരെന്നും മനുഷ്യർ സാധാരണമായിട്ടു വിചാരിക്കുന്നു. അതു കള്ളയുപായം എന്നുള്ള കൊച്ചുമിടുക്കല്ലാതെ സാരബുദ്ധിയുള്ളവരും വ്യാജം പറെഞ്ഞു ചേപ്പാൻ വൈഭവമില്ലാത്തവർ അല്ലാതെ നേരിനെ വ്രതമായിപ്പിടിക്കുന്നവരും ചുരുക്കമാക നിമിത്തമാകുന്നു. ഈകയാൽ വ്യാജത്തിന്നും നേരുകേടിന്നും ഒരു നിറുത്തൽ വന്നല്ലാതെ ബുദ്ധിവിസ്താരവും സാമർത്ഥ്യവും മനുഷ്യരുടെ ഇടയിൽ വർദ്ധിക്കുന്നതിനിടയില്ല.

7. ക്രൂരള പറെക ആളാംപ്രതിയും സമൂഹക്കാർക്കും പൊതുവിൽ മഹാ ഉപദ്രവമായിരിക്കുന്നു. പല കായ്ങ്ങളും വിശ്വസിക്കുന്നതിന്നു മറവുള്ളവരുടെ വാക്കല്ലാതെ നമുക്കു യാതൊരാധാരവുമില്ല. വ്യാജം പറെക നടപ്പാക എന്നു വന്നാൽ വാക്കുമൂലം പ്രമാണമല്ലെന്നു വരികയോ വ്യാജക്കാരുടെ വാക്കിനാൽ വഞ്ചിക്കപ്പെട്ടുകയോ ചെയ്യുന്നതിനിടയാകും. കള്ളം പറെച്ചലിനാലുള്ള ഒരു വിശേഷദോഷം രാജ്യത്തു നീതി നടത്തുന്നതിനുള്ള പ്രയാസം തന്നെ ആകുന്നു. നീതി നടത്തുന്നതിനായിട്ടു നിയമിക്കപ്പെട്ടിരിക്കുന്ന സക്കാരാളുകൾ മിക്കവാറും പക്ഷഭേദക്കാരും കൈക്കുലിക്കാരും ആകയാൽ നേരും ന്യായവും സാധാരണമായി നടപ്പില്ലാതെ തീന്നിരിക്കുന്നു എന്നു ചിലർ സഭാ കുറവും സങ്കടവും പറെയുന്നു. എന്നാൽ മനുഷ്യക്കു

മറ്റുള്ളവരുടെ മുഖത്തെക്കാണുന്നതിനല്ലാതെ തങ്ങളുടെ സ്വന്ത മുഖത്തെക്കാണുന്നതിനു ദൃഷ്ടി എത്താത്തതു പോലെ ഓരോരുത്തൻ തന്റെ തന്റെ അയല്ക്കാരന്റെ വീഴ്ച യെക്കുറിച്ചു പ്രസ്ഥാപിക്കുന്നതിനു ഒരുങ്ങിയിരിക്കുന്നു എങ്കിലും തന്റെ തന്റെ സ്വന്ത കുറവുകണ്ടു ബോധി ക്കുന്നതിനു ആക്കം ഉൾക്കാഴ്ച ചെല്ലുന്നില്ല. കുടിയാന്മാ രുടെ ഇടയിൽ കള്ള ആവലാധിക്കാരും കള്ള സാക്ഷി ക്കാരും ഇല്ലാതിരുന്നാൽ ഉദ്യോഗസ്ഥന്മാർക്കു അന്യായത്തീ പ്പുകൾ ഉണ്ടാക്കുന്നതിനു പാങ്ങില്ല. ഒരുത്തന്റെ ആവ ലാധി നേരായിട്ടുള്ളതും ആയതിനു തെളിഞ്ഞ സാക്ഷി കൾ സത്യമായിട്ടുള്ളതും ആയിരുന്നാൽ ആ കാര്യത്തിൽ മറിച്ചു തീർപ്പു വരിക ദുർല്ലഭമാകുന്നു. നേരിനും ന്യായ ത്തിനും മാത്രമല്ല തെളിവിനും കൂടെ വിരോധമായിട്ടു ചില തീർപ്പുകൾ കീഴുദ്യോഗസ്ഥന്മാർ ചിലപ്പോൾ ചെയ്തു കളയുന്നു. എന്നാൽ ആയവയ്ക്കു ആവലാധിയുണ്ടായി മേലാവിൽ വെച്ചു കേൾക്കുന്നതിനു സംഗതി വന്നാൽ അവ എളുപ്പത്തിൽ അഴിഞ്ഞു പോകും. എന്നാൽ കോയ്മ നിയമിക്കപ്പെട്ടിരിക്കുന്നതു കുടിയാന്മാരുടെ പേരിൽ നിന്നും അന്യായവും അക്രമവും മാറുന്നതല്ലായ്കയാൽ അ ങ്ങനെയുള്ള കാര്യങ്ങൾക്കു അമർച്ച വരുത്തുവാൻ ആയി രിക്കുമ്പോൾ നീതി നടത്തുവാനുള്ള മനുഷ്യർ തന്നെ അവ ന്യായത്തിനു അനുകൂലക്കാരായി തീരുന്നതു മഹാ വിഷമം തന്നെ. ഒരുത്തൻ നേരായുള്ള വ്യവഹാരവും കൊണ്ടു കോർട്ടിലോ കച്ചേരിയിലോ ചെല്ലുകയും കൈക്കൂലി ഒക്കാതിരിക്കയും ചെയ്താൽ അവന്റെ ആവലാധി എട്ടു ക്കാതെ ബുദ്ധിമുട്ടിച്ചു കൈക്കൂലി കൊടുപ്പാൻ സമ്മത പ്പെടുന്നതുവരെയും അവനെ ഓരോ തക്കം ശഠതപറഞ്ഞു

താമസിപ്പിക്കയുണ്ടു. സാക്ഷിക്കാർ സത്യം എഴുതുന്നതി
ന്നു നിശ്ചയിച്ചുകൊണ്ടു ചെന്നാൽ ഓരോ തടങ്ങൽ ഉണ്ടാ
ക്കി അവരെ താമസിപ്പിച്ചതിന്റെ ശേഷവും അവർ
ഉറെച്ചു നിന്നാൽ അവരോടു ചില ദുശ്ശോഭ്യങ്ങളെ ചോ
ദിച്ചു മൊഴി ഭേദ്യമാക്കുവാൻ നോക്കും. ആയതു ഒത്തില്ലെ
ങ്കിൽ അവർ പറയാത്ത മൊഴിയെ അവർക്കു വായിപ്പാൻ
വഹിയാത്ത തമിഴക്ഷരത്തിൽ എഴുതിക്കൊണ്ടു ഒന്നി
നൊന്നു വായിച്ചു കേൾപ്പിച്ചു എഴുത്തിടുവിക്കയും ക്രൂടെ
ചിലപ്പോൾ ചെയ്തുവരുന്നുണ്ടു. ഇങ്ങിനെ നേരു തെളിച്ചെ
ടുത്തു ന്യായം നടത്തുവാനുള്ള ആളകൾ പല ക്രിത്രിമ
ങ്ങളും ചെയ്തുവരുന്നുണ്ടു സത്യം. ആയതു എത്രയും വിലാ
പിക്കത്തക്ക ഒരു കായ്മ തന്നേ എന്നു വരികിലും വ്യാജ
ത്തെക്കുറിച്ചു ബഹുജനങ്ങളുടെ ഇടയിൽ തക്കതായിട്ടുള്ള
വെറുപ്പുണ്ടായിരുന്നാൽ ഇപ്രകാരമുള്ള അമാന്തങ്ങൾ
അത്ര സാധാരണമായി നടക്കയില്ലായിരുന്നു. നേരിനെയും
ന്യായത്തെയും മറിക്കുന്ന വകെക്കു ഉദ്യോഗസ്ഥന്മാർ കൈ
ക്കൂലി വാങ്ങിക്കുന്നതു ജനങ്ങളുടെ ഇടയിൽ എളുപ്പത്തിൽ
പ്പരന്നു പരബോധമായിത്തീരും എന്നുവരികിലും മതി
യായ സാക്ഷികളെക്കൊണ്ടു മേലാവിൽത്തെളിച്ചു കൊടു
ത്തു ശിക്ഷ കൊടുപ്പിപ്പാൻ പ്രയാസമാകുന്നു. യജമാന
ന്മാക്കു കൈക്കൂലി സമ്മാനങ്ങൾ കൊടുക്കുന്നതു മാനവും
മുറയും എന്നു ഇപ്പോൾ മനുഷ്യർ വിചാരിക്കുന്നതിൻ
വണ്ണം ചെയ്യാതെ കൈക്കൂലിക്കാരെ വലിയ പാപികൾ
എന്നു എണ്ണുകയും അവരെ ഉത്തമജനങ്ങളുടെ സമൂഹ
ത്തിൽ ചേർക്കാതിരിക്കയും ചെയ്താൽ അപമാനം ഭയന്നു
കൈക്കൂലിക്കു ഒതുക്കം വന്നിട്ടു നേരും ന്യായവും നടക്കുന്ന
തിന്നു സംഗതി വരും. ഏറിയ ജനങ്ങൾക്കു ശിക്ഷയെ

ക്കാം ഭയം അവമാനത്തിങ്കൽ ആകുന്നു. മദ്യപാനത്തിന്നു രാജചോദ്യമില്ലാതെയും വ്യാജപ്പുകയിലവ്യവഹാരത്തിന്നു കഠിന ദണ്ഡനമുണ്ടായും ഇരുന്നിട്ടും കള്ളക്കച്ചവടത്തെക്കാരം കള്ളങ്കുടിക്കു ഒതുക്കമുള്ളതു ആ തൊഴിൽ തെളിയാഞ്ഞാൽ മിടുക്കു എന്നും ഒരു ശീലം സാക്ഷാൽ ആഭാസവൃത്തി എന്നും ഉള്ള പരസമ്മതത്തിൽ നിന്നാകുന്നു.

8. അസത്യവാദം പരദോഷകരമായിരിക്കുന്നു എന്നു മാത്രമല്ല സ്വയഗുണഹരവും ക്രൂടെ ആകുന്നു. നനെക്കുന്നവൻ താൻ തന്നേ നനെക്കപ്പെട്ടും എന്നും ക്രൂരൻ തന്റെ സ്വന്ത ജഡത്തെ ഉപദ്രവിക്കുന്നു എന്നും ഉള്ള സുഭാഷിതവാക്യങ്ങളിൻ പ്രകാരം സുകൃത ദുഷ്കൃതങ്ങളുടെ തല്ക്കാല ഫലങ്ങൾ മറ്റുള്ളവരിൽ ചെന്നുകൊള്ളുന്നു എങ്കിലും അവ ക്ഷേമത്തോടു തിരിച്ചു ചെന്നു തീർച്ചെക്കുമ്മികളിൽ തന്നേ ചെന്നു പറ്റുന്നു. പ്രപഞ്ച കർത്താവു സന്മാർഗ്ഗസ്നേഹിയും ദുർമ്മാർഗ്ഗദ്വേഷിയും ആകുന്നു എന്നു കാണിക്കുന്നതിന്നു ഇതു അവന്റെ ഒരു സാധാരണ നിയോഗമാകുന്നു. എന്നാൽ വ്യാജം പറച്ചിലിനെക്കുറിച്ചു ഒരു നിയോഗം വിശേഷാൽ ഒക്കുന്നു. ഒരുത്തൻ കുരളക്കാരൻ എന്നു പ്രസിദ്ധമായാൽ അവൻ പറയുന്നതൊന്നും പിന്നെ മനുഷ്യർക്കു വിശ്വാസമാകയില്ല. അവൻ നേരു തന്നേ എടുത്തു പെരുമാറുമ്പോഴും മറ്റുള്ളവർക്കു സംശയമായിരിക്കും. ആകയാൽ കുരള ചില കാര്യസാദ്ധ്യങ്ങൾക്കു തല്ക്കാലം ഉപകരിക്കും എന്നുവരികിലും ആയതു അവസാനത്തിങ്കൽ കുരളക്കാരനു തന്നേ അബദ്ധമായിത്തീരുന്നു. എന്നാൽ ഇപ്പോഴത്തെ ആവശ്യത്തെ പ്രതി നീളെ നിന്നു ഫലിക്കുന്ന ദോഷം ചെയ്യുന്നവനെ ബുദ്ധിമാനെന്നു ആരും വിചാരിക്കയില്ല.നാളെ നുറുരൂപായിക്കുവില്ലാകുന്ന വസ്തു

വിനെ ഇന്നു പത്തുരൂപായക്കു കൊടുത്തുകളയുന്നതു ദോഷ
തപമല്ലയോ. ഒരു കിണ്ണൻ പായസത്തിന്നായിട്ടു തന്റെ
ജന്മാവകാശത്തെ വിറ്റുകളഞ്ഞ ഏശാവിനെ നിന്ദ്യൻ
എന്നല്ലയോ വേദവാക്യം പൊല്ലുന്നതു. കുരളകൊണ്ടുള്ള
പ്രയോജനം ഇന്നതേ ഉള്ളു എന്നു നമുക്കു അറിയാം. അതു
ഒരുവേള മൃഷ്ടാന്നഭോജനം തന്നുംവെച്ചു ജീവപര്യന്തം കഴി
പ്പാനുള്ള വകയെ അപഹരിക്കുന്നതാകുന്നു. എന്തെന്നാൽ
സത്യവാൻ എന്നുള്ള പരസമ്മതം ഒരു മനുഷ്യനു പൊ
യ്പോയാൽ അവന്റെ അവസ്ഥ എത്രയും ദുർഘടമാകുന്നു.
മറ്റുള്ളവരുടെ സഹായം വേണ്ടാതെ തനിക്കു താൻ പോ
രുന്നവനായിട്ടു ഭൂമണ്ഡലത്തിൽ ഒരുത്തനുമില്ല. എന്നാൽ
ശേഷംപേരിൽനിന്നു ഒരുത്തനു ഉപകാരം വേണം എ
ങ്കിൽ അവൻ പറയുന്നതു സത്യം എന്നു അവൎക്കു ബോ
ധമാകേണം. കുരളക്കാരന്റെ വാക്കു ഒരുത്തരും വിശ്വ
സിക്കുന്നതല്ലായ്കയാൽ മറ്റുള്ളവരെക്കൊണ്ടു സാധിപ്പാ
നുള്ള കാര്യങ്ങൾക്കു ഒക്കെയും അവനു മുട്ടുണ്ടാകും. ഒരു
ത്തനെ സത്യവാദി എന്നു സമ്മതമുണ്ടായിരുന്നാലോ അ
വനു എന്തെങ്കിലും ആവശ്യം വന്നിട്ടു അതിനെ ശേഷം
പേരോടു അറിയിച്ചാൽ ആയതു അവൎക്കു വിശ്വാസം
വരുന്നതാകകൊണ്ടു മനസ്സും പാങ്ങുമുള്ളവർ മടിയാതെ
സഹായത്തിന്നു വന്നു ചേരുകയും ചെയ്യും. അവനു കൊടു
ത്താൽ തിരികെ കിട്ടുമെന്നു ഉറപ്പുള്ളതാകയാൽ മുതലാ
ളിമാർ അവനു സന്തോഷത്തോടെ വായിപ്പ കൊടുക്കും.
നേരുദോഷികളായിട്ടോ എല്ലാവരും കൊള്ളക്കൊടയിൽ
ഏല്പെടുന്നതിന്നു മടിക്കും. വലിയ ധനവാന്മാൎക്കുതന്നെയും
കടം വാങ്ങിക്കുന്നതിനു ചിലപ്പോൾ ആവശ്യം വരുന്ന
താകയാൽ കടം കിട്ടാത്തവർ വേണ്ടുന്ന കൈത്രവും ചെയ്യു

സൂക്ഷിക്കുന്നില്ല എങ്കിൽ അവരുടെ കാര്യാദികൾക്കു വീഴ്ചയുണ്ടാകും. നേരും സത്യവുമുള്ളവക്കു കടം കൊട്ടത്താൽ ആവശ്യം പോലെ തിരികെ കിട്ടും എന്നു മനുഷ്യക്കു ഉറെപ്പുള്ളതാകയാൽ അവക്കു മറവുള്ളവരുടെ ദ്രവ്യം തങ്ങളുടെ സ്വന്തംപോലെ ഉപകരിക്കുന്നു. പത്തും നൂറും ആയിരവും ശ്രുപായിക്കു ഹുണ്ടികകൾ നാണയം പോലെ നടക്കുന്നതു വാക്കു വിശ്വാസം മൂലമാകുന്നു. ചാൺ നീളം വീതിയിൽ കാശിന്നു വിലപിടിക്കാത്ത ചില കടലാസുകൾ പത്തും പതിനായിരവും ശ്രുപായിക്കു ശരി ഒത്തതായി സംശയം ക്രൂടാതെ നടക്കുന്നതു ആശ്ചര്യമല്ലയോ. എന്നാൽ നേരും സത്യവുമുള്ളവരുടെ ക്രൂട്ടത്തിൽ അങ്ങനെ സമൃദ്ധിയായി നടക്കുന്നു. ഒരു മുഖാന്തരത്താൽ ഇംഗ്ലീഷുസക്കാരിലേക്കും ചില ഇംഗ്ലീഷു ക്രയവിക്രയ സമൂഹക്കാക്കും അനവധി ശ്രുപാ പലിശയിൽ മിച്ചം വരുന്നുണ്ടു. അവരുടെ ഹുണ്ടികകൾക്കു എപ്പോൾ എങ്കിലും എവിടെ എങ്കിലും നാണയം മാറിക്കിട്ടും എന്നുള്ള നിശ്ചയം മുഖാന്തരം ദൂരദിക്കിൽ ശ്രുപാ കൊടുത്തയപ്പാനോ കൊണ്ടുപോകുവാനോ ആവശ്യമുള്ളവർ ഓരോ വകെക്കുള്ള ഏനവും ക്ഷേമവും നിമിത്തം പണം കൊടുത്തു ഹുണ്ടിക വാങ്ങിക്കുന്നു. ഇങ്ങനെ ലക്ഷോലക്ഷം ശ്രുപായിക്കു ഹുണ്ടികകൾക്കു ചിലപ്പോൾ ഒരു സമൂഹക്കാക്കു തന്നെ പിരിവു വരുന്നു. ഹുണ്ടികകൾ ഏതു സമയത്തു എങ്കിലും കൊണ്ടുവന്നാൽ നാണയം തിരികെ ചെലുത്തേണ്ടുന്നതാകുന്നു എന്നുവരികിലും എല്ലാംക്രൂടെ ഒരുമിച്ചു വന്നു ചേരുന്നില്ലായ്കയാലും വരുന്നതിൽ പലതും തിരികെ സഞ്ചാരത്തിന്നു പോകുന്നതാകയാലും ഹുണ്ടികകൾക്കുള്ള മുതല്പിടിപ്പിൽ ഒരാശം സാധാരണമായിട്ടു പത്തിന്നു രണ്ടു വീതം ദ്രവ്യം

രൊക്കമുണ്ടായിരുന്നാൽ കായ്ത്തിന്നു വേണ്ടുവോളം മതി യായിരിക്കും എന്നു പരിചയംകൊണ്ടു അറിഞ്ഞിരിക്കുന്നു. ഇങ്ങനെ ഒരു ലക്ഷം രൂപായിക്കു ഹുണ്ടികകൾ മുറ്റി നടക്കുന്നതിനു ഇരുപതിനായിരം രൂപാ കൈവശത്തിൽ ഇരുന്നാൽ തിരിച്ചു വരുന്ന ഹുണ്ടികകൾക്കു ഒക്കെയും നാണയം ചെലുത്താകുന്നതാകകൊണ്ടു ശേഷം എണ്ണൂതി നായിരവും തൊഴിലിൽ ഏല്പെട്ടതി ലാഭം ഉണ്ടാക്കുക എങ്കിലും ആവശ്യക്കാക്കു കൊടുത്തു പലിശ വരുത്തുക എങ്കിലും ചെയ്യാകുന്നതാകുന്നു. ഇതു നേരസ്ഥൻ എന്നുള്ള സമ്മതത്തിന്റെ ഫലമാകുന്നു. അതു വളരെ രൂപാ കൈയിൽ ഇരിക്കുന്നതിനെക്കാൾ പ്രയോജനമുള്ളതാകു ന്നു എന്നു നാം കാണുന്നു. ഒരുത്തൻ നേരുകെട്ടവൻ എന്നു പ്രസിദ്ധമായിപ്പോയാലോ അവന്റെ കൈയിൽ രൊക്ക ദ്രവ്യമുണ്ടെങ്കിൽ മാത്രമേ അവന്റെ കായ്ങ്ങൾ വീഴ്ചക്കു ടാതെ നടന്നു പോകുന്നുള്ളു. എന്നതുകൊണ്ടു കേരള പരോ പട്ടവം എന്നതന്നെയല്ല ദോഷതപവും ക്രൂടെയാകുന്നു. ഇതു കാരണത്താലെല്ലോ ദോഷലക്ഷണം എന്നർത്ഥമാകുന്ന ദോഷം എന്ന പദത്തിനു സത്യവാദഭംഗം എന്നുള്ള പൊ രുളിൽ സാധാരണമായിട്ടു പ്രയോഗം വന്നിരിക്കുന്നതു.

9. വ്യാജം മനുഷ്യർക്കു ദോഷമായിരിക്കുന്നതിൻ വണ്ണം ദൈവത്തിനു വിരോധവുമാകുന്നു. സൃഷ്ടികർത്താവു തന്റെ പ്രജകളുടെ സൌഭാഗ്യത്തിൽ ഇഷ്ടപ്പെടുന്നവനാ കകൊണ്ടു മനുഷ്യർക്കു സാക്ഷാൽ ഉപദ്രവമുള്ളതു ഒക്കെ യും അവനു ജാത്യാൽ വിരോധമാകുന്നു. എന്നാൽ കേരള പരെച്ചിൽ ദൈവത്തിനു വിശേഷാൽ അഹിതം വരുന്ന ഒരു കായ്മാകുന്നു. അതു അവന്റെ കല്പനെക്കു ഒരു ലം ഘനം എന്നു മാത്രമല്ല അവനോടു നേരെ ഒരു മത്സരം

ക്കുടെയാകുന്നു. എന്തെന്നാൽ കുരുക്കാർ തങ്ങളുടെ സമ സൃഷ്ടികളായ മനുഷ്യരെ ശങ്കിക്കുന്നു. സർവ്വശക്തനായ ദൈവത്തെ ഭയപ്പെടുന്നില്ല താനും. തങ്ങളുടെ പേരിലുള്ള കുറ്റങ്ങൾ മറ്റുള്ളവർ അറിഞ്ഞാൽ പോരാ എന്നുവെച്ചു അവയെ മൂടുന്നതിന്നായിട്ടു അവർ അസത്യം പറയുന്നു. സത്യഭംഗം തങ്ങളെ സൃഷ്ടിച്ചു പരിപാലിച്ചു വരുന്ന ദൈവത്തിനു വിരോധമാകുന്നു എന്നുള്ളതിൽ അവർക്കു യാതൊരു ഗണ്യവുമില്ല. കുരുക്കാരൻ മനുഷ്യരോടു ഭീരുവും ദൈവത്തോടു ധീരനുമാകുന്നു. അവൻ ലോകാവമാനത്തിൽ നിന്നു ഒഴിഞ്ഞിരിപ്പാൻ താല്പര്യപ്പെടുന്നു. ദൈവകോപം വരാതിരിക്കുന്നതിനു ശ്രമിക്കുന്നില്ല. വ്യാജത്താലുള്ള തൽക്കാലസാദ്ധ്യങ്ങളെ അവൻ സാരമാക്കുന്നു. അതിനാൽ പിന്നീടു വരുന്ന നരകവേദനകളെക്കുറിച്ചു അവനു വിചാരമില്ല. കുരു പറയുന്നവർ എല്ലാം അവരുടെ കള്ളം തെളികയില്ല എന്നുള്ള വിചാരത്തോടു കൂടെയാകുന്നു അപ്രകാരം ചെയ്യുന്നതു. കുരു പറയുന്നതു ഉടനെ തെളിഞ്ഞു പോകും എന്നുണ്ടായിരുന്നാൽ ഒരുത്തനും ആ വേലയിൽ ഏർപ്പെടുകയില്ല. എന്തെന്നാൽ കുരു നേരെന്നു ബോധിച്ചില്ലെങ്കിൽ ആയതിനാലുള്ള സാദ്ധ്യം ഒക്കുന്നതല്ലായ്കകൊണ്ടു സത്യദോഷി എന്നുള്ള അപമാനം ഏല്ക്കുന്നതിനു മാത്രം ആരും അങ്ങനെ ചെയ്കയില്ല. എന്നാൽ യാതൊരു വ്യാജവും സർവ്വജ്ഞനും സർവ്വവ്യാപിയുമായി അന്തരിന്ദ്രിയങ്ങളെ ശോധന ചെയ്യുന്ന സർവ്വേശ്വരന്റെ കണ്ണുകൾക്കു മറഞ്ഞിരിക്കാവതല്ല. സങ്കീർത്തനക്കാരൻ പറയുന്നതു കേട്ടാലും "ഞാൻ നിന്റെ ആത്മാവിൽ നിന്നു എവിടേക്കു പോകും നിന്റെ സന്നിധിയിൽനിന്നു ഞാൻ എങ്ങോട്ടു ഓടും, ഞാൻ ആകാശത്തിലേക്കു

കരേറുന്നു എങ്കിൽ നീ അവിടെയുണ്ട്.ഞാൻ നരകത്തിൽ കിടക്കയെ ഉണ്ടാക്കുന്നു എങ്കിൽ കണ്ടാലും നീ അവിടെയുണ്ട്. ഞാൻ ഉഷസ്സിന്റെ ചിറകുകളെ എടുത്തു സമുദ്രത്തിന്റെ അറുതികളിൽ വസിക്കുന്നു എങ്കിൽ അവിടെയും നിന്റെ കൈ എന്നെ നടത്തും. നിന്റെ വലത്തു കൈ എന്നെ പിടിക്കയും ചെയ്യും ഇരുട്ടു എന്നെ മൂടും എന്നു ഞാൻ പറഞ്ഞാൽ രാത്രിതന്നെ എന്റെ ചുറവും പ്രകാശമാകും, അതുയുല്ല അന്ധകാരം നിന്നിൽനിന്നു മറെക്കുന്നില്ല. രാത്രി പകൽ എന്നപോലെ പ്രകാശിക്കുന്നു, ഇരിട്ടും വെളിച്ചവും നിനക്കു ഒരുപോലെയാകുന്നു." എന്നാൽ വ്യാജവാദം ദൈവവിരോധമാകുന്നു എന്നു ഞങ്ങളുടെ സ്വന്ത അഭിപ്രായമല്ല എല്ലാ മതക്കാരുടെയും വേദങ്ങളിൽ സമ്മതിച്ചിരിക്കുന്ന ഒരു കാര്യമാകുന്നു. കുരളക്കാരെ വ്യഭിചാരികളോടും ക്ഷുദ്രക്കാരോടും കുലപാതകരോടും ക്രൂടെ ക്രിസ്ത്യാനികളുടെ വേദപുസ്തകത്തിൽ ക്രൂട്ടിയിരിക്കുന്നതും ഇരുപാട്ടുകാർക്കും ഒരുപോലെ നരകം വിധിച്ചിരിക്കുന്നതും ആകയാൽ ആ മാസ്സ്പ്രകാരം കുരള എത്രയും വെറുക്കത്തക്കതും ഭയങ്കരവുമായ ഒരു പാപമാകുന്നു. ഹിന്ദു മാസ്സ്പ്രകാരവും അതു ഒരു വലിയ പാപമായിട്ടത്രെ വിചാരിക്കപ്പെട്ടിരിക്കുന്നതു. തിമൂത്തികളിൽ ഒരുത്തനായ ബ്രഹ്മാവു തന്നെയും ഒരിക്കൽ ഒരു ഭോഷ്കു പറെഞ്ഞാറെ ആയതു ശിക്ഷ ക്രൂടാതെ പോയില്ല എന്നു ഹിന്ദു പുരാണങ്ങളിൽ നാം വായിക്കുന്നു. എന്തെന്നാൽ ഞാൻ ഞാൻ വലിയവൻ എന്നുള്ള ഗർവ്വം നിമിത്തം ബ്രഹ്മാവും വിഷ്ണുവും തമ്മിൽ വാഗ്വാദം ഉണ്ടായി കഠോര യുദ്ധത്തിന്നു അനേകയാൽ പരമേശ്വരൻ അവരുടെ മദ്ധ്യേചെന്നു നിങ്ങൾ തമ്മിൽ കലഹിക്കാതെ നിങ്ങളിൽ

ഒരുത്തൻ എന്റെ ശിരസ്സിനെയും ഒരുത്തൻ എന്റെ പാദത്തെയും കണ്ടും വെച്ചു വരുവിൻ എന്നു പറഞ്ഞതിന്നു നാരായണൻ പ്രയാസപ്പെട്ടു നോക്കിയാറെ കഴിയാഞ്ഞിട്ടു പരമാത്മാവു വന്നറിയിച്ചു. ബ്രഹ്മാവൊ താൻ ഏറിയ കാലം നടന്നുനോക്കിയാറെ ശിരസ്സിങ്കൽ എത്തായ്കയാൽ കണ്ടു എന്നു ഒരു പുനസൃഷ്ടിയെ പറഞ്ഞുണ്ടാക്കി ആയതിന്നു ശിവന്റെ തലയിൽ നിന്നു ഇറങ്ങിവരുന്ന കൈതപ്പൂവിനെക്കൊണ്ടു സാക്ഷിയും പറയിച്ചു. അതു കാരണത്താലും അന്നു മുതല്ക്കും ബ്രഹ്മാവിന്നു ക്ഷേത്രവും ആരാധനയും അരുതെന്നും കൈതപ്പൂ യാതൊരു പൂജെക്കും കൊള്ളിച്ചുകൂടാ എന്നും ചട്ടമായി എന്നു പുരാണങ്ങളിൽ ഉണ്ടല്ലൊ. ഇപ്രകാരം അസത്യവാദത്തിന്നു സ്രഷ്ടാവിനോടു ക്ഷമയുണ്ടായില്ലെങ്കിൽ മനുഷ്യർക്കു ശിക്ഷകൂടാതെ ഇരിക്കും എന്നു എങ്ങിനെ വിചാരിക്കാം. പിന്നെ ധർമ്മപുത്രർ സകല പുണ്യത്തെയും പ്രത്യേകം സത്യവാദത്തെ വ്രതമായി പാലിച്ചവനായിരുന്നു എങ്കിലും ഭാരതയുദ്ധത്തിങ്കൽ വെച്ചു ദ്രോണ ഗുരുവിന്റെ അസ്ത്രപ്രയോഗത്താൽ പാണ്ഡവപക്ഷക്കാർക്കു തോലി വരുന്നു എന്നു ശ്രീകൃഷ്ണൻ കണ്ടിട്ടു അയാൾക്കു തന്റെ മകൻ അശ്വത്ഥാമാവു ചത്താൽ പിന്നെ ആയുധം എടുക്കയില്ലെന്നു ഒരു വീരവാദം ഉണ്ടായിരുന്നതിനാൽ അശ്വത്ഥാമാവു ചത്തുപോയി എന്നു ഒരു ഭോഷ്കു നടത്തിയാറെ ദ്രോണർക്കു വിശ്വാസമായില്ലെന്നും ധർമ്മപുത്രർ പറഞ്ഞാൽ മാത്രം നേരു ബോധിക്കും എന്നും കാണുകയാൽ മണ്ണുകൊണ്ടു ഒരാനയെ ഉണ്ടാക്കി അശ്വത്ഥാമാവു എന്നു പേർ ഇട്ടു തല്ലി ഉടെച്ചും കളഞ്ഞു അശ്വത്ഥാമഹാതാ—കുഞ്ജരാ എന്നു പറയിച്ചു. ധർമ്മപുത്രർ തന്റെ ആയുസ്സിൽ ംരം ഒരു സത്യ

വാങ്ങിയതിനെക്കുറിച്ചു ചോദ്യമുണ്ടായാറെ പരമാർത്ഥം മറച്ചു
വച്ചു ബഹുമാനത്തോടെ പാർക്കുന്നതിനും അവനെ അടിമയായി വിറ്റും കളഞ്ഞു
അവൻ ദുഷ്ടമൃഗങ്ങൾക്കു ഇരയായി എന്നു അവന്റെ സ
ഹോദരന്മാർ പറഞ്ഞതിനെ വിശ്വസിക്ക നിമിത്തം
തന്റെ മക്കളാൽ തന്നെ വഞ്ചിക്കപ്പെടുന്നതിനും ഇട
യായിപ്പോയി. പിന്നെയും ഏലീശാ ദീർഘദർശിയുടെ
ഭൃത്യനായ ഗഹാസി ദീർഘദർശി മൂലം കുഷ്ഠരോഗം സൌ
ഖ്യമായ നാമ്മാൻ എന്ന സുറിയാ രാജാവിൻ മന്ത്രിയോട്ട
ഉപായം പറഞ്ഞ ഏതാനും ദ്രവ്യം കൈക്കലാക്കുകയും
ആയതിനെക്കുറിച്ചു ചോദ്യമുണ്ടായാറെ പരമാർത്ഥം മറച്ചു
വച്ചു ബഹുമാനത്തോടെ പാർക്കുന്നതിനും അവനെ അടിമയായി വിറ്റും കളഞ്ഞു
അവൻ ദുഷ്ടമൃഗങ്ങൾക്കു ഇരയായി എന്നു അവന്റെ സ
ഹോദരന്മാർ പറഞ്ഞതിനെ വിശ്വസിക്ക നിമിത്തം
തന്റെ മക്കളാൽ തന്നെ വഞ്ചിക്കപ്പെടുന്നതിനും ഇട
യായിപ്പോയി. പിന്നെയും ഏലീശാ ദീർഘദർശിയുടെ
ഭൃത്യനായ ഗഹാസി ദീർഘദർശി മൂലം കുഷ്ഠരോഗം സൌ
ഖ്യമായ നാമ്മാൻ എന്ന സുറിയാ രാജാവിൻ മന്ത്രിയോട്ട
ഉപായം പറഞ്ഞ ഏതാനും ദ്രവ്യം കൈക്കലാക്കുകയും
ആയതിനെക്കുറിച്ചു ചോദ്യമുണ്ടായാറെ പരമാർത്ഥം മറച്ചു

പറെകയും ചെയ്ക നിമിത്തം ദീർഘദർശിയുടെ ശാപത്താൽ ഒരുനാളും പൊരുതിയില്ലാത്തതും വേദനയിലും ഉത്സ്ഥത്തിലും പകർച്ചയിലും മറെറാപ്പമില്ലാത്തതുമായ കഷ്ടവ്യാധി അവന്നു വന്നു പിടിക്രൂടുകയാൽ തൻെറ ശിഷ്ടായുസ്സിനെ അരിഷ്ടതയോടെ കഴിപ്പാൻ ഇട വരികയും ചെയ്തു. അങ്ങനെ തന്നെ ക്രിസ്ത്യാനിമാർഗ്ഗത്തിൻെറ ആരംഭത്തിങ്കൽ സഭയിൽ ചേൎന്നവരിൽ ഏറിയ ജനങ്ങളും എളിയവരും മുട്ടുകാരുമായിരുന്നതിനാൽ സമ്പത്തുകാരായിട്ടു ഏതാനും പേർ ഉണ്ടായിരുന്നവർ തങ്ങളുടെ വസ്തുവക മുഴുവനുമൊ അതിൽ ഏതാനുമൊ മനസ്സുപോലെ വിറ്റു വരുന്ന മുതൽ മുട്ടുകാർക്കു വീതിച്ചുകൊടുക്കുന്നതിനായിട്ടു പന്തിരുവരെ ഏല്പിക്ക പതിവുണ്ടായിരുന്നു. ആ നടപ്പിനെ അനുസരിച്ചു അനന്യാസു എന്നു ഒരുത്തൻ ഭാൎയ്യ സഫീരയുമായിട്ടു പറഞ്ഞു ബോധിച്ചു തങ്ങൾക്കു ഒരു ഉല്പത്തി ഉണ്ടായിരുന്നതിനെ വിറ്റു വിലയിൽ ഏതാനും വഴ്ത്തിച്ചു എടുത്തുംകൊണ്ടു ശേഷമുള്ളതു കൊണ്ടുവന്നു മുഴുവനും എന്നു പറെഞ്ഞു അപ്പോസ്തോലന്മാരുടെ പാദത്തിങ്കൽ കാഴ്ചയായി വെച്ചു. ആ വസ്തുവിൽക്കാതിരിക്കുന്നതിന്നും വിറ്റതിൻെറശേഷം വില മുഴുവനുമോ അതിൽ ഏതാനുമോ സ്വന്തമാക്കി കൊള്ളുന്നതിന്നും അവർക്കു അധികാരമുണ്ടായിരുന്നു എങ്കിലും വഞ്ചിപ്പാൻ ഭാവിക്കയും വ്യാജം പറെകയും ചെയ്തതു നിമിത്തം അവൎക്കു ഇരുവൎക്കും തൽക്ഷണത്തിലായും ഭയങ്കരമായുമുള്ള മരണം വന്നു പിടിക്രൂടി. സത്യവാദഭംഗത്തിന്നു വിരോധമായി ദൈവം ഇത്ര നിഷ്കൃഷ്ടയായ കല്പനകളെ കൊടുത്തും ഇത്ര നിഷ്ഠുരമായ ശിക്ഷകളെ നിയമിച്ചും ഇരിക്കുന്ന പ്രകാരം നാം കാണുമ്പോൾ വ്യാജവാക്കു കാറ്റു മാത്രമാകയാൽ

അതിങ്കൽ ദൈവം അതു കോപപ്പെടുകയില്ലെന്നു യാതൊരുത്തരും പറയാതിരിക്കട്ടെ. മനുഷ്യരെ മുഖസ്തുതി പറഞ്ഞു വഞ്ചിക്കയും നുണകൊണ്ടു കലഹിപ്പിക്കയും ദൂഷ്യം പറഞ്ഞു അപമാനപ്പെടുത്തുകയും കള്ളസാക്ഷി മൂലം കൈക്കൂലി വെച്ചു നശിപ്പിക്കയും കള്ളസാക്ഷി മൂലം കൈക്കൂലി കൊടുക്കയും ചെയ്യുന്നതു പാപം അല്ലെന്നു വന്നാൽ പാപമായി എണ്ണപ്പെടുവാൻ തക്കതു പിന്നെ ഒന്നും ഇല്ലായിരിക്കും.

ആക്ഷേപ സമാധാനങ്ങൾ

സത്യവാദഭംഗം പൊതുവിൽ പാപമാകുന്നു എന്നു എല്ലാവരും സമ്മതിക്കുന്നു എന്നു വരികിലും ഭേദം വകയിലുള്ള ചില ലംഘനങ്ങളിൽ കുറ്റമില്ലെന്നു ചിലർ വാദിക്കുന്നുണ്ടു. ചില വ്യാജങ്ങൾ ആർക്കും ദോഷമില്ലാതെയും പലർക്കും ഗുണമായിട്ടും ചിലതു സത്യത്തെ രക്ഷിക്കുന്നതിനു ആവശ്യമായിട്ടുമിരിക്കുന്നു എന്നു അവർ പറയുന്നു. ദൃഷ്ടാന്തപ്പെടുത്തേണം എങ്കിൽ ഒരുത്തൻ ഒരു വക്കാലത്തു നാമാവു എഴുതുന്നതിൽ തനിക്കു വാതത്തിന്റെയും വായുക്ഷോഭത്തിന്റെയും ദീനംകൊണ്ടു കോർട്ടുമുൻപാകെ ഹാജരാകുവാൻ ഇടയില്ലെന്നു വ്യാജമായി കാരണം പറയുന്നതു: ഒരുത്തന്റെ പുരയിൽ ദീപട്ടിക്കൊള്ളക്കാർ കയറി മോഷ്ടിക്കയിൽ ഉടയക്കാരൻ സംഗ്രഹിച്ചു വെച്ചിരിക്കുന്ന മുതലിനെക്കുറിച്ചു ചോദ്യമുണ്ടായാൽ പരമാർത്ഥം മറെച്ചു പറഞ്ഞു തന്റെ ദ്രവ്യത്തിൽ ഏതാനും രക്ഷിപ്പാൻ നോക്കുന്നതു: വഴിയിൽവെച്ചു ഒരുത്തനെ കള്ള

ന്മാർ പിടിക്രൂടി അവന്റെ പററിൽ ഒന്നും ഇല്ലെന്നു കണ്ടിട്ടു അവനോടു ദണ്ഡം ചെയ്വാൻ ഭാവിക്കുമ്പോൾ വീട്ടിൽ ചെന്നിട്ടു കുറേ ദ്രവ്യം കൊടുത്തയക്കാം എന്നു നിവൃത്തിപ്പാൻ നിശ്ചയിക്കാതെ വാശ്ചത്തം ചെയ്യുന്നതു; ഇങ്ങനെയുള്ള വ്യാജങ്ങളിൽ പാപമില്ലെന്നു അവരുടെ പക്ഷം, അങ്ങനെ തന്നേ മോഷണം പിടിച്ചുപറി കലഹപാതകം മുതലായ അതിക്രമങ്ങൾ ഉണ്ടായി കുററക്കാരെ പിടികിട്ടിയതിന്റെ ശേഷം തക്കതായിട്ടുള്ള സാക്ഷികൾ ഇല്ലാതിരുന്നാൽ ന്യായാധിപതിമാർ ചില ഭീഷണികൾ പറെഞ്ഞും നാട്യങ്ങൾ കാണിച്ചും നയവഞ്ചകങ്ങൾ പ്രവൃത്തിച്ചും കുറക്കാരെ കൊണ്ടു തന്നേ നേരു പറയിക്കുന്നതു ബഹുമാനിക്കത്തക്ക ഒരു സൂത്രമാകുന്നു എന്നു അവർ വിചാരിക്കുന്നു. ജ്ഞാനികളിലേക്കു ജ്ഞാനിയായിരുന്ന സലോമ്മോൻ രാജാവു ഒരുവേള ഇങ്ങനെ ഒരു വൈഭവം കാണിച്ചു. ഒരു വീട്ടിൽത്തന്നേ പാത്തിരുന്ന രണ്ടു സ്ത്രീകൾ അടുത്തടുപ്പിച്ചു പ്രസവിക്കയും അവരിൽ ഒരുത്തി പെററ പ്രജ ചത്തുപോകയും ചെയ്തതിന്റെ ശേഷം ജീവനുള്ള കുഞ്ഞു തനിക്കുള്ളതാകുന്നു എന്നു ഇരുപാട്ടുകാരും സാക്ഷിക്രൂടാതെ വാദിച്ചസംഗതിക്കു രാജാവിന്റെ സന്നിധിയിൽ വെച്ചു വ്യവഹാരമുണ്ടായാറേ ഒരു വാൾ കൊണ്ടുവന്നു ജീവനുള്ള കൊച്ചിനെ രണ്ടായിട്ടു പിളൎന്നു വാദിപ്രതികൾക്കു ഓരോ പാതി കൊടുക്കുന്നതിന്നു പറെഞ്ഞപ്പോൾ ഒരുത്തി അതിന്നു സമ്മതിക്കയും മറവശം ശിശുവിനെ കൊല്ലാതിരിക്കുന്നതിന്നുവേണ്ടി പ്രതിക്കു തന്നേ കൊടുത്തു കൊള്ളുന്നതിന്നു അനുവദിക്കയും ചെയ്തതിനാൽ ജീവനുള്ള കുഞ്ഞിനെ പെററ തള്ള ഇന്നാർ എന്നു വിവരം തിരിച്ചറിഞ്ഞു ന്യായത്തിനെക്കൊല്ലാതെ അവൾക്കു കൊടുപ്പിച്ചു

വെല്ലോ എന്നു അപ്പർ അതിനു ദൃഷ്ടാന്തവും പറയുന്നു. എന്നാൽ ഇപ്രകാരമുള്ള ദുർവ്യവഹാരങ്ങൾക്കു പ്രത്യേകം പ്രത്യേകം ഉത്തരം കൊടുക്കാവുന്നതു ആകുന്നു എങ്കിലും ആയതിനു നാം ഇവിടെ ഭാവിച്ചാൽ ഒരു പ്രകരണം അധിക വിസ്താരമാകുന്നതിനു ഇടയുള്ളതാകയാൽ ഇത്താഴ വരുന്ന സാധാരണ ന്യായങ്ങളെ മാത്രമേ ഇവിടെ പ്പറയുന്നുള്ളൂ.

1. ദോഷമില്ലാത്ത സംഗതികളിൽ വ്യാജം പറയുന്നതിനു പാപം ഇല്ലെന്നു വന്നാൽ ആയതിന്മേലുള്ള അച്ചറെപ്പു തീൎന്നിട്ടു ദോഷമുള്ള കാൎയ്യങ്ങളിലും ക്രൂടെ കള്ളം പറവാൻ മനസ്സു ധൈൎയ്യപ്പെട്ടും. പറമ്പിൽ നിന്നു തേങ്ങായും ചക്കയും കാണാതെ പറിച്ചു കള്ളത്തിൽ ശീലിച്ചിട്ടാകുന്ന മനുഷ്യർ പുര മുറിപ്പാൻ തുടങ്ങുന്നതു. ജീവപ്രാണികളെയും ജീവജന്തുക്കളെയും അനാവശ്യമായിട്ടു കൊന്ന ക്രൂരതയിൽ മനസ്സു തഴമ്പിച്ചതിന്റെ ശേഷമേ അവർ കുലപാതകന്മാരായിത്തീരുന്നുള്ളൂ. അങ്ങനെ തന്നേ സാദ്ധ്യമില്ലാത്ത കാൎയ്യങ്ങളിൽ ഭോഷ്കു പറഞ്ഞു പരിചയിച്ചിട്ടാകുന്ന സാരമായ സംഗതികളിൽ അവർ വ്യാജം പെരുമാറുന്നതു. പിന്നെയും നാം വ്യാജത്തെ സാക്ഷാൽ വെറുക്കുന്നവരാകുന്നു എങ്കിൽ അതിനാൽ ദോഷമില്ലാത്ത പട്ടതികളിലും ക്രൂടെ വെറുക്കേണം ദോഷമുള്ളതിൽ വെറുക്കുന്നതു അസത്യത്തെയല്ല ആ ദോഷത്തെ ആകുന്നു. ഇനി ഒരുത്തനോടു വൃഥാ കള്ളം പറയുന്നതിൽ മുഷിച്ചിൽ ഇല്ലാതെയും കുറെ കൃപാ വഞ്ചിച്ചെടുപ്പാനായിട്ടു പറയുന്നതിൽ ഇഷ്ടക്കേടായും ഇരുന്നാൽ ഞാൻ സാക്ഷാൽ വെറുക്കുന്നതു വ്യാജത്തെ അല്ല പരദ്രവും അപഹരിക്കുന്നതിനെ ആകുന്നു. അല്ലാതെയും നല്ല സാദ്ധ്യങ്ങൾ നിമിത്തം

കൂരള ആകാം എന്നു വന്നാൽ ആ പാപം അഴിമതി യായി നടക്കുന്നതിനിടയാകും. എന്തെന്നാൽ ഏതു അമാന്ത സംഗതിയിലും അസത്യം എടുത്തു ചേർക്കുന്നതിന നു ന്യായമായിട്ടുള്ള ആന്തരങ്ങളെ മനുഷ്യർക്കു ഊഹിച്ചു കൊള്ളാം. വിശേഷിച്ചും സാദ്ധ്യം സാധനത്തെ നീതീക രിക്കുന്നു എന്നും അതിനാൽ നേരിനെ രക്ഷിക്കുന്നതിനാ യിട്ടു നേരുകേടിനെ പ്രയോഗിക്കാം എന്നും സാധാരണമാ യിട്ടു പറയുന്നതു ധർമ്മശാസ്ത്രപ്രകാരം നോക്കുമ്പോൾ അ ബദ്ധമാകുന്നു. നേരിനെ നേരുകൊണ്ടു തന്നേ ഉറപ്പിക്കാ കുന്നതാകയാൽ അങ്ങനെ ചെയ്യുന്നതിനു പകരം അതി നോടു കള്ളം ക്രട്ടുന്നതു അമൃതിൽ വിഷം ചേർക്കുന്നതു പോലെയാകുന്നു. ആകയാൽ മോരിൽ വെള്ളം ചേരുന്ന തുപോലെ നേരിൽ കള്ളം ചേരും എന്നു ഒരു നാട്ടുകാർ നടപ്പായിട്ടു പറയുന്നതു മഹാ അധർമ്മമാകുന്നു.

2. ഒരു ക്രിയയുടെ പാപപുണ്യത്തെ നാം അളക്കേ ണ്ടുന്നതു അതിന്റെ പ്രത്യേക ഫലങ്ങളെ കൊണ്ടല്ല അ തിന്റെ സാധാരണ ദോഷഗുണങ്ങളെ നോക്കിയാകുന്നു. ഞാൻ ഒരാളിനു ധർമ്മമായിട്ടു ഒരു പണം കൊടുത്തതു കൊണ്ടു അവൻ ചാരായം വാങ്ങിച്ചു കുടിച്ചാൽ എന്റെ ഒരു ദാനം അവനു ദോഷമായിത്തീർന്നു എങ്കിലും അതു നി മിത്തം ഭിക്ഷക്കാർക്കു ധർമ്മം ചെയ്യുന്നതു പൊതുവിൽ ദോഷം എന്നു എണ്ണപ്പെടുത്തില്ല. എന്റെ ഒരു പ്രവൃ ത്തിയും ഞാൻ അതിനെ നല്ല മനസ്സോടെ ചെയ്തതായിരു ന്നാൽ ഗുണമായിട്ടു തന്നേ ഇരിക്കും. ഒരു പരോപദ്രവി യെ മറ്റൊരുത്തൻ ഒരംഷ്യയിൽനിന്നു കൊന്നാൽ ആ സംഭവം നന്നു തന്നേ എങ്കിലും കൊന്നവനെ നീതിമാനെ ന്നു ആരും വിചാരിക്കയില്ല. അവൻ കുലപാതകനാക

യാൽ കഴവേറുവാൻ യോഗ്യനായിട്ടു മാത്രം എണ്ണപ്പെട്ടും, ലുണ്ടെന്നും ഉപദ്രവിയുമായതിൽ ഒരുത്തനു ഏറിയ സമ്പത്തുണ്ടായിട്ടു ആയതു അവനോടു എടുത്തു ഒരു ധർമ്മശേഖരം വകയിൽ ചേർക്കയോ സാധുക്കളായുള്ള അഗതികൾക്കു വിഭാഗിച്ചു കൊടുക്കയോ ചെയ്താൽ ആയതു ബഹുനന്മയായി ഇരിക്കും എന്നുവരികിലും ആ ചെയ്തി നന്യായം എന്നു ഒരുത്തർക്കും തോന്നുകയില്ല. അങ്ങനെയുള്ള പ്രവൃത്തി നടപ്പാക എന്നു വെച്ചാൽ ആർക്കും തങ്ങളുടെ വസ്തുവകയിൽ ഉറപ്പില്ലെന്നാകും. ദ്രവ്യമുള്ളവർ നല്ല മനുഷ്യരായിരുന്നാലും അവരോടുള്ള അസൂയകൊണ്ടും അവരുടെ മുതലിന്മേലുള്ള കാംക്ഷനിമിത്തവും ശേഷംപേരുടെ കാഴ്ചക്കു അവർ വലിയ ദോഷികളായിട്ടു തോന്നുകയും അവരുടെ ദ്രവ്യം അശേഷവും കൊള്ളയിടുകയും ആം. അപ്രകാരം തന്നേ കുരള പറെയുന്നതിനാൽ ചിലപ്പോൾ ഗുണവരും എന്നിരിക്കിലും അതു നടപ്പായി വന്നാൽ ദോഷമാകകൊണ്ടു അതു സാക്ഷാൽ പാപം തന്നേ ആകുന്നു. എന്തെന്നാൽ നന്മ വരുവാനായിട്ടു നാം തിന്മ ചെയ്യരുതു.

3. നേരു പറെഞ്ഞാൽ ചിലപ്പോൾ ദോഷത്തിന്നിടവരും എന്നും ജീവരക്ഷെക്കായിട്ടു ഒരുത്തൻ എന്റെ അടുക്കൽ വന്നു അഭയം പ്രാപിച്ചതിന്റെ ശേഷം അവനെ തിരക്കി വരുന്നവരോടു നേരു പറെഞ്ഞു കാണിച്ചു കൊടുക്കുന്നതു വിശ്വാസപാതകമല്ലയോ എന്നും വാദിച്ചാൽ ഒരു ദോഷത്തിൽനിന്നും നീങ്ങുന്നതിനായിട്ടു മറെറാരു ദോഷം നാം ചെയ്യരുതു. ഇങ്ങനെയുള്ള വിഷമതയിങ്കൽ വ്യാജത്തിന്നും വിശ്വാസപാതകത്തിന്നും ഇടവരാതിരിപ്പാൻ നാം ശ്രമിക്കെണം നമ്മോടു ചോദ്യമുണ്ടായാൽ നാം വ്യാജവാക്കിന്നു ഒരുനാളും ഇടകൊടുക്കരുതു എങ്കിലും

ആവശ്യമുണ്ടെങ്കിലേ സത്യത്തെ മൂഴവനും വെളിപ്പെട്ടത്തേണ്ടു. അഭയം പ്രാപിച്ചവരെ രക്ഷിക്കുന്നതിനുവേണ്ടി ജീവനെ ഉപേക്ഷിക്കാം എങ്കിലും കുരള പറഞ്ഞു ക്രടാ. അമരിക്കായിലേ അടിമകളിൽ ക്രസ്ത്യാനി മാർ അനുസരിച്ച തൊമ്മച്ചൻ എന്നവൻ ഇപ്രകാരമുള്ള ഒരു വൈഷമ്യത്തിൽ ജീവനെ ഉപേക്ഷിച്ചതല്ലാതെ വിശ്വാസപാതകത്തിന്നു എങ്കിലും കുരളക്കു എങ്കിലും ഇടകൊട്ടത്തില്ല. എന്നാൽ ചിലപ്പോൾ ഉരയാടാതിരിക്കുന്നേ തെളിവിന്നു ഇടകൊടുക്കുന്നതാകയാൽ അങ്ങനത്തെ പ്പട്ടതിയിൽ കള്ളം പറെകയല്ലാതെ എന്തു നിവ്വാഹം എന്നു ചോദിച്ചാൽ ഒരുത്തന്നു നാം അഭയം കൊടുക്കുമ്പോൾ ന്യായമായിട്ടുള്ള വഴിയിൽ അവനെ രക്ഷിച്ചുകൊള്ളാം എന്നല്ലാതെ വ്യാജം പറെഞ്ഞിട്ടു എങ്കിലും മറെറന്തു പാപം ചെയ്തിട്ടെങ്കിലും രക്ഷിച്ചുകൊള്ളാം എന്നു നാം വാശ്ദത്തം ചെയ്യുന്നില്ല. അല്ലാതെ അങ്ങനെ വാശ്ദത്തം ചെയ്തു പോയിട്ടുണ്ടായിരുന്നാൽ അതു പ്രമാണിപ്പാനുള്ളതുമല്ല. എന്തെന്നാൽ പാപം ചെയ്യരുതെന്നു ദൈവ കല്പനയുള്ളതാകയാൽ പാപത്തിന്നിടവരുത്തുന്ന വാശ്ദത്തം എല്ലാം അസാധുവാകുന്നു.

---

൪൨ മാതാപിതാക്കന്മാർ ൦രം മുറയെ നടത്തേണ്ടുന്ന കാരണവും വഴിയും എന്തെന്നു.

൦രം പ്രബന്ധത്തിന്റെ സാദ്ധ്യമായ സംഗതി ൦രം വകുപ്പിൽ അടങ്ങിയിരിക്കുന്നതാകുന്നു. മറേറ വകുപ്പുകൾ രണ്ടും ഇതിന്നു ഉപയോഗം മാത്രം ആകുന്നു. എന്നാൽ അവയിൽപ്പറെയുന്ന വിവരങ്ങളെ ക്രടാതെ ൦രം

മുറ തെളിവാകുന്നതല്ലായ്കയാൽ അവ ആവശ്യമായ ക്രട്ടി ക്കെട്ടകം ആകുന്നു. എന്തെന്നാൽ മാതാപിതാക്കന്മാർക്ക് സത്യവാദം ഇന്നതെന്നു മനസ്സിൽ ആകാതെ തങ്ങളുടെ മക്കളെ ആ മുറയിൽ ശീലിപ്പിക്കുന്നതിനു കഴിയാത്തതും സത്യാസത്യങ്ങളുടെ ദോഷഗുണങ്ങളെ ഗ്രഹിക്കാതെ ആ വേലയിൽ താല്പര്യം വരാത്തതുമാകുന്നു.

1. നാം ഇഹലോകത്തിൽ ഏകാകികളായിരിക്കാതെ മറ്റുള്ള മനുഷ്യരുമായിട്ട പലപ്രകാരമുള്ള സംബന്ധത്തിൽ നില്ക്കുന്നു. ജ്യേഷ്ഠാനുജന്മാർ എന്നും ഗുരുശിഷ്യന്മാർ എന്നും ഭാര്യാഭർത്താക്കന്മാർ എന്നും യജമാനനും ഭൃത്യനും എന്നും രാജാവും പ്രജകളും എന്നും ഇങ്ങനെ അനേകം സംബന്ധങ്ങൾ ഉണ്ടല്ലൊ. എന്നാൽ അവയിൽ ഒക്കെയും മുഖ്യമായിട്ടുള്ളതു അച്ഛനമ്മമാരും മക്കളും തമ്മിലുള്ളതാകുന്നു. ഇരു സംബന്ധം സഹജവികവും ആവശ്യവുമാകയാൽ പിരിവാൻ വഹിയാത്തതും അതിനാൽ നാം നിർബന്ധിക്കപ്പെട്ടന്ന മുറകൾ മനുഷ്യരോടുള്ള സകല മുറകളിലേക്കും വലിപ്പമായിട്ടുള്ളതുമാകുന്നു. ഭാര്യാഭർത്താക്കന്മാർ തമ്മിൽ തക്ക ഹേതു ഉണ്ടായിരുന്നാൽ ന്യായമായിട്ട സംബന്ധം പിരികയും പ്രജകൾ മറുനാട്ടം കടക്കുന്നതിനാലെ തങ്ങളുടെ സ്വന്ത രാജാവിന്റെ അധികാരത്തിൽനിന്നു കുറവു ക്രടാതെ മാറുകയും ചെയ്യുന്നു. എന്നാൽ അച്ഛനമ്മമാക്ക് മക്കളേയും മക്കൾക്ക് അച്ഛനമ്മമാരെയും ഹിതം പോലെയും ഏനം പോലെയും മാറാകുന്നതും മാറേണ്ടുന്നതും അല്ലെല്ലൊ. പിന്നെയും മാതാപിതാക്കന്മാർ പുത്രി പുത്രന്മാരോട കാണിക്കുന്നതിനെക്കാൾ വലിപ്പമായിട്ടുള്ള സ്നേഹവും മക്കൾ അച്ഛനമ്മമാരെ ഉപേക്ഷിക്കുന്നതിനെക്കാൾ ചീത്തയായിട്ടുള്ള നന്ദികേടും

ഊഹിക്കാവതല്ല. നിഷ്കണ്ടകന്മാരിലും സ്വാമിദ്രോഹികളിലും ചിലയാളുകൾ ബഹുമാനികളായി എണ്ണപ്പെട്ടിരിക്കുന്നു. എന്നാൽ മാതൃഹത്യാ പിതൃഹത്യാ എന്നുള്ള പാപങ്ങൾ സകലവിധ കുലപാതകങ്ങളിലേക്കും കഠിനം എന്നല്ലൊ സർവസമ്മതം. വിശേഷിച്ചും ശേഷം സംബന്ധങ്ങൾ ഒക്കെയും ഇതിൽനിന്നു ഉത്ഭവിക്കുന്നതാകയാൽ ഇതു എല്ലാറ്റിനും മൂലവുമാകുന്നു. നാം അച്ഛനമ്മമാക്കൾ ജനിച്ചു മക്കളായതിന്റെ ശേഷമാകുന്നു ഗുരുശിഷ്യന്മാരും ഭായ്ഭത്താക്കന്മാരും രാജാവിന്നു പ്രജകളും പ്രജകൾക്കു രാജാക്കന്മാരും ആയിതീരുന്നതു. അതു കാരണത്താൽ പിതാവു എന്നർത്ഥമാകുന്ന അച്ഛൻ എന്ന വാക്കു മേൽ പറഞ്ഞ പല സംബന്ധങ്ങൾക്കും പൊരുളായി നില്ക്കുന്നു. ഭൃത്യന്മാർ യജമാനന്മാരെയും ഭായ്മാർഭത്താക്കന്മാരെയും ശിഷ്യന്മാർ ഗുരുക്കന്മാരെയും അനുജന്മാർ ജ്യേഷ്ഠന്മാരെയും അച്ഛൻ എന്നു വിളിക്കുന്നുണ്ടെല്ലൊ. ജ്ഞാനഗുരുക്കന്മാരെ വിളിച്ചുവരുന്ന അയ്യൻ, അച്ഛൻ, പാദ്രി, ബാബാ, പാപ്പാ, പാതിയക്കാ, എന്നിങ്ങനെയുള്ള നാമങ്ങൾക്കു എല്ലാം അർത്ഥം പിതാവു എന്നാകുന്നു. അങ്ങനെതന്നെ തള്ള എന്നു പൊരുളാകുന്ന അമ്മ, അച്ചി, അമ്മച്ചി, എന്നവെക്കു കാരണത്തി യജമാനത്തി എന്നുള്ള അർത്ഥത്തിലും ബഹുമാനകരമായിട്ടും പ്രയോഗം വന്നിരിക്കുന്നതു ആ ഹേതുവാൽ തന്നെയാകുന്നു. എന്നതുകൊണ്ടു ഓരോ ആദ്യസംബന്ധത്തിൽ മുറെക്കിരിക്കുന്നവരെ ശേഷം സംബന്ധങ്ങളിൽ ചൊവ്വായി നടക്കുന്നു. അനുസരണമില്ലാത്ത പുത്രന്മാർ സ്നേഹമില്ലാത്ത ഭർത്താക്കന്മാരും ദയയില്ലാത്ത യജമാനന്മാരും മത്സരിക്കുന്ന കുടിയാന്മാരും ആയിരിക്കും. നല്ല മക്കളായി വളർത്തപ്പെടുന്നവർ പിന്നീടു

അവക്ക് ഏതവസ്ഥയിൽ ഇരിപ്പാൻ സംഗതി വന്നാലും ആയവസ്ഥയിൽ ഉത്തമന്മാരായി നടപ്പാൻ തങ്ങളെത്തന്നെ സൂക്ഷിച്ചുകൊള്ളും.

2. തങ്ങളുടെ മക്കളുടെ ഗുണത്തിനായിട്ട് താല്പര്യപ്പെടുവാൻ തക്കവണ്ണം അച്ഛനമ്മമാരിൽ ഒരു ജാത്യസ്നേഹം സൃഷ്ടികർത്താവു ഇട്ടിട്ടുണ്ടു. ഒരു സ്വഭാവം മനുഷ്യരിൽ മാത്രമല്ല ജീവജന്തുക്കളിൽ അശേഷവും ഉണ്ടെന്നു നാം കാണുന്നു. കടുവാ പുലി മുതലായ ദുഷ്ടമൃഗങ്ങളിലും ഒരു സ്നേഹം ബഹു ശക്തിയോടെ വ്യാപരിക്കുന്നു. അവ തങ്ങളുടെ കുട്ടികളുടെ രക്ഷക്കായിട്ട് തങ്ങളുടെ ജീവനെത്തന്നെയും അപകടപ്പെടുത്തുന്നതിനെ മടിക്കുന്നില്ല. കുട്ടികളിൽനിന്നു വല്ല പ്രത്യുപകാരവും പിന്നീട് വരുത്തിക്കൊള്ളാം എന്നു മൃഗാദികൾക്കു വിചാരമില്ല. തള്ളകൾക്കു വയസ്സുചെന്നു ക്ഷീണമാകുമ്പോൾ കുട്ടികൾ സഹായിച്ചു കാണുന്നില്ല. അവക്ക് സഹായിപ്പാൻ കഴിയുമെന്നു തോന്നുന്നുമില്ല. ആകയാൽ മൃഗാദികൾ കുട്ടികൾക്കു തീൻ കൊടുക്കയും ഉപദ്രവം കൂടാതെ സൂക്ഷിക്കയും ചെയ്യുന്നതു ജാത്യസ്നേഹത്തിൽനിന്നു മാത്രമാകുന്നു എന്നു സ്പഷ്ടമാകുന്നു. ഒരു ജാത്യം ദൈവം മനുഷ്യരിലും ഇട്ടിരിക്കുന്നതാകയാൽ ആയതിന്നു അവർ വിരോധം ചെയ്യാതെ സ്വഭാവത്തിന്റെ ബലബന്ധത്തെ അനുസരിച്ചു തങ്ങളുടെ കുഞ്ഞുങ്ങളുടെ ഗുണത്തിന്നും രക്ഷെക്കും വേണ്ടുന്നതൊക്കെയും അവർ ചെയ്യേണ്ടുന്നതാകുന്നു. എന്നാൽ മൃഗാദികൾക്കും മനുഷ്യക്കും പൊതുവിലായിരിക്കുന്ന ഒരു ജാത്യസ്നേഹം കൂടാതെ മനുഷ്യക്ക് ദൈവം തിരിച്ചറിവു വിശേഷാലും കൊടുത്തിരിക്കുന്നു. മക്കൾ ദൈവത്തിൽനിന്നുള്ള ദാനവും അവനു മനുഷ്യരോടുള്ള സ്നേഹത്തിന്റെ

അടയാളവുമാകയാൽ മാതാവിനോടുള്ള നന്ദി പ്രമാണിച്ചു മാതാപിതാക്കന്മാർ തങ്ങളുടെ മക്കളെ ക്ഷേത്രിയോട്ട സൂക്ഷിപ്പാനുള്ളതാകുന്നു. പിന്നെയും നമ്മുടെ മാതാപിതാക്കന്മാർ നമ്മുടെ ശൈശവത്തിൽ നമ്മെ പരിപാലിച്ചു വളർത്തിയില്ലെന്നു വരികിൽ നാം ഇങ്ങനെ ക്ഷേമത്തോട്ട ഇരിക്കയില്ലായിരുന്നു എന്നു നമുക്കു ബോധമുണ്ടു. അവർ നമ്മോട്ട ചെയ്തതിനു തക്കതായിട്ട പ്രത്യുപകാരം നമുക്കു അവരോട്ട ചെയ്യുന്നതിനു ഇടയില്ലായ്കയാൽ നാം ഒരും കടം വീട്ടേണ്ടുന്നതു നമ്മുടെ മക്കളെ സൂക്ഷിച്ചു വളർത്തുന്നതിനാൽ ആകുന്നു. അതു ക്രൂരാതെ സപ്രസ്നേഹവും നമ്മെ ഒരും കൃത്യത്തിനു ഉത്സാഹിക്കും. നാം മൃഗാദികളെപ്പോലെ കുട്ടികളുടെ സഹായം വേണ്ടാത്തവർ അല്ല. നമുക്കു വയസ്സു ചെന്നു ക്ഷീണം വേർക്കുമ്പോൾ നമ്മുടെ മക്കളുടെ സഹായം വേണ്ടിയിരിക്കുന്നതും അവർക്കു നമ്മെ സഹായിപ്പാൻ കഴിയുന്നതുമാകുന്നു. ആകയാൽ അവരെ പരിപാലിച്ചു വളർത്തുന്നതു നമുക്കു തന്നേ പിന്നീട്ട ഉപകാരമായിട്ട തീരുന്നതിൽ ഒരു കായ്മാകുന്നു. ഇങ്ങനെയുള്ള പ്രബലമായ കാരണങ്ങളാലും സാരമായിക്കൊള്ളുന്ന വിചാരങ്ങളിൽ നിന്നും ഒരും മുറയെ മനുഷ്യർ സാധാരണമായി വീഴ്ച ക്രൂരാതെ ചെയ്തുവരുന്നതാകയാൽ മക്കളെ സ്നേഹിക്കയും അവരെ നല്ലവണ്ണം വളർത്തുകയും ചെയ്യുന്നതു മാതാപിതാക്കന്മാരിൽ വിശേഷാൽ സുകൃതം എന്നു എണ്ണപ്പെട്ടുന്നില്ല. എങ്കിലും ജാതുസ്നേഹത്തെ വെടിഞ്ഞു മക്കളെ ഉപേക്ഷിച്ചുകളയുന്നവരെ മഹാ പാപികൾ എന്നതെ എല്ലാവരും വിചാരിക്കുന്നതു. എന്നാൽ മാതാപിതാക്കന്മാർ മക്കളുടെ ദേഹ രക്ഷെക്കും സൌഖ്യത്തിനും വേണ്ടുന്ന കായ്ങ്ങളെ കരുതുമ്പോൾ അവർ ഒരും സംഗതിയിൽ ചെയ്യേ

ണ്ടുന്ന മുറ മുഴുവനും ചെയ്യു എന്നു ഓർത്തുപോകരുതു. വിദ്യാഭ്യാസവും സാന്മാർഗ്ഗ ശീലവും ശരീര പരിപാലനത്തെക്കാൾ സാരമാകകൊണ്ടു സത്യം പറക മുതലായിട്ടുള്ള ഗുണലക്ഷണങ്ങളിൽ കുഞ്ഞുങ്ങളെ പരിചയിപ്പിച്ചില്ലെങ്കിൽ അവർ തങ്ങൾ ചെയ്യേണ്ടുന്ന മുറയിൽ പാതി ചെയ്തിട്ടില്ല.

3. നല്ല ശീലം പഠിക്കുന്നതിനു മനുഷ്യർക്കു അധികം ഏറുമുള്ള സമയം അവർ മാതാപിതാക്കന്മാരുടെ ആശ്രയത്തിൻ കീഴിരിക്കുന്ന ചെറുപ്രായമാകുന്നു. ശൈശവത്തിൽ മാനുഷമനസ്സു വെള്ളക്കടലാസിനു സമമാകുന്നു എന്നു ഒരു വിദ്വാൻ പറയുന്നു. യാതൊന്നും എഴുതപ്പെടാതെ മിനുസമായിരിക്കയാൽ അതിന്മേൽ എന്തെങ്കിലും വരെച്ചാൽ ഭാവിയായ നല്ലവണ്ണം പതിയുന്നതും വിവരമായിക്കാണാകുന്നതുമാകുന്നു. അതിൻവണ്ണം തന്നേ ജനിക്കുമ്പോൾ ശിശുക്കളുടെ മനസ്സും യാതൊരു നിനവുകളും കൂടാതെ നിർമ്മലമായിരിക്കയാൽ അവരുടെ ഉള്ളിൽ ചെല്ലുന്നതൊക്കെയും അവിടെ പതിയും. അവർക്കു നല്ലതു ചൊല്ലിക്കൊടുത്താൽ നന്നു പഠിക്കും. അവരുടെ മനസ്സിൽ ചീത്ത കയറിയാൽ അതു ദോഷത്തിനു പാത്രമാകും. ചെറുപ്പത്തിൽ ഒരു പ്രകാരം മനസ്സിൽ കയറിയാൽ പിന്നീടു മറൊരുപ്രകാരം ആക്കുവാൻ പ്രയാസവുമാകുന്നു, ഒരു പാത്രം ഒഴിഞ്ഞിരിക്കുമ്പോൾ വല്ലതുമിട്ടു നിറക്കുന്നതിനുള്ള എളുപ്പം പോലെ ഒന്നുകൊണ്ടു നിറഞ്ഞിരിക്കയിൽ മറൊന്നു അകത്താക്കുന്നതിനു ഏറുനം കാണുകയില്ല. കറുപ്പു മുറിയിരിക്കുന്ന ചിമിഴിൽ കുപ്പായം ഇട്ടു വെക്കണം എങ്കിൽ കറുപ്പു അതിൽനിന്നു നീക്കിക്കളയാതെ ഒക്കത്തില്ല. എന്നാൽ കായ്ങ്ങളുടെ സത്തും ഒരു

വിധം ഇരിക്കെ മറൊരു വിധത്തിൽ തെറ്റായിട്ടു മനസ്സിൽ ചെന്നാൽ ആയതു പരിജ്ഞാനം കൊണ്ടു ചൊവ്വാകയില്ലയോ. പഞ്ചസാര കൈക്കും എന്നു എത്ര കൊച്ചിലേ പഠിച്ചതായിരുന്നാലും രുചി നോക്കുമ്പോൾ നേരറിയത്തില്ലയോ. എന്നാൽ തങ്ങൾക്കു ചെറുപ്പത്തിലേ മനസ്സിലാകുന്ന കാര്യങ്ങൾ ശരിയോ എന്നു പ്രായം ചെന്നതിന്റെ ശേഷം ശോധന നോക്കുന്നവർ ചുരുക്കമാകുന്നു. മിക്ക ജനങ്ങളുടെ മനസ്സിലും ആദ്യം ഏതു വിധമാകുന്നുകയറുന്നതു അതിൻവണ്ണം അവസാനത്തോളം ഇരിക്കുന്നു. ഓരോ പ്രമാണം അറിവിനെ കുറിച്ചു ഒക്കുന്നതാകുന്നു എങ്കിൽ ശീലത്തെ സംബന്ധിച്ചു ഒട്ടും പിഴെക്കുന്നതല്ല. മനുഷ്യർ എന്താകുന്നു ചെറുപ്പത്തിലെ ചെയ്യുവരുന്നതു അതു അവക്കു പരിചയമാകും. ശൈശവത്തിലെ സസ്യങ്ങൾ കൊണ്ടു ഉപജീവിച്ചു വരുന്നവക്കു മാംസഭക്ഷണം പിടിക്കത്തില്ല മറിച്ചു മാംസം തിന്നു വളരുന്നവക്കു അന്നഭോജനം രസമാകയില്ല. അപ്രകാരംതന്നേ മോഷ്ടിച്ചും വ്യാജം പറഞ്ഞും ശീലിക്കുന്ന പൈതങ്ങൾക്കു മുതുന്തിന്റെ ശേഷം നേരുമാർഗ്ഗത്തുടെ നടക്കുന്നതിന്നു അഹിതമായിരിക്കും. ഈ കാര്യാൽ മാതാപിതാക്കന്മാർ മക്കളെ കുഞ്ഞിൻനാളിലേ സന്മാർഗ്ഗ മുറയിൽ ശീലിപ്പിക്കാതെ ദുഷ്ടം വന്നിട്ടു കഴിച്ചുകൊള്ളാം. എന്നു വെക്കുന്നതു വലിയ അബദ്ധമാകുന്നു. എന്തെന്നാൽ പ്രായം വന്നതിന്റെ ശേഷം പഠിപ്പിപ്പാൻ സംഗതി വന്നാലും അതു കതിരേൽ വളം വെക്കുന്നതുപോലെ വ്യർത്ഥമാകയുള്ളൂ. പോർത്തുഗീസുകാരത്തി ആയയുടെയും മകന്റെയും കഥ വായിച്ചിട്ടില്ലയോ. അതിനെ കുറിച്ചു ആയ എന്നും മദാമ്മ എന്നും പേരായ ഒരു പുസ്തകത്തിൽ ഒരു മദാമ്മ പറയുന്നതു കേട്ടാലും.

"കുറെ വർഷം മുൻപെ ഇനിക്കു പൊത്തുഗീസുകാരന്തി ഒരു ആയ ഉണ്ടായിരുന്നു. ഒരം പോത്തുഗീസുകാർ ക്രിസ്ത്യാനികൾ എന്നു പറെയുന്നവരാകുന്നു എങ്കിലും അവരിൽ മിക്കപേക്കും ദൈവത്തെക്കുറിച്ചുള്ള ഭയം അല്പമേയുള്ളു, ഒരം ആയെക്കു ഒരു മകൻ ഉണ്ടായിരുന്നു. ഞാൻ ആദ്യം അവനെ കാണുമ്പോൾ അവനു മൂന്നു വയസ്സിലധികം ഇല്ലായ്തു. അവന്റെ അമ്മ വേലെക്കു പോകുമ്പോൾ അവൻ അവളുടെ പുറകെ ഓടിച്ചെല്ലുക ഉണ്ടായിരുന്നു. എന്നാൽ ഒരു ദിവസം കാലത്തു ഞാൻ എഴുന്നേല്ക്കുന്നതിനു മുൻപേ ഒരം കൊച്ചു ചെറുക്കൻ വെരാന്തയിൽ വെച്ചു അവന്റെ അമ്മയോടു ചീത്തവാക്കുകൾ പറെയുന്നതു കേട്ടു. എന്നാറെ ഞാൻ അവളെ എന്റെ മുറിയിൽ വിളിച്ചു ആയേ നീ ദൈവത്തെ ഭയപ്പെടുന്നു എന്നും നിനക്കും വേണ്ടി കുരിശിന്മേൽ മരിച്ച കത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നുണ്ടു എന്നും നീ പറെയുന്നുണ്ടെല്ലോ എന്നാൽ ആ കുഞ്ഞു ചീത്ത വാക്കുകൾ പറെവാൻ നീ സമ്മതിക്കുന്നതു എന്തുകൊണ്ടു? ഉവ്വാക്കുകളെ ദൈവം വെറുക്കുന്നു എന്നും അതുകൊണ്ടു പെരുമാറുന്നവരെ അവൻ സ്വർഗ്ഗരാജ്യത്തിൽ കരേറുകയില്ലെന്നും നീ അറിയുന്നില്ലയോ? എന്നു ചോദിച്ചു. എന്നാറെ ഞാൻ എന്തു ചെയ്യുന്നു അമ്മേ എന്നു അവൾ പറഞ്ഞു. ഞാൻ ഉത്തരമായിട്ടു നീ അവനെ ഒരു വടികൊണ്ടു അടിച്ചു "നിന്റെ ദൈവമായ കത്താവു നിനക്കു തരുന്ന ദേശത്തു നിന്റെ നാളുകൾ ദീർഘമാകുവാനായിട്ടു നിന്റെ പിതാവിനെയും നിന്റെ മാതാവിനെയും ബഹുമാനിക്ക" എന്നു ദൈവം കല്പിച്ചിരിക്കുന്ന ഒരം കല്പന നീ അവനെ പഠിപ്പിക്കെണം എന്നു പറെഞ്ഞു. അപ്പോൾ അവൻ

തുലോം കുഞ്ഞല്ലോ അമ്മേ ഇനിക്ക അവനെ അടിപ്പാൻ വഹിയാ എന്നു പറെഞ്ഞു. അതിൻെറ ശേഷം ഞാൻ പറെഞ്ഞു, എന്നാൽ നീ അവനെ നിൻെറ വീട്ടിൽ ഇരുത്തിക്കൊള്ളണം. നല്ലവനായിട്ടു വരുവാൻ നീ അവനെ പഠിപ്പിക്കുന്നില്ല എങ്കിൽ അവൻ ഇവിടെ വന്നുകൂടാ. ഇങ്ങനെ അയ അവളുടെ വീട്ടിൽ തന്നേ അവനെ പാർപ്പിച്ചു. തെരുവിലുള്ള കൊച്ചു പിള്ളേരുടെ കൂടെ അവൻ പലപ്പോഴും ഓടി നടക്കുന്നതും മറും ഞാൻ കാൺകയുണ്ടായിരുന്നു. എന്നാൽ അവൻെറ അമ്മ അവനെ കുറെ പ്പെട്ടുത്തുകയോ മറേറാ ചെയ്താൽ അവൻ ഒന്നുകിൽ ഓടിപ്പൊയ്കളക എങ്കിലും അല്ലെങ്കിൽ അവളെ ചീത്തവാക്കുകൾ പറെകയെങ്കിലും ചെയ്യും. എന്നിട്ടു കുറെ കഴിഞ്ഞ ശേഷം ഞാൻ പിന്നെയും അവളോടു അയേ നീ നിൻെറ ചെറുക്കനെ ശിക്ഷിച്ചു അവനെ നിനക്കു അനുസരണമുള്ളവനാക്കുവാൻ ശ്രമിച്ചില്ല എങ്കിൽ അവൻ ഒരു ദുഷ്ടപൈതലായിട്ടു തീരും എന്നും പറെഞ്ഞു. എന്നാറെ അവൾ അയ്യോ പാപം അവനെ എങ്ങനെയാ ശിക്ഷിക്കുന്നതു അവൻ അത്ര കുഞ്ഞല്ലോ എന്നു പറെഞ്ഞു. പിന്നെ അവനു ഏകദേശം ഏഴു വയസ്സായപ്പോൾ ഞാൻ പിന്നെയും അയയോടു നിൻെറ ആ ചെറുക്കൻ ദുഷ്ടതയിൽ വളൎന്നു വരുന്നു. ഇനിക്കു അതു കാണുന്നതു ബഹു സങ്കടം, അയതുകൊണ്ടു നീ അവനെ നാളെ എൻെറ അടുക്കൽ കൊണ്ടുവരിക അവനെ പഠിപ്പിപ്പാൻ ഞാൻ ആശാനുവരുതി കൊടുക്കും എന്നു ബഹു കായ്മയിട്ടു പറെഞ്ഞു. അങ്ങനെ തന്നേ ആകട്ടെ അമ്മേ എന്നു അയയും പറെഞ്ഞു. പിറേറ ദിവസം കാലത്തു അവൾ അവനെ കൊണ്ടുവന്നില്ല. അയേ നിൻെറ മകൻ എങ്ങു? എന്നു

ചോദിച്ചു. എന്നാറേ അവൻെറ മുണ്ടു ചവുണ്ടുപോയി അമ്മേ, ഞാൻ അവനെ നാളെ കൊണ്ടുവരാം എന്നു അവം പറെഞ്ഞു. പിറേറ ദിവസവും അവൻ വന്നില്ല നിൻെറ മകൻ എങ്ങു ആയേ? എന്നു ഞാൻ പിന്നെയും ചോദിച്ചു, അമ്മേ അവന്റെ കാൽ ഉതെച്ചതുകൊണ്ടു അവന്നു നടപ്പാൻ വഹിയാ എന്നു ആയ പറെഞ്ഞു. പിറെറ ദിവസം അവന്നു തലക്കത്താകുന്നു എന്നു അവം പറെഞ്ഞു. ഇങ്ങനെ ഏഴു എട്ടു ദിവസത്തേക്കു അവം ഒഴികഴിവുകം പറെഞ്ഞു. ഒടുക്കം ഇനിക്കു കോപം കൊണ്ടു ആയേ നിൻെറ മകനെ പഠിപ്പിപ്പാൻകൊണ്ടുവരാത്തതു എന്തുകൊണ്ടു എന്നു എന്നോടു നീ സത്യം പറെകയില്ലെങ്കിൽ ഞാൻ നിന്നേ മാററിക്കളയും എന്നു അവളോടു പറെഞ്ഞു. അപ്പോൾം അവം പേടിച്ചു അമ്മേ അവൻ വരികയില്ല എന്നു പറെഞ്ഞു. നീ അവനെ വരുത്താഞ്ഞതു എന്തുകൊണ്ടു എന്നു ഞാൻ ചോദിച്ചു. ഇനിക്കു വഹിയാ അവൻ തുലോം മുട്ടനായി പോയി എന്നു അവം പറെഞ്ഞു. അപ്പോൾം ഞാൻ അവളോടു ആയേ ഞാൻ നിൻെറ മകനെ കുറിച്ചു ഒടുക്കത്തെ തവണ നിന്നോടു പറെഞ്ഞപ്പോൾം അവൻ തുലോം കൊച്ചായിരുന്നതിനാൽ നിനക്കു ശിക്ഷിപ്പാൻ വഹിയാ എന്നു നീ പറഞ്ഞുവെല്ലോ. ഇപ്പോൾം അവൻ തുലോം മുട്ടനായിപ്പോകകൊണ്ടു നിനക്കു അവനോടു ആവതില്ല. ഇങ്ങനെ അവനെ ശിക്ഷിപ്പാനുള്ള സമയം നിനക്കു ഒരു നാളും വരികയില്ല. നിൻെറ ചെറുക്കൻ ദുഷ്ടനായി പോകുമെന്നു ഞാൻ ശങ്കിക്കുന്നു എന്നു പറെഞ്ഞു. പിന്നത്തേതിൽ ഞാൻ ഒരാം അയച്ചു അവനെ ബലത്തോടെ പിടിച്ചു കൊണ്ടുവന്നു. എന്നെ പ്രിയപ്പെട്ടുത്തുവാനായിട്ടു എൻെറ ആശാൻ

അവനെ പഠിപ്പിപ്പാനും ശ്രമിച്ചു. എങ്കിലും അവൻ അവന്റെ അമ്മയോടു അനുസരണമില്ലാത്തവനായി വളർന്നതിനാൽ ഇപ്പോൾ തന്റെ ഗുരുഭ്രതനെ അനുസരിക്കാത്തവനായിത്തീർന്നു. ആകയാൽ അശാൻ അവനെ പഠിപ്പിച്ചതു മതിയാക്കി തന്റെ അമ്മയുടെ പക്കൽ തിരികെ ഏല്പിക്കയും ചെയ്തു. ഇങ്ങനെ അവൻ ഏല്ലാ ദിവസവും ഒന്നിനൊന്നിനു അധികമുട്ടാളനായി പെരുത്തു വല്ലാത്തതിൽ ഒരു ബാല്യക്കാരനായി തീർന്നു. കടശിക്കു അവൻ തന്റെ പാപപ്പെട്ട അമ്മയുടെ കാൽതളകളും അവൾ നേടിവച്ചിരുന്ന കുറെ രൂപായും എല്ലാം മോഷ്ടിച്ചു എടുത്തും കൊണ്ടു ഓടിപ്പോയ്കളഞ്ഞു. കാശീക്കു പോകും വഴിയിൽ വള്ളം മുങ്ങി അവനും അവന്റെ കൂട്ടു ദുഷ്ടന്മാരായിരുന്ന മൂന്നു നാലു പേരും കൂടെ കൂടിച്ചു ചത്തു എന്നു ഞങ്ങൾ കേൾക്കയും ചെയ്തു. അവൻ പോയ ശേഷം ആ പാപപ്പെട്ട ആയയേ ഞാൻ ആകുംവണ്ണം സൂക്ഷിച്ചു രക്ഷിച്ചു കൊണ്ടുവന്നു. എങ്കിലും അവൾക്കു എത്രയും അധികമായിട്ടു ദുഃഖം കൊള്ളുകയാൽ അവളും താമസിയാതെ മരിച്ചുപോയി. അവൾ എന്നോടു അവസാനത്തിങ്കൽ പറഞ്ഞും വെച്ചു പോയ കാര്യങ്ങളിൽ ഒന്നു അയ്യോ അമ്മേ എന്റെ മകൻ കുഞ്ഞായിരുന്നപ്പോൾ ഞാൻ അവനെ ശിക്ഷിച്ചു നിർത്തിയിരുന്നു എങ്കിൽ അവൻ വളർന്നു വന്നു ശേഷം ഇപ്രകാരം എന്നോടു ചെയ്യാഞ്ഞേനേ എന്നായിരുന്നു."

4. പൈതങ്ങൾ ചെറുപ്പത്തിൽ അറിയുന്നതും ശീലിക്കുന്നതും പിന്നെ എന്നും അവരുടെ മനസ്സിൽ സ്ഥിരമായി നില്ക്കുന്നു. കുഞ്ഞുന്നാളിൽ നമുക്കു സംഭവിക്കുന്ന കാര്യങ്ങൾ നമ്മുടെ ഉള്ളിൽ നല്ലവണ്ണം നില്ക്കുന്നു. അവയെ

ക്കുറിച്ചുള്ള ഓർമ്മ നന്നാ വയസ്സു ചെന്നതിന്റെ ശേഷവും നമ്മുടെ മനസ്സിൽനിന്നു പൊയ്പോകുന്നില്ല. പ്രായം ചെന്നിട്ടു അറിയുന്ന സാരകാര്യങ്ങൾ തന്നെയും നാം എളുപ്പത്തിൽ വിട്ടുപോകുന്നു. ശിശുക്കളുടെ മനസ്സു വെറും പാത്രംപോലെ രിക്തമായിരിക്കയാൽ അതിൽച്ചെന്നു വീഴുമാകുന്നതെല്ലാം അവിടെ ഉറച്ചു നില്ക്കും. ഒരു പാത്രത്തിൽ ആദ്യം ഇട്ടുന്ന പദാർത്ഥങ്ങൾ അടിയിൽ ചെന്നു ചേർന്നു അവിടെ ഉറച്ചു കിടക്കുന്നു. പിന്നീടു അതിൽ വെക്കുന്ന വസ്തുക്കൾ മേൽ ഭാഗത്തിൽ ഇരിക്കുന്നതാകയാൽ അവിടെ നിന്നു നീങ്ങിപ്പോകുന്നതിനു എളുപ്പമാകുന്നു. അപ്രകാരം തന്നെ ചെറുപ്പത്തിൽ മനസ്സു നിഷ്കളങ്കമായിരിക്കുന്ന സമയത്തു ഉണ്ടാകുന്ന അറിവുകളും ശീലങ്ങളും പിന്നെ പ്രാണാവസാനം വരെ പൊയ്പോകാതെ സ്ഥിരമായി നില്ക്കുന്നു. പിന്നെയും നമ്മുടെ മനസ്സിൽ നല്ലവണ്ണം ഓർമ്മ നില്ക്കുന്ന കാര്യങ്ങൾ മുഖ്യമായിട്ടു നാം ഏറെ നേരം വിചാരിച്ചും അധികം പ്രയാസപ്പെട്ടും അറിയുന്നവയൊ ആദ്യം ഗ്രഹിക്കുന്ന സമയത്തു ഉണ്ടായ്വന്നതൊ ആകുന്നു. എന്നാൽ ശൈശവത്തിൽ അഭ്യാസത്താൽ ബുദ്ധിക്കു നിപുണത വന്നിട്ടില്ലായ്കയാൽ ഏറെ നേരം വിചാരിക്കാതെയും പല വഴിയിൽ നോക്കാതെയും ഒരു കാര്യവും കുഞ്ഞുങ്ങളുടെ മനസ്സിലാകുന്നില്ല. ചിത്രത്തൈയ്യലിൽ പരിചയിച്ചിട്ടില്ലാത്തവർ ആദ്യം വേല തുടങ്ങുമ്പോൾ എത്ര അറച്ചും സൂക്ഷിച്ചുമാകുന്നു ചെയ്യുന്നതു. പിന്നെ അവർക്കു ആ തൊഴിലിൽ ശീലം വന്നതിന്റെശേഷം അവരുടെ കൈപ്പുക്കും വേലവൃത്തിയും എത്ര അതിശയിക്കത്തക്കതായിരിക്കുന്നു.

അതിൻവണ്ണം തന്നെ മൂന്നു പേക്കു പത്തു ചക്രം ആയാൽ പന്ത്രണ്ടു പേക്കു നാല്പതു ചക്രം ആകും എന്നുള്ളതു പൈതങ്ങളുടെ മനസ്സിലാകുന്നതിന്നു പ്രാപ്തി വന്നവരായ നമുക്കു ലീലാപതിയിലേ ഒരു ഉർഘട കണക്കു തീർപ്പാനുള്ളതിനേക്കാൾ അധിക പ്രയാസമാകുന്നു. പിന്നെയും ചെറുപ്രായത്തിൽ മനുഷ്യർക്കു അറിവും പരിജ്ഞാനവും കുറവാകയാൽ മീക്ക കായ്വും അവരുടെ കാഴ്ചയിൽ പുതുമയും ആശ്ചര്യവുമാകുന്നു. നല്ലെണ്ണ ഇരിക്കുന്ന പാത്രത്തിൽ കുറെ വെള്ളം ഒഴിച്ചാൽ എണ്ണ മേല്പുറേ വരുന്നതിൽ മുതിർന്നവക്കു അതിശയം തോന്നുകയില്ല. ഈ ഒരു സംഗതി അവർ ഗ്രഹിച്ചിട്ടില്ലായിരുന്നാലും അത്തരത്തിൽ മറ്റു അനേകം കായ്കളും അവർ അറിഞ്ഞിട്ടുണ്ടായിരിക്കും. എന്നാൽ പൈതങ്ങൾക്കു ഇപ്രകാരം ആദ്യം കാണുന്നതു ഒരു പുതുമയും വിസ്മയവുമാകുന്നു. എന്നതുകൊണ്ടു കുരളയെ വെറുപ്പാനും സത്യത്തെ സ്നേഹിപ്പാനും മനുഷ്യരെ ചെറുപ്പം മുതലെ പഠിപ്പിച്ചാൽ പ്രൌഢതപം വരുമ്പോൾ അതിനെ അവർ മറന്നുകളയില്ല. "പൈതൽ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക എന്നാൽ അവൻ വൃദ്ധനാകുമ്പോൾ അതിനെ വിട്ടുമാറുകയില്ല."

5. മക്കളെ ചെറുപ്രായത്തിലെ സത്യം സംസാരിച്ചു ശീലിപ്പിക്ക സാരവും ആവശ്യവും എന്നു മേല്പറഞ്ഞ വ്യവഹാരങ്ങളാൽ തെളിവായിരിക്കകൊണ്ടു ആയതു അമ്മയച്ചന്മാർ പ്രത്യേകം വിചാരിക്കേണ്ടുന്ന മുറയാകുന്നു. എന്നും ക്രൂടെ സാധിക്കാം. അവർ കുഞ്ഞിൻനാളിൽ ഇരിക്കുന്നതു അവരുടെ അധികാരത്തിൻ കീഴിൽ ആകുന്നു.

ആശാന്മാരുടെയും ജ്ഞാനഗുരുക്കന്മാരുടെയും വരുതിക്കീഴ് വരുന്നതു അവക്ക് കുറെ പ്രാപ്തിവന്നിട്ടേയുള്ളു. ശൈശവത്തിലെ അവരെ സത്യവാദത്തിന്നു പരിചയിപ്പിച്ചില്ലെങ്കിൽ പിന്നീടു ആ വേല അത്ര എളുപ്പമായിരിക്കയില്ല. വിതപ്പാനുള്ള കാലത്തിൽ മടിയായിരുന്നാൽ വെച്ച സമയം തെറ്റി വിത്തിട്ടാൽ വിളവു ഉണ്ടാകുന്നതു ഉർല്ലഭമാകുന്നു. നിലത്തിന്റെയും വിത്തിന്റെയും തരഭേദം പോലെ വിതകാലത്തിന്നു വ്യത്യാസം വരുന്നതിൻവണ്ണം മനുഷ്യക്ക് വേണ്ടുന്ന ഓരോ വിദ്യകളും അഭ്യാസങ്ങളും അവർ വശമാകേണ്ടുന്നതു ഓരോ പ്രായത്തിൽ ആകുന്നു. കരിനാരകൻ വിത്തു കക്കടകമാസത്തിൽ അല്ലാതെ തുലാം വൃശ്ചികമാസത്തിൽ വിതെച്ചാൽ തരം പിടിക്കയില്ല. അപ്രകാരം തന്നെ വൈദ്യം ഗണിതം ജ്യോതിഷം മുതലായ ശാസ്ത്രങ്ങൾ ശിശുക്കൾക്ക വശമാകുവാൻ കഴിയാത്തതാകയാൽ അങ്ങനെയുള്ള പ്രയാസ വിദ്യകളെ അഭ്യസിക്കുന്നതിന്നു യൌവനം വരുവോളവും താമസിക്കണം. എന്നാൽ വ്യാജത്തിൽനിന്നു ഒഴിവാനും സത്യം പറവാനും ശീലിക്കുന്നതിനുള്ള സമയം പെരുപ്രായമാകുന്നു. ഏലി എന്ന മഹാചാര്യൻ തന്റെ മക്കളെ ബാലശിക്ഷയൊടെ വളർത്തായ്കയാൽ അവർ വളർന്നപ്പോൾ പിതാവിനെ അനുസരണമില്ലാത്തവരും പരജനങ്ങൾക്ക ഉപദ്രവികളും ദൈവത്തിന്നു വിരോധികളുമായി തീർന്നതുമല്ലാതെ അവർ മുഖാന്തിരം ദുഃഖത്തോടെ മരിക്കുന്നതിന്നു അവനു ഇടവരികയും ചെയ്തു.

6. നാം ചെറുപ്പത്തിൽ മാതാപിതാക്കന്മാരുടെ ആശ്രയത്തിൻ കീഴ് മുഴുവനും ഇരിക്കുന്നു. മനുഷ്യരും പക്ഷിമൃഗാദികളും തമ്മിൽ വിശേഷാൽ ഒരു വ്യത്യാസമു

ള്ളത്ര മനുഷ്യർ ജനിച്ചാൽ ഏറെ നാളേക്ക അവശതയും പരവശവുമായ അവസ്ഥയിൽ ഇരിക്കുന്നതും മൃഗാദികൾ പിറന്നു വീഴുമ്പോൾത്തന്നെ മിക്കവാറും തൻപേടവും അംഗപൂർണ്ണതയുമുള്ളവയായി ഇരിക്കുന്നതുമാകുന്നു. അവ തള്ളകളുടെ ഗർഭത്തിൽനിന്നു പുറത്തുവന്നു കുറെ കഴിയുമ്പോൾ തന്നെ നടന്നു ഇര തേടുന്നതിനു തങ്ങളുടെ കൈകാലുകൾക്ക ബലവും തങ്ങൾക്ക കിട്ടുന്ന ഭക്ഷണം ചവച്ചു പാകമാക്കി തിന്നുന്നതിനു പല്ലുകളും തങ്ങളെ ഉപദ്രവിപ്പാൻ വരുന്ന ശത്രുക്കളോട നേരിടുന്നതിനു വേണ്ടുന്ന ആയുധങ്ങളും ഉള്ളവയായിത്തീരുന്നു. ഒരു പശുക്കിടാവു ഉണ്ടാകുന്നുടനെ നടന്നു ചെന്നു തള്ളയുടെ മുല കുടിക്കയും തള്ളയെക്കരഞ്ഞു വിളിക്കയും തള്ളയുടെ ശബ്ദം അറിഞ്ഞു പ്രതിശബ്ദമിടുകയും ഉപദ്രവിപ്പാൻ ചെല്ലുന്നവരെ പായ്ക്കയും സന്തോഷിപ്പാൻ ഭാവിക്കുന്നവരെ നക്കുകയും ചെയ്യും. മാനുഷ കുട്ടികളുടെ അവസ്ഥ എത്ര വ്യത്യാസമായിരിക്കുന്നു. ജനിക്കുമ്പോൾ അവരുടേതുപോലെ ഇത്ര ബലഹീനമായ അവസ്ഥ മറ്റു യാതൊരു ജീവജന്തുവിനുമില്ല. ഇത്ര ഏറക്കാലം തള്ളതന്തകളുടെ പരാധീനതയിൽ ഇരിക്കുന്ന ജന്തുവും മറെറാന്നുമില്ല. ആനെക്കു മനുഷ്യനെക്കാൾ അധിക ദീർഘായുസ്സു ഉണ്ടെന്നു പല വിദ്വാന്മാരും പറെയുന്നു. മനുഷ്യനോളം ഇരിപ്പുണ്ടെന്നു എല്ലാവരും സമ്മതിക്കുന്നു. എന്നാൽ ആനക്കുട്ടിക്ക ആറുമാസത്തെ മാത്രം മുല കുടിയുള്ളതാകയാൽ തള്ളയുടെ സഹായം അതിൽ ഏറെ ദീർഘത്തിൽ വേണ്ടാ എന്നു വിചാരിക്കപ്പെട്ടിരിക്കുന്നു. മനുഷ്യരോ എട്ടു പത്തു വയസ്സുവരെയും തങ്ങളുടെ ഉപജീവനം തേടുന്നതിനും അപകടത്തിൽനിന്നു തങ്ങളെത്തന്നെ രക്ഷിക്കുന്നതിനും തീരെ പ്രാപ്തിയി

ല്ലാത്തവരായി മാതാപിതാക്കന്മാരുടെ ആശ്രയത്തിൻ കീഴ് മുഴുവനും ഇരിക്കുന്നു. ഒരു പ്രായം കഴിവോളത്തേക്കു അമ്മയച്ചന്മാരുടെ എങ്കിലും അവരുടെ സ്ഥാനത്തിൽ നില്ക്കുന്നവരുടെ എങ്കിലും പ്രയത്നം കൂടാതെ അവക്കു രക്ഷപെടുവാൻ ഒരു പ്രകാരത്തിലും കഴിയുന്നതല്ല. ഇതു വളരെ കാലത്തേക്കു മക്കൾ അപ്പന്റെയും അമ്മയുടെയും ആശ്രയത്തിൻ കീഴിരിക്കണം എന്നു സൃഷ്ടികർത്താവു ചട്ടമായി നിയമിച്ചിരിക്കുന്നതു ചില കാരണങ്ങൾ കൂടാതെയല്ല. ആയതിന്റെ മുഖ്യമായ ഒരു സാദ്ധ്യം പൈതങ്ങൾ തന്തയുടെയും തള്ളയുടെയും വരുതിക്കീഴ് ഇരുന്നു നല്ല ശീലം പഠിപ്പാൻ വേണ്ടുന്ന സമയമുണ്ടാകുന്നതിനാകുന്നു. അന്നവസ്ത്രാദികൾക്കു മാതാപിതാക്കന്മാരുടെ സഹായം അനാവശ്യം എന്നു വന്നാൽ മക്കൾക്കു അവരുടെ അധികാരത്തിൽനിന്നു മാറിക്കളയാം. അങ്ങനെ ആയാൽ അവക്കു ഇവരെ വിദ്യാഭ്യാസത്തിലും സന്മാർഗ്ഗ മുറയിലും ശീലിപ്പിക്കുന്നതിനു പാങ്ങില്ലാതെയാകും. എന്നാൽ മനുഷ്യവർഗ്ഗത്തിൽ ദൈവം ഉറെപ്പിച്ചിരിക്കുന്ന നിയമപ്രകാരം പൈതങ്ങൾക്കു തങ്ങളുടെ ശീലം ഉറെക്കുവോളം മാതാപിതാക്കന്മാരുടെ അധികാരത്തിൻ കീഴിൽ നിന്നു പോകുവാൻ കഴിയാത്തതാകയാൽ കുഞ്ഞുങ്ങളെ പെറുപ്പത്തിലെ സത്യം സംസാരിപ്പിച്ചു ശീലിപ്പിക്ക എന്നുള്ള ഒരു മുറ അമ്മയച്ചന്മാരാൽ നടത്തേണ്ടുന്നതാകുന്നു എന്നു തെളിവാകുന്നു.

7. മനുഷ്യർ എല്ലാവരും തങ്ങൾക്കു സ്നേഹവും സമ്മതവുമുള്ള ആളുകൾ പറയുന്നതിനെ ഒക്കെയും അനുസരിക്കും. എന്നാൽ അപ്പനും അമ്മക്കും മക്കളോടു ഒരു ജാത്യസ്നേഹം ഉള്ളതു പോലെ മക്കൾക്കു അവരോടും ഒരു

ശക്തിയുണ്ടു. ഓരോ ശക്തി സ്വഭാവികമല്ല ആഗന്തുകം മാത്രം ആകുന്നു എന്നിരുന്നാലും അതു ശക്തിയോടു വ്യാപരിക്കുന്ന ഒരു പ്രമാണമാകുന്നു. എന്തെന്നാൽ ഒരു പൈതലിന്റെ ഉപകാരത്തിനായിട്ടു അവന്റെ അമ്മയച്ഛന്മാർ രാപകൽ അദ്ധ്വാനപ്പെടുകയും അവനു വേണ്ടുന്നതു എല്ലാം താല്പര്യത്തോടു അന്വേഷിച്ചുകൊടുക്കയും ചെയ്യുന്നതും അവന്റെ സുഖത്തിൽ സദാ സന്തോഷിക്കയും അവന്റെ ദുഃഖത്തിൽ എല്ലായ്പോഴും സഹതപിക്കയും ചെയ്യുന്നതും അവൻ ദിവസേന കാണുന്നതാകയാൽ അവർ തന്നെ അവനെ സാക്ഷാൽ സ്നേഹിക്കുന്നവർ എന്നു അവനു പൂർണ്ണ നിശ്ചയമുണ്ടു. ആകയാൽ മറുള്ളവരുടെ വാക്കിൽ എന്തെല്ലാം സംശയം ഉണ്ടായിരുന്നാലും മാതാപിതാക്കന്മാർ തങ്ങളെ ചതിക്കും എന്നുള്ള വിചാരം പോലും മക്കളുടെ മനസ്സിൽ ചെല്ലുന്നതല്ലായ്കകൊണ്ടു അവർ പറയുന്നതൊക്കെയും ഇവക്കു നല്ല സമ്മതമാകും. പിന്നെയും അച്ഛന്റെയും അമ്മയുടെയും ആശ്രയത്തിൻ കീഴിരിക്കുന്ന ശൈശവം മനുഷ്യക്കു അറിവും നിഗളവുമില്ലാതെയും തങ്ങളാൽത്തന്നെ യാതൊന്നും നിർണ്ണയിപ്പാൻ കഴിയാതെയും ഇരിക്കുന്ന പ്രായവും തങ്ങളുടെ മാതാപിതാക്കന്മാക്കു എല്ലാകാര്യത്തിലും അറിവും സർവ്വത്തെയും വഹിക്കുന്നതിനു പ്രാപ്തിയും ഉണ്ടെന്നു തോന്നിപ്പോകുന്ന പട്ടതിയുമാകയാൽ ദോഷമാകട്ടെ ഗുണമാകട്ടെ അവർ എന്തെങ്കിലും പറഞ്ഞാൽ ഇവക്കു വിശ്വാസവും സമ്മതവുമാകും. സത്യം സംസാരിക്കുന്നതു ദോഷത്വവും കുരള പറയുന്നതു സാമർത്ഥ്യവും ആകുന്നു എന്നു തന്തയോ തള്ളയോ പഠിപ്പിച്ചാൽ അതു മക്കൾക്കു ബോധമാകും. മറിച്ചു ചതിവും വ്യാജവും അബദ്ധമായിട്ടുള്ളതും നേരും പരമാർത്ഥതയും

ആവശ്യമായിട്ടുള്ള മറയും എന്നാകുന്നു അവർ ചൊല്ലി കൊടുക്കുന്നതു എങ്കിൽ അതിൻവണ്ണം ഇവർ പ്രവൃത്തിപ്പാൻ നോക്കും.

8. എന്നാൽ മനുഷ്യരെ ശിശുപ്രായത്തിൽ എന്തെങ്കിലും അഭ്യസിപ്പിച്ചാൽ അതു അവക്കു ശീലമാകും എന്നുള്ളതിന്നു ഒരു ആക്ഷേപം പറവാനുണ്ടു. ഓരോ ജാതും മനുഷ്യക്കു ജനനത്തിങ്കലേ ഉള്ളതാകയാൽ അതു അഭ്യാസം കൊണ്ടു മാറിയാൽ മാറുന്നതല്ല. കരിമ്പു ചെളിയിൽ നട്ടു ചാണകം വളം ചെയ്തു വളർത്തിയാലും കരിമ്പിൻ നീരു മധുരിക്കാതിരിക്കയില്ല. കാഞ്ഞിരക്കുരു പഞ്ചസാരയിൽ കുഴിച്ചുവെച്ചു തേൻകൊണ്ടു വെള്ളം കോരിയാലും കാഞ്ഞിരത്തിൻപഴം മധുരമായി വരികയില്ല കൈക്കെയുള്ളു. ഒരു പട്ടിയെ ചെറുപ്പത്തിലെ അന്നം തീററി പരിചയിപ്പിച്ചാലും മാംസത്തിങ്കൽ അതിനുള്ള ജാതുരസം മാറത്തില്ല. കറുപ്പു എത്ര ചെറുപ്പത്തിലെതിന്നു ശീലിച്ചതായിരുന്നാലും അതു മനുഷ്യക്കു കൈക്കുന്നതും പഞ്ചസാര ഒരു നാളും രുചിച്ചിട്ടില്ലായിരുന്നാലും അതു അവക്കു മധുരിക്കുന്നതുമാകുന്നു. ഇരിമ്പേൽ സാമാന്യ പട്ടതിയിൽ തൊട്ടാൽ തണുക്കും എങ്കിലും അതിൽ രണ്ടു ഖണ്ഡം തമ്മിൽ ക്രട്ടിയുരക്കുമ്പോൾ അനെച്ചയുണ്ടാകയും തമ്മിൽ ക്രട്ടിത്തല്ലുമ്പോൾ തീപ്പൊരി പുറപ്പെടുകയു ചെയ്യുന്നതുപോലെ മുതിരുമ്പോൾ മനുഷ്യരിൽ തെളിഞ്ഞുകാണുന്ന ശീലങ്ങൾ ശിശുത്വത്തിൽ അവരിൽ ഉള്ളടക്കമായിരിക്കുന്നവയാകുന്നു അതുകയാൽ ചെറുപ്പത്തിൽ മാനുഷഹൃദയം വെറും പാത്രംപോലെ രിക്തമായിരിക്കുന്നു എന്നുള്ളതു ശരിയായിരുന്നാൽ ചില പദാർത്ഥങ്ങളെ സ്വയമായി കൈക്കൊള്ളുന്നതിന്നും മറു ചിലതിന്നു

സ്ഥലം കൊടുക്കാതിരിക്കുന്നതിനും ആ പാത്രത്തിനു സ്വഭാവ വശാൽ ഉണ്ടെന്നും കൂടെ കരുതുവാനുള്ളതാകുന്നു.

ഓരോ വ്യവഹാരം ഒരു മുറയിൽ നോക്കുമ്പോൾ നേരോട്ട ഒത്തതും ന്യായത്തിനു തക്കതും തന്നെ എന്നു വരികിലും നാം വിസ്തരിക്കുന്ന സംഗതിക്കു അതു ഒരു പ്രബലമായ ആക്ഷേപമാകത്തില്ല. എന്തെന്നാൽ വസ്തുക്കളുടെ മൂലാധാരമായിരിക്കുന്ന ലക്ഷണങ്ങൾക്കു വളർച്ച വ്യത്യാസത്താൽ ഇല്ലായ്മ വരുന്നില്ല എങ്കിലും വളരെ ഭാവഭേദങ്ങൾ വരുന്നുണ്ടു എന്നു പരിജ്ഞാനംകൊണ്ടു തെളിവാകുന്നു. കരിമ്പു നട്ടു വളത്തുന്ന നിലത്തിന്റെയും വളത്തിന്റെയും തരവ്യത്യാസം കൊണ്ടു ശർക്കരെക്കു രുചിഭേദം വരുന്നില്ലയോ. അന്നം കൊടുത്തു വളത്തുന്ന നായിക്കു മാംസത്തിലുള്ള രസം അറുപോകത്തില്ല. എങ്കിലും അതിനെ വൃത്തിയോടെ വളർത്തിയാൽ അമേധ്യത്തിന്മേൽ ആഗ്രഹം ചെല്ലാതെ ആകും. കടുവാ പുലി പാമ്പു മുതലായ ദുഷ്ടജന്തുക്കൾ തന്നെയും ചെറുപ്പത്തിലേ പിടിച്ചു മരുക്കിയാൽ വളർത്തുന്നവരോടു ഒരു പ്രകാരത്തിൽ ഇണക്കവും അനുസരണവും ഉള്ളവയായി വരുന്നു. ജന്മപാപം മൂലം മനുഷ്യനു സാക്ഷാൽ രസമുള്ളതു ദോഷത്തിങ്കലാകുന്നു എന്നു വരികിലും തിന്മയിങ്കലേക്കു മനസ്സിനു ജാത്യാലുള്ള ആഗ്രഹത്തിനു ചെറുപ്പം തുടങ്ങിയുള്ള വിദ്യയും അഭ്യാസവും മൂലം നന്നാ അടക്കമായിരിക്കുന്നതു നാം നിത്യം കാണുന്ന ഒരു കാര്യമാകുന്നു. പിന്നെയും മനുഷ്യഹൃദയം പൊതുവിൽ പാപത്തിങ്കലേക്കു ചാഞ്ഞിരിക്കുന്നു എങ്കിലും സത്യം സംസാരിക്ക അതിനു ജാത്യവും സത്യവാദഭംഗമാകുന്ന കുറ്റ അതിന്റെ സ്വഭാവത്തിനു വിരോധവുമാകുന്നു എന്നു മുൻ തെളിവാക്കിയി

രിക്കയാൽ പൈതങ്ങളെ സത്യം പറഞ്ഞു ശീലിപ്പി
ക്കേണം എന്നുള്ളതിന്നു മേൽപ്പറഞ്ഞ ആക്ഷേപം ഒട്ടും
തന്നെ ഫലിക്കത്തില്ല.

9. ചെറുപ്പത്തിലേയുള്ള ശീലിപ്പു ഇത്ര സഫലമാ
കുന്നു എങ്കിൽ ദൈവഭക്തിയുള്ള മാതാപിതാക്കന്മാരുടെ
കീഴിൽ സൂക്ഷ്മത്തോടെ വളർത്തപ്പെട്ട പൈതങ്ങളിൽപ്പലരും
പ്രായം ചെല്ലുമ്പോൾ ഉമ്മാഴ്ഗികളായിട്ടും അമ്മയപ്പന്മാ
രാൽ ഉദാസീനമായി എങ്കിലും വഷളായി എങ്കിലും വള
ർത്തപ്പെട്ടവരിൽ ഒട്ടുപേർ മുതിരുമ്പോൾ സന്മാഴ്ഗികളായി
ട്ടും തീരുന്നതു എങ്ങിനെ എന്നു വായനക്കാർ പക്ഷേ
ചോദിക്കുമായിരിക്കും. എന്നാൽ ഇപ്രകാരം വേലയും
ഫലവും തമ്മിൽ മറുകൃതിയായി വരുന്നുണ്ടായിരുന്നാൽ
ആയതു തുലോം ചുരുക്കമാകയാൽ അവയെ നാം പ്രമാ
ണമാക്കേണ്ടുന്നതല്ല. എന്തെന്നാൽ ഒരു പ്രവൃത്തി ചെ
യ്യുന്നതിൽ മനുഷ്യർ അതിന്റെ സാധാരണ ഫലങ്ങളെ
അല്ലാതെ തരം പിഴെച്ചു വരുന്ന ബാധകങ്ങളെ വക
വെക്കുന്നില്ല. കൃഷി കച്ചവടങ്ങളാൽ ചിലപ്പോൾ നഷ്ടം
വരുന്നതു കാരണത്താൽ ആരും അത്തൊഴിലുകളിൽ ഏല്പ
ടാതിരിക്കുന്നില്ല. ചില രോഗങ്ങൾക്കു വൈദ്യം ചെയ്തിട്ടും
പൊരുതിയില്ലാതെയും ചിലതിന്നു മരുന്നു കൊടുക്കാതെ
താനേ സൌഖ്യം വന്നും കാണുന്നതുകൊണ്ടു യാതൊരുത്ത
നും ദീനത്തിങ്കൽ ചികിത്സ വേണ്ടാ എന്നു നിശ്ചയിക്കു
ന്നില്ല. ചിലർക്കു ഔഷധം ഫലിക്കാത്തതു രോഗത്തിന്റെ
കാഠിന്യതകൊണ്ടാകുന്നു എന്നും ചിലർക്കു തന്നേ പൊരുതി
വരുന്നതു കായബലം കൊണ്ടാകുന്നു എന്നും എല്ലാവരും
ഒഴിവു വിചാരിക്കയും വൈദ്യം സാധാരണമായിട്ടു രോ
ഗശാന്തിക്കു ആവശ്യം എന്നു സമ്മതിക്കയും ചെയ്യുന്നു.

പിന്നെയും വല്ല കാര്യത്തിലും നമ്മുടെ പ്രയത്നം സഫലമാകുന്നില്ല എന്നു വെച്ചു നാം ചെയ്യേണ്ടുന്ന മുറയെ ചെയ്യാതിരുന്നുകൂടാ. വേല ചെയ്തു നമ്മുടെ മുറയും ഫലിപ്പിക്കുന്നതു ദൈവത്തിന്റെ കാര്യവുമാകുന്നു. നാം ചെയ്യേണ്ടുന്നതിനെ ചെയ്തില്ലെങ്കിൽ അതു നമുക്കു പാപമാകും. മക്കളെ പഠിപ്പിക്കേണം എന്നുള്ളതു ദൈവകല്പനയാകുന്നു. നമ്മുടെ വേല നിഷ്ഫലമായി ഭവിച്ചേക്കും എന്നുള്ള സംശയം നിമിത്തം ഒരു മുറയെ നാം ഉദാസീനമായി വിചാരിച്ചാൽ സകല മനുഷ്യരെയും അവരവരുടെ പാപപുണ്യങ്ങളുടെ പ്രകാരം സർവ്വേശ്വരൻ വിധിക്കുന്ന ഭയങ്കര ദിവസത്തിൽ നാം ഉത്തരം പറയേണ്ടി വരികയും ചെയ്യും.

മാതാപിതാക്കന്മാർ മക്കളെ ചെറുപ്പം മുതലെ സത്യം സംസാരിച്ചു ശീലിപ്പിക്കേണ്ടിയ ആവശ്യത്തെക്കുറിച്ചു നാം വിസ്തരിപ്പാൻ ഭാവിച്ചതൊക്കെയും ഇപ്പോൾ പറഞ്ഞു തീർന്നിരിക്കയാൽ ആയതിനെ ഒരു സമാപ്തിയിങ്കൽ എത്തിക്കുന്നതിനു മുൻപിൽ അമ്മയപ്പന്മാർ ഒരു മുറയെ നടത്തേണ്ടുന്നതു എങ്ങനെ എന്നുള്ളതിനെക്കുറിച്ചു ചുരുക്കത്തിൽ ചില ബുദ്ധിയുപദേശങ്ങളെച്ചൊല്ലി കൊടുക്കുന്നതു യുക്തമെന്നു ഞങ്ങൾ വിചാരിക്കുന്നു.

1. പൈതങ്ങൾക്കു സത്യാസത്യം തമ്മിലുള്ള വ്യത്യാസം അറിവാൻ പ്രാപ്തി വന്നാൽ ഉടനെ കുരള പറയുന്നതു ദോഷവും ഭോഷത്വവും നികൃഷ്ടതയും ആകുന്നു എന്നു അവരുടെ മനസ്സിൽ ആക്കേണം. ആ വ്യത്യാസം നമ്മിൽ പലരും പക്ഷെ ഊഹിക്കുന്നതിനെക്കാൾ തുലോം ചെറുപ്പത്തിലേ അറിയുന്നതിനു അവർക്കു വശമുണ്ടു. നാലു വയസ്സാകുന്നതിനു മുൻപിൽ അവർ കള്ളം പറഞ്ഞു പഠിക്കുന്നതാകയാൽ അതു പാപമാകുന്നു എന്നു പറഞ്ഞു

കൊടുത്താൽ ഗ്രഹിപ്പാനും അപ്പോൾ അവർ പ്രാപ്തന്മാരാകുന്നു. വ്യാജവാദം ദോഷമാകുന്നു എന്നു നാം പറയുന്ന ഗുണദോഷം ക്രൂടെക്കൂടെയും ശ്രദ്ധാന്തിയോടും ആയിരിക്കേണം. മനുഷ്യർ സാധാരണമായിട്ടും ഉത്തമകാര്യങ്ങളിൽ ഇഷ്ടപ്പെടുന്നവരല്ല. കളിശീലക്കാരായ പൈതങ്ങളൊ അവർ പ്രത്യേകം ഇങ്ങനെയുള്ള സംഗതികളെ എളുപ്പത്തിൽ മറന്നു കളയുന്നു. എന്നാൽ ഏതെങ്കിലും ഒരു സംഗതി പല പ്രാവശ്യവും പറഞ്ഞു കേൾക്കയുണ്ടായാൽ അതു വലിയ മറവിക്കാരൻ തന്നെയും മനസ്സിൽ ഓർമ്മ നില്ക്കുന്നതാകയാൽ ക്രൂടെക്കൂടെ ബുദ്ധിപറകനല്ലതാകുന്നു. പിന്നെയും നമ്മുടെ ഗുണദോഷവൃത്തമാനം താല്പര്യത്തൊടു ക്രൂടെ ആയിരിക്കണം. കളിഭാവത്തിൽ ഏറെപ്പറയുന്നതിനെക്കാൾ ഗൌരവത്തോടു കുറയപ്പറയുന്നതിൽ അധികം ഫലമുണ്ടു. വിശേഷിച്ചും നാം പറഞ്ഞു പഠിപ്പിക്കുന്ന കാര്യങ്ങൾ ദൃഷ്ടാന്തങ്ങളാൽ തെളിവാക്കപ്പെടണം. മനുഷ്യർക്കു എല്ലാവർക്കും പ്രത്യേകം കുഞ്ഞുങ്ങൾക്കു പ്രമാണങ്ങളെക്കൊണ്ടു മനസ്സിലാകാത്ത സംഗതികൾ ഉദാഹരണങ്ങളാൽ വിവരമാകുന്നുണ്ടു. കുരട്ട പറയുന്നതു ദോഷവും നീചത്വവും ആകുന്നു. എന്നു തെളിവാക്കുവാൻ തക്ക വളരെച്ചെറിയ കഥകൾ വേദസംബന്ധമായും ലോകസംബന്ധമായുമുള്ള ചരിത്രങ്ങളിൽ അടങ്ങിയിരിക്കുന്നതും അവയെപ്പൊതുജനങ്ങൾക്കായിട്ടുള്ള ചില പാഠപുസ്തകങ്ങളിൽ അവരുടെ കൊച്ചു മനസ്സിന്നു രസം വരത്തക്ക ഭാഷയിൽ എടുത്തു പറഞ്ഞിട്ടുള്ളതുമാകയാൽ അവയെ വായിച്ചൊ പറഞ്ഞൊ കുഞ്ഞുങ്ങളെ കേൾപ്പിക്കുന്നതു ഒരു സാദ്ധ്യത്തിന്നു നന്നാ ഉപകരിക്കും. വിശേഷിച്ചും നമ്മുടെ ചുറ്റും സംഭവിക്കുന്ന കാര്യങ്ങളെ നാം

സൂക്ഷിച്ചു നോക്കുന്നവർ ആകുന്നു എങ്കിൽ മനുഷ്യർക്ക് സത്യം സംസാരിക്കുന്നതിനാൽ പലപ്പോഴും ഗുണങ്ങളും വ്യാജം പറയുന്നതിനാൽ ക്രമേണ ആപത്തുകളും വരുന്നതും നമുക്കു ചിലപ്പോൾ കാണാറാകും. അങ്ങനെയുള്ള സംഗതികൾ ഉണ്ടാകുമ്പോൾ ആയവയെ പൈതങ്ങൾക്കു വേഗത്തിൽ മനസ്സിലാകുന്നതിന് കാണിച്ചു കൊടുക്കണം. കേട്ടറിയുന്നവയെക്കാൾ കണ്ടു ബോധിക്കുന്നവയാൽ മനുഷ്യർക്കു ഉള്ളിൽക്കൊള്ളുവാൻ വരുന്നതാകകൊണ്ടു സത്യത്തോടുള്ള സ്നേഹവും വ്യാജത്തോടു വെറുപ്പും ശിശുക്കളുടെ മനസ്സിൽ വരുന്നതിനു ഇങ്ങനെയുള്ള സംഗതികൾ ചരിത്ര കഥകളെക്കാൾ വിശേഷമാകുന്നു.

2. കുറെ പറയാതെ സത്യം സംസാരിക്കണം എന്നുള്ളതിനു നാം കൊടുക്കുന്ന പ്രമാണങ്ങൾ ശിക്ഷാരക്ഷകളാൽ ഉറപ്പിക്കപ്പെടേണ്ടുന്നതാകുന്നു. പൈതങ്ങൾ ചെറുപ്പത്തിലെ ചില കുറങ്ങൾ ചെയ്യുന്നതാകകൊണ്ടു അവയെ മൂടുന്നതിനു കുറെ എന്നുള്ള ഉപായം അവർ ചിലപ്പോൾ എടുത്തു പെരുമാറാതിരിക്കയില്ല. അവർ ഇതിൻ വണ്ണമുള്ള കൌശലം പ്രയോഗിച്ചാൽ ആയതു തെളിയിക്കുന്നതിനു നമുക്കു പ്രത്യേകം താല്പര്യമുണ്ടായിരിക്കേണം. തെളിഞ്ഞു വന്നാൽ അതിനായിട്ടു വിശേഷാൽ കുറ്റപ്പാടു വേണ്ടുന്നതുമാകുന്നു. ചെയ്ത കുറ്റത്തിനു വേറെ ശിക്ഷയും അതിനെ മൂടുവാൻ പറഞ്ഞ കുറ്റത്തിനു വേറെ ശിക്ഷയും ഉണ്ടായിരിക്കണം. ശിക്ഷിക്കുന്നതിൽ അധികം നോവുതക്കവണ്ണം കഠിനമായിട്ടു അടിച്ചേ കഴിവു എന്നില്ല. അങ്ങനെ ചെയ്യുന്നതിൽ വെച്ചു പൈതങ്ങളുടെ മനസ്സു കുടുക്കയും അവരുടെ ദേഹം വേദനക്കു ഉണർച്ചയില്ലാതതായിത്തീരുകയും ചെയ്യുന്നതല്ലാതെ വിശേഷാൽ

സാദ്ധ്യവും പ്രയോജനവും ഉള്ളപ്രകാരം തോന്നുന്നില്ല. എല്ലായ്പോഴും സന്തോഷഭാവത്തോടെ ഇരിക്കുന്ന അപ്പനൊ അമ്മയൊ കോപഭാവം കാണിക്കയൊ ആ ഭാവത്തോടെ പതുക്കെത്തല്ലുകയൊ ചെയ്താൽ അതു കൊച്ചുങ്ങളുടെ മനസ്സിൽ നന്നാക്കൊള്ളുന്നതുമാകുന്നു. വ്യാജം പറെക മൂലം ഇരട്ടിപ്പുടി ശിക്ഷെക്കു ഇടവന്നാൽ ആ കാരണം വിവരം പോലെ അവരുടെ മനസ്സിൽ ചെന്നെത്തിയിരിക്കണം. അവർ ചെയ്തുപോയ കുറ്റത്തെ പരമാർത്ഥത്തോടും ദുഃഖത്തോടും നമ്മുടെ മുൻപാകെ ഏറ്റുപറെഞ്ഞാൽ ശിക്ഷ കുറെക്കയൊ മാപ്പുകൊടുക്കയൊ ചെയ്യേണ്ടുന്നതുമല്ലാതെ ശിക്ഷെക്കു ധൈര്യം വന്നതു പരമാർത്ഥത്തോടു കൂറും ഏറ്റു പറെഞ്ഞതു നിമിത്തം ആകുന്നു എന്നു അവരുടെ മനസ്സിൽ ആക്കുകയും വേണം. പിന്നെയും വ്യാജം പറെയുന്നതിനുള്ള വശീകരണങ്ങൾ വന്നിട്ടു അവർ അവയെ ജയിച്ചു സത്യത്തെപ്പാലിച്ചു എന്നു നാം കണ്ടാൽ അതിന്നായിട്ടു അവരോടു വിശേഷാൽ സന്തോഷം കാണിക്കണം. മേലാൽ ഇങ്ങനത്ത വേലയിൽ അവക്കു താല്പൎയ്യവും ഉത്സാഹവും തോന്നുന്നതിന്നു വേണ്ടി ചില ഇഷ്ടകരമായ സമ്മാനങ്ങളെ കൊടുക്കുന്നതും ഉപകാരമാകുന്നു. എന്നാൽ കുഞ്ഞുങ്ങളുടെ സന്തോഷം മിക്കവാറും വേണ്ടാത്ത വയിൽ ആയിരിക്കയാൽ അവരുടെ ഇഷ്ടംമാത്രം നോക്കി നാം സമ്മാനം കൊടുക്ക എന്നു വെച്ചാൽ ആ സമ്മാനങ്ങൾതന്നെ അവരുടെ മനസ്സു നിസ്സാരവും വഷളുതപവുമായി തീരുന്നതിന്നു ഉപയോഗമാകും. എന്നതുകൊണ്ടു നാം കൊച്ചുങ്ങൾക്കു കൊടുക്കുന്ന സമ്മാനങ്ങൾ അവരുടെ കാഴ്ചക്കു തല്ക്കാലം രസമുള്ളതായിരിക്കുന്നതു കൂടാതെ അവരുടെ വിചാരങ്ങളെ വലിപ്പത്തിലേക്കു ഉയർത്തുവാനും

അവരുടെ ആഗ്രഹങ്ങളെ നന്മയിലേക്ക് ഉത്സാഹിപ്പിപ്പാനും തക്കതു കൂടെ ആയിരിക്കേണം.

3. കുഞ്ഞുങ്ങൾക്ക് ചില സിദ്ധാന്തമുള്ളതിനെ ഭയംകൊണ്ടു അമർച്ച വരുത്തുവാനായിട്ടും അവരുടെ കരച്ചൽ നിർത്തി അവരെ സന്തോഷിപ്പിപ്പാനായിട്ടും ചില ഭീഷണികളെയും കള്ള കഥകളെയും പറക മാതാപിതാക്കന്മാർ പ്രത്യേകം തള്ളമാരും കുഞ്ഞുങ്ങളെ സൂക്ഷിക്കുന്നവരും നടപ്പായിട്ടു ചെയ്യുവരുന്ന ഒരു ഉപായമാകുന്നു. ഇങ്ങനെയുള്ള കള്ളങ്ങൾ അവരുടെ തല്ക്കാല സാദ്ധ്യത്തിന്നു കൊള്ളുന്നു എന്നു വരികിലും പൈതങ്ങളെ വ്യാജത്തിന്നു രൂപപ്പെടുത്തുന്നതിന്നു അതു ഒരു മുഖ്യമായ മുഖാന്തിരമാകുന്നു. എന്തെന്നാൽ ഇത്തരത്തിലുള്ള വർത്തമാനങ്ങൾ നേരുള്ള വയല്ല എന്നു അവർ എളുപ്പത്തിൽക്കണ്ടു പിടിക്കുന്നതാകയാൽ അവർ കുരള പറയുന്നതിൽ പാപമില്ലെന്നു നിശ്ചയിക്കയും തങ്ങളുടെ മാതാപിതാക്കന്മാരെ തന്നെയും സംശയിപ്പാൻ പഠിക്കയും ചെയ്യുന്നു. എന്നാൽ ദുർഭ്രതങ്ങളെക്കുറിച്ചും മറവും മനുഷ്യർ പെരുപ്പത്തിൽ കേൾക്കുന്ന ഭയങ്കര കഥകളും വ്യാജമാകുന്നു എന്നു അവർ ചുരുക്കേ കണ്ടുപിടിക്കുന്നില്ല. നിശ്ചയം. പെരുപ്പത്തിൽ മനസ്സിൽ കയറുന്ന കാര്യങ്ങൾ എളുപ്പത്തിൽ അവിടെനിന്നു ഇറങ്ങുന്നതല്ലായ്കയാൽ ആ കഥകളെ ജീവപര്യന്തവും അവരിൽപ്പലരും യഥാർത്ഥമായിട്ടു വിശ്വസിക്കയും ചെയ്യുന്നു. അവ ഭോഷ്കാകുന്നു എന്നു ബുദ്ധികൊണ്ടു നിശ്ചയിക്കുന്നവരിൽത്തന്നേ പലർക്കും ഭയവും ദുഃഖവും കയറി മനസ്സിന്നു ഇളക്കം വരുന്നയവസ്ഥയിൽ അവയെക്കുറിച്ചുള്ള ഓർമ്മകയിൽനിന്നു ഒഴിഞ്ഞിരിക്കുന്നതു ബഹു പ്രയാസമായിട്ടു കാണുന്നു. ആകയാൽ തല്ക്കാല

സാദ്ധ്യത്തിന്നായിട്ടു ഇപ്രകാരമുള്ള കള്ളക്കഥകളെ പൈതങ്ങളോട പറെഞ്ഞു കേൾപ്പിക്ക നിമിത്തം അവക്ക പ്രായം ചെല്ലുമ്പോൾ അനാവശ്യമായിട്ടുള്ള ഭയത്തിന്നും വിന്മിഷ്ടങ്ങൾക്കും ഇട വരുന്നതാകയാൽ അതിനെ മാതാപിതാക്കന്മാരും കുഞ്ഞുങ്ങളെ വളൎത്തുന്നവരും താല്പൎയ്യത്തോടെ വെടിയേണ്ടുന്ന ഒരു കായ്മാകുന്നു.

4. അസത്യം സംസാരിക്കരുതെന്നു പൈതങ്ങളെ നാം തന്നെ പറെഞ്ഞു പഠിപ്പിക്കുമ്പോൾ നമ്മുടെ പ്രമാണങ്ങളോട നാം കാണിക്കുന്ന ദൃഷ്ടാന്തങ്ങളും ക്രമേ ഒത്തിരിക്കണം. നമ്മുടെ വാക്കും പ്രവൃത്തിയും തമ്മിൽ വ്യത്യാസമായിരുന്നാൽ നമ്മുടെ പഠിപ്പിക്ക ഒരു സാരവുമാകയില്ല. മനുഷ്യർ എല്ലാവരും വാക്കുകേട്ടു പഠിക്കുന്നതിനെക്കാൾ കാണിക്കുന്നതു കണ്ടാകുന്നു എളുപ്പത്തിൽ വശമാകുന്നതു. നമ്മുടെ പ്രമാണങ്ങളും ദൃഷ്ടാന്തങ്ങളും തമ്മിൽ വിരോധമായിരുന്നാൽ നമ്മെ കൌശലക്കാർ എന്നു വിചാരിക്കുന്നതല്ലാതെ നമ്മുടെ ഗുണദോഷത്തെ ആരും ഗണ്ണിക്കയില്ല. മദ്യപാനത്തിന്റെ ദൂഷ്യത്തെയും പാപത്തെയും ഒരുത്തൻ ബഹു ശക്തിയോടും വാഗ്വൈഭവത്തോടും പ്രസംഗിക്കയും അവൻ തന്നെ ആ ദോഷത്തിൽ മുഴുകി കിടക്കയും ചെയ്താൽ അവന്റെ വാക്കു പ്രമാണിച്ചു വല്ലവനും കള്ളുകുടി മാറുമോ കൈക്കൂലി വാങ്ങിക്കരുതെന്നു മേലുദ്യോഗസ്ഥന്മാർ നിഷ്കൎഷയായിട്ടു ചട്ടം കെട്ടുകയും തരത്തിന്നു വന്നാൽ അവർ തന്നെ വാങ്ങിക്കയും ചെയ്താൽ അവരുടെ ചട്ടത്തെ കീഴുദ്യോഗസ്ഥന്മാർ വകവെക്കുമോ. അവർ തന്നെ ഇവരോടു കൈക്കൂലി സമ്മാനങ്ങൾ വാങ്ങിച്ചിരിക്കെ ഇവരുടെ പേരിൽ ആ കുറ്റം തെളിഞ്ഞാൽ ഇവരെ ശിക്ഷിക്കുന്നതിന്നു അവക്ക എങ്ങനെ

ധൈര്യമുണ്ടാകും. അങ്ങനെ തന്നേ ചില അമ്മയച്ഛന്മാർ സത്യം സംസാരിക്കേണം എന്നു തങ്ങളുടെ മക്കളെ താല്പ ര്യത്തോടു പറഞ്ഞു പഠിപ്പിക്കുന്നു എന്നുവരികിലും അ വർ തന്നേ കള്ളിയിലും കായ്ത്തിലും പൈതങ്ങളോടും പൈതങ്ങൾ കേൾക്കയും കൂടെ പറയുന്നതുകൊണ്ടു അവ രുടെ പഠിപ്പിക്ക തീരെ വ്യർത്ഥമായിപ്പോകുന്നു.

5. എന്നാൽ മാതാപിതാക്കന്മാർ ഒരു മുറയെ താ ല്പര്യത്തോടു നടത്തേണം. എങ്കിൽ ഇതു എത്ര സാരവും ആവശ്യവുമായിട്ടുള്ളതിൽ ഒരു മുറയാകുന്നു എന്നു അവരു ടെ മനസ്സിൽക്കൊള്ളേണം. മനുഷ്യർക്കു ഉള്ളിൽ കൊള്ളി ല്ലാത്ത കായ്ത്തെക്കുറിച്ചു വാക്കിലും പ്രവൃത്തിയിലും അത്ര ശ്രദ്ധാനന്ദി കാണുകയില്ല. സത്യഭംഗം മഹാദോഷവും നിന്ദ്യവുമായിട്ടുള്ള ഒരു പാപമാകുന്നു എന്നും തങ്ങളുടെ മക്കൾ അസത്യവാദികളായിട്ടു വളർന്നാൽ അതു അവർക്കു ഇഹലോകത്തിൽ ദോഷവും പരലോകത്തിൽ നരകവുമാ കുന്നു എന്നും അവരുടെ മനസ്സിൽ എല്ലായ്പോഴും ഇരിക്കേ ണം. കുഞ്ഞുങ്ങളെ തല്ലാലം പ്രസാദിപ്പിക്കുന്നതിനു വേണ്ടി അവരുടെ തന്നിഷ്ടങ്ങളെ സാധിച്ചുകൊടുക്കുന്ന തല്ല അവർ പിന്നിട്ട മാനമായിട്ടും സുകൃതമായിട്ടും ഊഴം കഴിപ്പാൻ തക്കവണ്ണം വളർത്തുന്നതാകുന്നു ബുദ്ധിയോടുകൂ ടിയ സ്നേഹം എന്നു അവർ ഗ്രഹിക്കേണം. അവരുടെ ശരീര സൌഖ്യം കരുതി അവരെ വളർത്തുകയും പിന്നീട്ട മാനമായിട്ട കഴിയുന്നതിനു വേണ്ടുന്ന മുതൽ കായ്ങ്ങളെ അവർക്കു സമ്പാദിച്ചു വെക്കയും ചെയ്യുന്നതിനെക്കാൾ വി ദ്യാഭ്യാസവും സന്മാർഗ്ഗ ശീലവും അവർക്കു വശമാക്കികൊട ക്കുന്നതാകുന്നു സാരം എന്നു അവർ ബോധിക്കേണം. എ ന്നല്ല മക്കൾ വിദ്വാന്മാർ എന്നുള്ള കേൾവിയെക്കാൾ

സത്യവാന്മാർ എന്നുള്ള ബഹുമാനത്തിൽ അവർ അധികം വില വെക്കേണം. അവക്കു ഇഹലോകത്തിൽ സൌഖ്യവും ബഹുമാനവും വരുന്നതിനെക്കാൾ പരലോകത്തിൽ നിത്യഭാഗ്യം ലഭിക്കയാകുന്നു വിശേഷം എന്നു അവർ നിശ്ചയിക്കേണം ഇപ്രകാരമായാൽ തങ്ങളുടെ മക്കളെ സത്യം പറെഞ്ഞു ശീലിപ്പിക്കുന്നതിനു മാതാപിതാക്കന്മാക്കു താല്പര്യം കാണും. എന്തെന്നാൽ അസത്യവാദികൾ സ്വർഗ്ഗരാജ്യത്തെ അനുഭവിക്കയില്ല എന്നുള്ള വേദവിധിയെ അവർ എല്ലായ്പോഴും ഓർക്കും.

6. ംരം മുറയെ നടത്തുന്നതിനു നമുക്കു പ്രാപ്തിയുണ്ടാകുവാൻ സഹായത്തിനായിട്ടു നാം സർവ്വേശ്വരനോടു പ്രാർത്ഥിക്കയും നമ്മുടെ ംരം വേല സഫലമായിത്തീരുന്നതിനു അനുഗ്രഹത്തിനായിട്ടു അവങ്കൽത്തന്നെ ശരണം വെക്കയും വേണം. ദൈവസഹായം കൂടാതെ യാതൊരു നല്ല വേലയും നല്ലവണ്ണം ചെയ്യുന്നതിനു പാപിയായ മനുഷ്യനു കഴികയില്ല. അവനു ഓരോരോ തന്നിഷ്ടങ്ങളും വികാരങ്ങളും ഉള്ളതാകയാൽ ആയവ അവനെ ഇങ്ങനെയുള്ള കാര്യങ്ങളിൽ പലപ്പോഴും വിഘ്നപ്പെടുത്തും എന്നതു കൊണ്ടു ംരം സാരമായ മുറയെ നടത്തുന്നതിൽ നമുക്കു എല്ലായ്പോഴും താല്പര്യവും ഉത്സാഹവും ഉണ്ടാകേണ്ടുന്നതിനു ദൈവസഹായം ആവശ്യമാകുന്നു. പിന്നെയും മനുഷ്യരുടെ യാതൊരു വേലയും ദൈവാനുഗ്രഹം കൂടാതെ സാധ്യമാകുന്നില്ല. കൃഷിക്കാരൻ നിലം ഉഴവു ചാല് ചെയ്തു വിത്തിടുന്നു. ദൈവം ആകാശത്തുനിന്നു വേണ്ടുന്ന സമയത്തു മഴയെ അയച്ചില്ലെങ്കിൽ അവന്റെ അദ്ധ്വാനം വൃഥാവാകേയുള്ളൂ. വൈദ്യൻ രോഗത്തിനു ദിവ്യമായ ഔഷധം കൊടുത്താലും രോഗി മരിക്കേണം എന്നാകുന്നു

ദൈവഹിതം എങ്കിൽ ആ മരുന്നുകൊണ്ടു ഒരു ഫലവും വരികയില്ല. അപ്രകാരം തന്നേ നമ്മുടെ മക്കളെ സത്യവാദം മുതലായ സുകൃതങ്ങളിൽ ശീലിപ്പിക്കുന്നതിനു നാം എത്ര ശ്രമിച്ചാലും വേല ചെയ്താലും നമ്മുടെ പ്രയത്നത്തിന്മേൽ ഒരംശവരകടാക്ഷമില്ലാതിരുന്നാൽ ആയതു അസാദ്ധ്യമാകേയുള്ളൂ. എന്നാൽ നാം ദൈവത്തിങ്കൽ ആശ്രയം വെക്കാതെകണ്ടു ചെയ്യുന്ന വേലയെ അവൻ ഫലിപ്പിക്കും എന്നു വിചാരിക്കുന്നതിനു ന്യായമില്ലെല്ലോ. അങ്ങനെ ആയാൽ നാം സകലത്തിനും മതിയാകുന്നവർ എന്നുള്ള അഹമ്മതി നമ്മിൽ വന്നിട്ടും നാം ദൈവത്തെ മറന്നുകളയുന്നവർ ആകും. എന്നതുകൊണ്ടു പൈതങ്ങളെ സത്യം സംസാരിപ്പിച്ചു ശീലിപ്പിക്കുന്നതിലും മറെറല്ലാ ഉണ്മപ്രവൃത്തിയിലും നാം ദൈവത്തിങ്കൽ ശരണം വെക്കയും അവനോടു പ്രാർത്ഥിക്കയും ചെയ്യുന്നതു അത്യാവശ്യമാകുന്നു.

സമാപ്തി.

A LECTURE ON
TRUTHFULNESS

DELIVERED BY THE

VEN. K. KOSHI, D. D.

IN THE

SIRKAR SCHOOL ROOM, COTTAYAM,

ON THE 29 TH JUNE 1881.

കോട്ടയത്തു

സക്കാർ മലയാം പള്ളിക്കൂടത്തിൽ വച്ചു

1881 ജൂൻ 29 നു

സത്യത്തെ കുറിച്ചു

വെനറബിൽ കോശി ആർച്ചുഡീക്കൻ

പറഞ്ഞ പാഠകം.

സത്യത്തെക്കുറിച്ചുള്ള

ഒരു പാഠകം.

ഇന്നത്തെ വകെക്ക പ്രസംഗത്തിന നിയമിച്ചിട്ട ള്ളത സത്യം എന്ന മഹാ സാരമേറിയ വിഷയത്തെ സം ബന്ധിച്ച ഞകന്ന. ംരം സംഗതി എന്റെ പേക്ക നിയോഗിച്ചിരിക്കുന്ന പ്രകാരം അറിവു കിട്ടിയപ്പോൾ എത്രയും വന്ദ്യനും അതിപ്രിയനുമായോരു മഹാൻ വീട്ടിൽ വിരുന്ന വരുമ്പോഴെപ്പോലുള്ള വിചാരങ്ങൾ തോന്നി. അളിനോടുള്ള ഭക്തിവാത്സല്യം നിമിത്തം വന്നത സന്തോഷം എങ്കിലും വിരുന്നുകാരന്റെ അവസ്ഥെക്കും വലി മെക്കും തക്കതായുള്ള ഉപചാര സല്ക്കാരങ്ങൾ ചെയ്ത സന്തോഷിപ്പിച്ച അയപ്പാൻ പാങ്ങുകേടുള്ള സമയത്തെങ്കിൽ ബുദ്ധിക്ഷയമുണ്ടാകുമല്ലൊ. സത്യത്തേക്കാൾ മാഹാത്മ്യമേറിയ ഗുണം മറൊന്നില്ല. മനുഷ്യജാതിയുടെ സാക്ഷാൽ സൌഭാഗ്യത്തിന ഇതിനേക്കാൾ അധികം ഉപകരിക്കുന്നതുമില്ല. സത്യം ഉള്ളെടത്തു മറെല്ലാ സുകൃതങ്ങളും സംബന്ധ സഖ്യത വഴിയായി വന്ന ക്രൂടിക്കൊള്ളും. ഇതിനെ വെടിയുന്നവനൊ സകല ധർമ്മ വിധികളേയും അതിക്രമിപ്പാൻ തടവില്ലാത്തവനായിട്ടും തീരും. ഹിന്ദു ശാസ്ത്രപ്രകാരം നാല യുഗങ്ങൾ ഉണ്ടെന്നു പൊല്ലുന്നതിൽ മനുഷ്യക്ക സർവ്വ ഭാഗ്യങ്ങളും അനുഭവമായിരുന്ന കാലമെന്നു കീർത്തിപ്പെട്ടിരിക്കുന്ന ആദ്യത്തേതായ കൃതയുഗത്തെ സത്യയുഗമെന്നും പറയാറുണ്ടല്ലൊ. അതിനാൽ സത്യം ഭാഗ്യങ്ങൾക്ക ഒക്കെ മൂലമെന്നും അതു മാത്രവുമല്ല ംരം

സല്ഗുണത്തെ കുറിച്ചു പൂർവ്വിക ഹിന്ദുക്കളുടെ അഭി പ്രായം എത്രയും ഉയർന്നതായിരുന്നു എന്നും ബോധിച്ചു കൊള്ളാം. ഇപ്പോഴൊ ഈ ശ്രേഷ്ഠഗുണത്തെ വഴി പോലെ ആദരിക്കയും മാനിക്കയും ചെയ്യുന്നവർ ഹാ! എത്ര ചുരുക്കം. രാജ്യവാസികൾ ഒക്കപ്പാടെ ഒത്തൊ രുമിച്ചുകൊണ്ടു സുകൃതങ്ങളുടെ തണ്ടപ്പേരിൽനിന്നു ഇ തിന്റെ നാമം ക്രൂടെ മായിച്ചുകളഞ്ഞുവൊ എന്നു തോ ന്നിക്കൊള്ളുന്നു. വലിയവൻ, ചെറിയവൻ, അധികാരി; കുടിയാൻ, വിദ്വാൻ, മൂഢൻ, മേൽജാതി, കീഴ് ജാതി ഈ വകഭേദങ്ങൾ ഒന്നുമില്ലാതെ എല്ലാവരും വെ ള്ളത്തിലെ മീൻപോലെ നേരുകേടിൽ നീന്തിക്കളിക്കു ന്നു. എന്നാൽ നാട്ടിലെങ്ങും സത്യവാന്മാർ അശേഷം ഇല്ലെന്നു പറകയാണൊ? അല്ലല്ല. രാജ്യം അഴിഞ്ഞു പോ കാതിരിപ്പാൻവേണ്ടി ഈശ്വരാധീനംകൊണ്ടു സത്യത്തെ തഴകി പാലിക്കുന്നവർ അപൂർവ്വമായിട്ടെങ്കിലും അവിടവി ടങ്ങളിൽ ഉണ്ടു. എന്നാൽ ബഹുക്കളുടെ ലക്ഷണത്തെ ക്കൊണ്ടു വിധിക്കുമ്പോൾ പഴിച്ചു പറവാൻ അല്ലാതെ പാടില്ല. നേരുംകൊണ്ടു ഇരുന്നാൽ കാലം പിഴെക്കയി ല്ല എന്നൊരു അഭിമതം പരക്കെ പ്രബലപ്പെട്ടിരിക്കുന്നു. ദോഷം വല്ലതും തട്ടുപ്പാനൊ, ലാഭം വല്ലതും കിടപ്പാനൊ, ശത്രുവിനോടു പ്രതികാരം ചെയ്യുന്നതിനൊ, ബന്ധുവിനു സഹായിക്കുന്ന വകെക്കൊ, പൊലീസിൽ കൂറം കിട്ടാ തിരിക്കേണ്ടതിനൊ, സിവിൽ നമ്പർ ജയിക്കുന്നതിനൊ, ഈ വക സാദ്ധ്യങ്ങൾക്കു ഏതിന്നെങ്കിലും വേണ്ടിവന്നാൽ കള്ളം പറഞ്ഞു കൊൾവാൻ സർവ്വാത്മനാ ഭൂഷണമായ കാ ര്യംപോലെ ആയിരിക്കുന്നു. ഇത്തരം പട്ടികളിൽ വ്യാ ജങ്ങളും വക്രോക്തികളും പെരുമാറി തന്റെ കാര്യം നേടു

ന്നതു വൈഭവത്തിന്റെ ഒരു അടയാളമായിട്ടത്രെ നാട്ടോടെ വിചാരിച്ചുവരുന്നതു. അതു കാരണത്താൽ കള്ളം പറക, കള്ളയാവലാധി വെക്കുക, കള്ളസ്സാക്ഷി എഴുതുക, കള്ളക്കരണം നിർമ്മിക്ക, കള്ളസത്യം ചെയ്ക എന്നുള്ള പാതകങ്ങൾക്കു ഒരു അവമാനമാകട്ടെ ഭയമാകട്ടെ ഇല്ല. കാട്ടുവാഴികളായ ദുഷ്ടമൃഗങ്ങൾ ഇരുട്ടിൽ സഞ്ചരിക്കയൊ ഒളിച്ചും പതുങ്ങിയും കിടക്കയൊ ചെയ്യേണ്ടതിനു പകരം പകൽ കാലങ്ങളിൽ നാട്ടിനു നടുവേയും വെളിയരംഗമായും ലാത്തു തുടങ്ങിയാൽ രാജ്യം എത്ര വേഗത്തിൽ ശൂന്യമായി പോകും. അതുപോലെ തന്നേ വെളിയിൽ ഒരിക്കൽ പോലും തല കാണിപ്പാൻ അനുവദിക്കപ്പെടരുതാത്ത നേരുകേടു എന്ന ദുഷ്ടമൃഗം ഈ തിരുവിതാംകോടു എന്ന മംഗല രാജ്യത്തിന്റെ നീളം വീതി മുഴുവനിലും സ്വാതന്ത്ര്യമായി സഞ്ചരിച്ചു കാണുന്നതിനാൽ ഇതിനു ഒരുക്കം വരുത്തിയില്ല എന്നു വരികിൽ രാജ്യം അഴിഞ്ഞു പോകുവാൻ സംഗതിയുള്ളതാകകൊണ്ടു സ്വദേശപ്രിയരായുള്ള ഏവരും ഈ ഉഗ്രജന്തുവിനോടു ബദ്ധവൈരം പൂണ്ടു ഇതിന്റെ വിളയാട്ടങ്ങളെ നിരുത്തലാക്കുവാൻ ശ്രമിക്കേണ്ടതാകുന്നു.

ഇതുയും മുഖവുര വാക്കുകൾ കൊല്ലിയും വച്ചു ഇനി യും സത്യത്തിന്റെ മാഹാത്മ്യത്തേയും അസത്യത്തിന്റെ നീചതയേയും കാണിക്കുന്ന കുറഞ്ഞൊരു വിവരങ്ങളെ പറഞ്ഞുകൊള്ളുന്നു.

1. സത്യം ദിവ്യതപമുള്ളൊരു സല്ഗുണമാകുന്നു. മറുള്ള എല്ലാ വക സുകൃതങ്ങളിലും ഉപരിയായ മഹിമ ഇതിനുണ്ടെന്നു ചില പൂർവ്വീക ഭാഷകളിൽ പ്രയോഗിച്ചു പോരുന്ന പദങ്ങളേയും നാമങ്ങളേയും സാക്ഷിയായിട്ടു പറയാം. "പരമാർത്ഥം" എന്നു മലയാഴ്മയിൽ ഇതിനു

നടപ്പായിരിക്കുന്ന വാക്കു സംസ്കൃത പദമാകുന്നു. പരമ അത്മം എന്നു വച്ചാൽ സ്വർഗ്ഗീയ പദാത്മമെന്നോ അതി ശ്രേഷ്ഠമായുള്ള വസ്തു എന്നോ ആകുന്നു. സുകൃതങ്ങൾ ഏറിയോരു വകയുള്ളതിൽ ഈ ഒന്നിനു മാത്രം ഇപ്രകാരമുള്ള മാന്യപ്പേർ കൊടുത്തിരിക്കുന്നതിനാൽ സംസ്കൃത ഭാഷക്കാരുടെ ബോധത്തിൽ പടി ഇതു എത്രയും ദിവ്യമായുള്ളതെന്നു സംശയമില്ല. "സത്യസ്വരൂപി" എന്നു ഈശ്വരനെ പറയുന്നതും ഈ ഭാഗത്തേക്കു വേറൊരു ഉദാഹരണമാകുന്നു. പരമാത്മാവു സ്വരൂപം ഉള്ള ആൾ അല്ലല്ലൊ. എങ്കിലും തനിക്കു ഒരു രൂപം ഉദ്ദേശിക്ക എന്നു വന്നാൽ സത്യത്തിന്റെ സ്വരൂപം ഏതൊ അതു തന്നേ തനിക്കുള്ളതും എന്നാകുന്നു രം നാമധേയത്തിന്റെ പ്രയോഗഭാവം എന്നു തോന്നുന്നു. പിന്നെയും ഒരു ഗുണത്തിന്റെ മഹിമ അതിന്റെ വിപരീത ലക്ഷണത്തിന്റെ ഹീനത്വത്തെക്കൊണ്ടു തെളിയിക്കാകുന്നപ്രകാരം നേരിന്റെ വിശിഷ്ടത നേരുകേടിന്റെ വഷളത്വത്താലും വിളങ്ങുന്നു. ഒന്നു എത്രത്തോളം ഉൽകൃഷ്ടമൊ മറേറതു അത്രത്തോളം നികൃഷ്ടമാകുന്നു. സത്യം ഈശ്വരീകം എങ്കിൽ അസത്യം പൈശാചകം എന്നുവരെണമെല്ലൊ. ഭാഷകളിലെ പ്രയോഗവും അങ്ങിനെ തന്നേ എന്നു കാണുന്നു. സംസ്കൃതംപോലെ പൂർവ്വീകങ്ങളായ സുറിയാനി ഗ്രേക്കു എന്ന ഭാഷകളിൽ അസുരഗണങ്ങളുടെ തലവനായ സാത്താന്നു അസത്യവാൻ എന്നു അത്മം ജനിപ്പിക്കുന്ന നാമങ്ങൾ വീണിരിക്കുന്നു. സുറിയാനിയിൽ പിശാചിന്റെ നാമം "കുരുതീനി" എന്നു പൊരുൾ ധരിക്കുന്ന ആകൈൽകറുസാ എന്നും ഗ്രേക്കിൽ അപവാദക്കാരൻ എന്നു അത്മമുള്ള "ദയാബൊലസ്" എന്നും ആകുന്നു.

അതുകൊണ്ടു അച്ഛനെ അറിയുന്നവർ കുട്ടിയെ കാണുന്നേരം ഇന്നാരുടെ മകൻ എന്നു ആരും പറയാതെ ഗ്രഹിക്കുന്നപ്രകാരം തന്നേ സത്യവാന്മാർ ഒരംശപരമക്കും എന്നും അസത്യവാദികൾ പിശാചിനു പിറെന്നവരെന്നും എല്ലാവരും ധരിച്ചുകൊള്ളേണം.

2. സത്യം വീര്യതപമുള്ളതാകുന്നു. തന്റെ പേരിൽ പരമാർത്ഥം ഉണ്ടെന്നു ബോധമുള്ളവനു ബലവും ധൈര്യവും കണ്ടു വരുന്നു. ഏവിടെയും ആരുടെ മുമ്പിലും അവൻ ചളിക്കയില്ല. ഭയത്തിനും അധൈര്യത്തിനും ഹേതുക്കൾ എന്തൊക്കെ ആകട്ടെ എതിരികൾ ആരെല്ലാം ഇരിക്കട്ടെ എങ്കിലും സത്യവാൻ ഇളകാത്ത പാറയൊ കലങ്ങാത്ത പവ്വതമൊ എന്നപോലെ നില്ക്കും. ഒരു അന്തർബലതിന്റെ രഹസ്യം മനസ്സിലായിട്ടില്ലാത്തവർക്കു അവന്റെ ഈ നില ഒരു വിസ്മയ കാഴ്ചയായിട്ടു തോന്നും. ദ്രവ്യപുഷ്ടി, ആളായ്മ ജനസ്വാധീനം എന്നുള്ളവ മനോധൈര്യത്തെ നല്കുമാറുണ്ടു ശരിതന്നേ. എങ്കിലും ഉള്ളിൽ സത്യമില്ലാഞ്ഞാൽ ഒരു മുഖാന്തരങ്ങളും നീളെ ഫലം ചെയ്കയില്ല. കറുമ്മൻ വച്ചു കുത്തുന്ന മൺകയാല വർഷകാലത്തു ഇടിഞ്ഞുപോകുന്നതു പോലെ അസത്യവാദിയുടെ മനോധൈര്യം ചില സമയങ്ങളിൽ എങ്ങോട്ടു പോയൊ എന്നു കാൺകയില്ല.

3. സത്യം ബഹുമാനമുള്ളതാകുന്നു. രണ്ടു വാക്കില്ലാത്തവൻ വിശ്വസ്തൻ നേരസ്ഥൻ എന്നിങ്ങിനെയുള്ള നാമങ്ങൾക്കു ലോകത്തിൽ എന്തു അവസ്ഥയുണ്ടു! ഒരു നല്ലോരു കീർത്തിക്കു പാത്രവാനായി തീരുന്ന ആളിനെ എല്ലാവരും ബഹുമാനിക്കും. തന്റെ അറിവിൽ ഉരുപെട്ട ഏതു കാര്യത്തിലും അവൻ ഉവ്വ എന്നൊ ഇല്ല എന്നൊ

പറഞ്ഞാൽ അവനെ അറിയുന്ന ആർക്കും പിന്നെ ആ കാര്യത്തിൽ സംശയമില്ല. "അമ്മയാണെ, ഗുരുവിനാണെ, വെച്ച വിളക്കിനാണെ, കണ്ണുരണ്ടിനാണെ" എന്നിപ്രകാരമുള്ള വകകൾ കൂട്ടി മറ്റുള്ളവർ പറയുന്ന നൂറു പ്രതിജ്ഞ മൊഴികളെക്കാൾ അവന്റെ ഈരാക്ഷരപദങ്ങൾക്കു ബഹുമടങ്ങു ശക്തിയുണ്ടു. ഭാരതയുദ്ധത്തിങ്കൽ ദ്രോണാചാര്യരുടെ അസ്ത്രപ്രയോഗത്താൽ പാണ്ഡവന്മാർക്കു തോലി വരികകൊണ്ടു ദ്രോണരെ യുദ്ധത്തിൽനിന്നു ഒഴിപ്പാൻ വേണ്ടി ശ്രീകൃഷ്ണൻ ചെയ്ത സന്ദ്രുഭായം ഓർക്കുന്നില്ലെ? എന്റെ മകൻ അശ്വത്ഥാമാവു മരിച്ചാൽ പിന്നെ ഞാൻ ആയുധം എടുക്കയില്ല എന്നു ദ്രോണാചാര്യർക്കു ഒരു ശപഥം ഉണ്ടായിരുന്നതിനാൽ മകൻ മരിച്ചുപോയി എന്നു അദ്ദേഹത്തെ വിശ്വസിപ്പിപ്പാനായിട്ടു അങ്ങിനെ ഒരു കള്ളശ്രുതി പരക്കവെ നടത്തി. എന്നാറെ അതു ഫലിച്ചില്ലെന്നും ഒരു നാളും അസത്യം പറയാത്ത ആളെന്നു പരസമ്മതനായിരുന്ന ധർമ്മപുത്രരെകൊണ്ടു ഇതു പറയിച്ച ഉടനെ ദ്രോണർ വിശ്വസിച്ചു എന്നും പുരാണത്തിൽ പറയുന്നുവല്ലൊ. എന്നാൽ നിത്യപരിജ്ഞാനത്താൽ ഏവർക്കും അറിയാകുന്ന സംഗതിക്കു സാക്ഷിവേണ്ടാ. താൻ കണ്ടു എന്നൊ കേട്ടു എന്നൊ ഒരു സത്യവാൻ ഏതു കാര്യത്തെക്കുറിച്ചെങ്കിലും സാക്ഷ്യം ചൊല്ലിയാൽ സ്വന്ത കണ്ണാൽ കണ്ടതുപോലെയും സ്വന്തചെവിയാൽ കേട്ടതു പോലെയുമുള്ള നിശ്ചയം വരിക പതിവാണു. അസത്യവാദി നേരു പറഞ്ഞാലും അവനെ വിശ്വസിക്കുന്നതു പ്രയാസമെന്നും നാം സർവ്വദാ കണ്ടുവരുന്നു.

4. ഇതോടു സംബന്ധമായി തന്നേ സത്യത്തിന്റെ വേറൊരു ഗുണം പറവാനുള്ളതു അതിനെക്കൊണ്ടുള്ള ഉപ

കാരമാകുന്നു. സത്യം ബുദ്ധിമുട്ടിക്കൽ സഹായിക്കുന്ന വലിയൊരു ഉപകാരി തന്നേ. മിക്കവാറും അതു കൈദ്രവ്യം പോലെ തന്നേ ഉതകുന്നുണ്ടു. മറുള്ളവരുടെ നെല്ലും പണവും സ്വന്ത പൂട്ടിൽ ഇരുന്നാലത്തെ പോലെ നേരുള്ളവനു കൈകായ്യും ചെയ്യാം. ഉറപ്പായ ഉണയം കൊടുത്താലല്ലാതെ ചിലപ്പോൾ ധനവാൻ ചോദിച്ചാലും കിട്ടാത്ത മുതൽ അവനു വാങ്ങുന്നതിനു വെറും ചീട്ടൊ വെറും വാക്കൊ മതിയാകും. "നേരോളം നന്നല്ലൊന്നും" എന്ന ഏകദേശം അർത്ഥം വരുന്ന ഒരു പഴഞ്ചൊല്ല ഇംഗ്ലീഷു ഭാഷയിൽ നടപ്പുണ്ടു. അതു ശരിയെന്നുള്ളതിനു യൂറോപ്പു രാജ്യങ്ങളിൽ യഥാർത്ഥമായി നടക്കുന്ന ദൃഷ്ടാന്തങ്ങൾ പലതും കേട്ടിട്ടും വായിച്ചിട്ടുമുണ്ടു. "നേരിനു നിന്നാൽ ദോഷം വരികയില്ല" എന്ന ഈ നാട്ടിലും ഒരു സാധാരണ പറച്ചിൽ ആകുന്നു. ഉരുട്ടും പിരട്ടുമുള്ള സൂത്രശാലികളുടെ പണികൾ മിക്കപ്പോഴും പിഴച്ചും നേരസ്ഥൻ സാധുവായിരുന്നാലും അവന്റെ കായ്യാദികൾ ആശ്ചര്യ്യമാംവണ്ണം ജയിച്ചു ബഹുഭംഗിയിൽ നടന്നുപോകുന്നതും കാണുന്നുണ്ടല്ലൊ.

5. സത്യം ഒരു ആവശ്യ സാധനമാകുന്നു. ഇതിന്റെ ശക്തിയാൽ അത്രെ ലോകത്തിൽ ബഹു പ്രധാനമായ കാര്യവ്യവഹാരങ്ങൾ പലതും നടക്കുന്നതു. താനാന്റെ അറിവിന്മേൽ ആക്കം എല്ലാ കായ്യങ്ങളെയും പ്രവൃത്തിക്കുകുന്നതല്ല. അസംഖ്യം സംഗതികളിൽ മറുള്ളവരുടെ വാക്കിനെ നാം പ്രമാണിക്കേ പാടുള്ളു. ശീമയിൽ നിന്നു ഉണ്ടാക്കി വരുന്ന ഔഷധം പ്രാണഹാനിക്കു ഹേതുവായി തീരുന്ന വിഷം അല്ല രോഗശാന്തിക്കുള്ള മരുന്നത്രെ എന്നു എണ്ണൂറുപ്പിന്മേലാണു ഒരു മലയാളി വിശ്വസിച്ചു സേവി

ക്കുന്നതു? കമ്പിത്തപാൽ വഴിവരുന്ന ബിലാത്തി വർത്തമാനങ്ങളെ എന്തുറപ്പിന്മേൽ ആണു ഇന്ത്യായിലിരിക്കുന്നവർ വാസ്തവമാക്കി അവറിന്മേൽ വലിയ വലിയ കാര്യങ്ങൾ പലതും നടത്തുന്നതു? പീരപ്പെട്ടിക്കായിക്കു നല്ല വില കിട്ടുമെന്നു ബോംബായിൽനിന്നു ഒരു സ്നേഹിതന്റെ കത്തു വരട്ടെ. ഉടനെ ആക്കം വേണ്ടാത്ത പീരത്തുംകാ ശേഖരിപ്പാൻ എന്തുറപ്പു കൊണ്ടാകുന്നു ആലപ്പുഴക്കാരൻ മുതലാളി പണം കയ്യാളിക്കുന്നതു? ഒരിച്ചാൺ നീളത്തിൽ അധികമില്ലാതെയും അരപ്പൈസക്കു വില പിടിയാതെയുമുള്ള ഹൂണ്ടിയൽ എന്നു പറയുന്ന കടലാസു നൂറുക്കിനു ആയിരം, പതിനായിരം, ലക്ഷം ഉറുപ്പിക കൊടുത്തു വാങ്ങുന്നുണ്ടല്ലൊ. ഇതു എന്തുറപ്പിന്മേൽ ചെയ്യുന്നതാണു? എന്നാൽ ഇപ്പറഞ്ഞതും ഇവറെപോലെ മറ്റും ലോകത്തിൽ എണ്ണമില്ലാതെ നടക്കുന്നതുമായ തൊഴിലുകൾ, കരാറുകൾ, ഏർപ്പാടുകൾ, വ്യാപാരങ്ങൾ എപ്പേർപ്പെട്ടതിനും സത്യം എന്നൊരു പ്രമാണം മാത്രമെയുള്ളു. ഈയതിനെ ലംഘിച്ചു തമ്മിൽ തമ്മിൽ സംശയങ്ങൾ ജനിപ്പിച്ചാൽ അന്യോന്യവിശ്വാസത്തിന്മേൽ നടക്കേണ്ടതായ പരം വക കാര്യങ്ങൾക്കു ഒക്കെ നടപ്പുകേടു അതിനാൽ സർവ്വക്കും ദോഷവും ഭവിക്കുന്നതാകകൊണ്ടു സകാര്യനോട്ടങ്ങൾ തന്നേ മനുഷ്യരെ സത്യം പാലിപ്പാൻ നിർബന്ധിക്കുന്നു. അന്യ ചിന്തകൾ അധികരിച്ചിട്ടു ഭക്ഷണം വെടിയാതിരിപ്പാൻ പശിദാഹങ്ങളേയും വെട്ടം മുറിവും ഏല്ക്കാതെ ദേഹത്തെ സൂക്ഷിച്ചുകൊൾവാൻ നൊമ്പരത്തേയും വൈഷമ്യസ്ഥലങ്ങളിൽ കയറീട്ടു വീണു കൈകാലുകൾ ഒടിക്കാതെയിരിപ്പാൻ ഭയത്തേയും പരമശ്വരൻ കല്പിച്ചിരിക്കുന്നതുപോലെ മനുഷ്യസമൂഹം എന്ന ശരീരത്തിന്റെ

പൊതുസുഖത്തിനും ക്ഷേമത്തിനും അവശ്യമാകുന്ന സത്യത്തെ എളുപ്പത്തിൽ ആക്കും പരിശ്രമം ഉപേക്ഷിച്ചുകളവാൻ പാടില്ലാത്ത വിധത്തിൽ ഓരംശപരൻ തന്നേ പ്രപഞ്ചത്തേയും ചട്ടപ്പെടുത്തിയിരിക്കുന്നു.

ഇതുത്തോളം പറഞ്ഞതിൽ നിന്നു സത്യത്തിന്റെ ശ്രേഷ്ഠതയും അസത്യത്തിന്റെ നീചതവും ഒരു വിധമായി തെളിഞ്ഞിരിക്കുമല്ലൊ. വിശേഷാൽ ഒടുവിൽ പറഞ്ഞ ന്യായംകൊണ്ടു സത്യം സൃഷ്ടികർത്താവിന്റെ പ്രത്യേക നിയമമെന്നും കാണുന്നു.. ആകയാൽ ആരെങ്കിലും ഓരോ ദിവ്യനിയമത്തെ ലംഘിച്ചാൽ അവൻ അവിടത്തെ സന്നിധിയിൽ കുറവാളിയാകാതിരിപ്പാൻ സംഗതിയുണ്ടൊ? പിടിച്ചുപറി വ്യഭിചാരം കൊത്തിക്കൊല മുതലായവറെ പോലെ തന്നേ സത്യദോഷവും മഹാപാപമാകുന്നു. വാക്കു കാറു പോലെ എന്നു വിചാരിച്ചുകൊണ്ടു കളിയിൽ കള്ളം പറയുന്നവരുണ്ടു. കളിയിലും കാര്യത്തിലും അല്ലാതെയും ഇന്ന സാധുത്തിനു എന്നു പറവാൻ യാതൊരു വകയില്ലാതെയും കള്ളം പറയുന്നവരുമുണ്ടു. വഴിമേൽ വച്ചു ഒരു കോട്ടയത്തുകാരനോടു നീ എവിടുത്തുകാരൻ? എന്നു ചോദിച്ചാൽ വടക്കുവെച്ചെങ്കിൽ ചങ്ങനാശേരിക്കാരൻ എന്നും തെക്കു വെച്ചെങ്കിൽ കൊടമാളൂർക്കാരൻ എന്നും പറയുന്നതു പലപ്പോഴും കേട്ടിട്ടില്ലെ? ഇതു എന്തിനായിട്ടു എന്നു ആ ഭോഷ്കു പറയുന്നവനോടു ചോദിക്കുന്നു എങ്കിൽ "ഒവ്വാ ചുമ്മാതെ" എന്നു മാത്രം അവന്റെ മറുപടി കേൾക്കാം. അതുമേൽ ഭോഷ്കിനെ ലഘു എന്നും നിസ്സാരമെന്നും നാട്ടു ജനങ്ങൾ വിചാരിക്കുന്നു. എന്നാൽ ഇതിന്റെ കുറവിനെ കുറിച്ചു ക്രിസ്തുവേദം കല്പിച്ചിരിക്കുന്നതു ഒന്നും ഇവിടെ എടുത്തു പറയുന്നില്ല. ഹിന്തു മാത്രവും

സത്യഭോഷത്തെ മഹാ കുറ്റകരമായ അകൃത്യം എന്നതെ കാണിച്ചിരിക്കുന്നതു. മുൻപെ പറഞ്ഞ ധർമ്മപുത്രരുടെ പേരിലെ വ്യാജത്തിനും ശിക്ഷ ക്രൂടാതെ ഇരുന്നില്ല. അതിനു കുറ്റമൊന്നും വരാതെയിരിപ്പാൻ തക്ക ഒഴികഴിവുകൾ പലതും ഉണ്ടായിരുന്നു എന്നു തോന്നും. അതിനു മുമ്പാകട്ടെ പിമ്പാകട്ടെ ഒരിക്കലും അദ്ദേഹം ഭോഷ്കു പറഞ്ഞിട്ടുള്ള ആളല്ല. ഒരു പ്രാവശ്യം പറഞ്ഞതൊ ശ്രീകൃഷ്ണന്റെ നിർബന്ധവശാൽ ആയിരുന്നു. അതും ശ്രുഭമെ കള്ളം എന്നു വരാതിരിപ്പാൻ ചേണ്ടി കൃഷ്ണൻ മണ്ണുകൊണ്ടു ഒരു ആനയെ ഉണ്ടാക്കി അതിനു അശ്വത്ഥാമാവു എന്നു പേരിട്ടിട്ടു പുറകെ തന്നെ അതിനെ തല്ലി ഉടെച്ചും കളഞ്ഞു "അശ്വത്ഥാമാഹതഃ" എന്നു പറയിച്ചതത്രെ. ഇതുയും ന്യായങ്ങൾ തന്റെ ഭോഷ്കിനെ ലഘുപ്പെടുത്തുവാൻ ഉണ്ടായിരുന്നാറെയും ധർമ്മപുത്രരെ ഒരു കാരണവശാൽ യമലോകത്തോളം കൊണ്ടുപോയി എന്നും അവിടെ വച്ചു നരകവേദനകളെ കണ്ടു ഭ്രമിപ്പാൻ അദ്ദേഹത്തിനു സംഗതിവന്നു എന്നുമല്ലൊ പുരാണങ്ങളിൽ ചൊല്ലിയിരിക്കുന്നതു. ധർമ്മപുത്രരുടെ ഒരു ഭോഷ്കിനു, സാധാരണ ബോധപ്രകാരം മതിയായ ഒഴികഴിവുകളോടുകൂടിയ ഒരു ഏകാന്ത ഭോഷ്കിനു, ഇപ്രകാരമുള്ള കഷ്ടതയുടെ ഇടവന്നുവെങ്കിൽ കായ്യം ഉണ്ടായിട്ടും ഇല്ലാതെയും ചിലപ്പോൾ യാതൊരു സാദ്ധ്യം ക്രൂടാതെയും തെരുതെരെ ഭോഷ്കു പറയുന്ന അധർമ്മ പുത്രന്മാരായുള്ളവർക്കു എത്ര കഠിനമായ ശിക്ഷെക്ക സംഗതി വരും! പിന്നെയും ബ്രഹ്മാവിനു ഒരിടത്തും ക്ഷേത്രവും ആരാധനയും ഇല്ലാതെ വന്നിരിക്കുന്നതു ഒരു കള്ളം പറക നിമിത്തം എന്നല്ലൊ ചൊല്ലിയിരിക്കുന്നതു. വിഷ്ണുവും അദ്ദേഹവും തമ്മിൽ ഞാൻ ഞാൻ വലിയവൻ എന്നു ഒരിക്കൽ ഒരു വലിയ വിവാദം

ഉണ്ടായിട്ടു അതു നിമിത്തം തമ്മിൽ ശണ്ഠെക്കു ഭാവിച്ചു അടുത്തപ്പോൾ പരമേശ്വരൻ മദ്ധ്യവന്നു അവരുടെ അഹങ്കാരത്തെ ശമിപ്പിപ്പിപ്പാനായിട്ടു നിങ്ങളിൽ ഒരാൾ എന്റെ പാദവും ഒരുവൻ എന്റെ ശിരസ്സും കണ്ടിട്ടു വരുവിൻ എന്നു പറഞ്ഞു ബ്രഹ്മാവിനെ മേലോട്ടും വിഷ്ണുവിനെ കീഴോട്ടും അയച്ചു. വിഷ്ണു പോയി ആമട്ടും ശ്രമിച്ചാറെയും പാദത്തിങ്കൽ എത്തുവാൻ കഴിയാതെ മടങ്ങിവന്നു "കണ്ടില്ല" എന്നു നേർ പറഞ്ഞു. ബ്രഹ്മാവിന്റെ പ്രയത്നവും അതുപോലെ തന്നേ നിഷ്ഫലമായി പോയി എന്നു വരികിലും തന്റെ മനോഗതം സാധിച്ചില്ല എന്നു വരുന്നതു അപമാനം എന്നു കരുതീട്ടു ശിവന്റെ തലയിൽനിന്നു ഇറങ്ങിവരുന്ന കൈതപ്പൂവിനെ ഇടയിൽ വെച്ചു കണ്ടു അതിനെ പറഞ്ഞു ശട്ടം കെട്ടിയും കൊണ്ടു ഞാൻ ശിവന്റെ ശിരസ്സു കണ്ടു എന്നു താൻ തന്നേ കള്ളം പറകയും അതു സത്യമെന്നുള്ളതിനു കൈതപ്പൂവിനെകൊണ്ടു സാക്ഷി പറയിക്കയും ചെയ്തു. ഒരു നേരുകേട്ട കാരണത്താൽ ബ്രഹ്മാവിനെ ഇനിമേൽ ആരും ആരാധിക്കരുതു എന്നും കൈതപ്പൂ ഒരു പൂജെക്കും കൊള്ളിച്ചുകൂടാ എന്നും ചട്ടമായി എന്നു പുരാണങ്ങളിൽ പറയുന്നതായി കേട്ടിരിക്കുന്നു ത്രിമൂർത്തികളിൽ ഒരുവനോടു ഇപ്രകാരം ദോഷത്തിനു പ്രതിക്രിയ ചെയ്താൽ മനുഷ്യപുഴുക്കൾക്കു ഒഴിവു കിട്ടുമെന്നു ഒരിക്കൽപോലും വിചാരിപ്പാൻ സംഗതിയില്ലല്ലൊ.

പിന്നെയും അസത്യം പാപമെന്നു സമ്മതിക്കുന്നവരിലും ചില അസത്യങ്ങൾക്കു വിഷമം ഇല്ല എന്നൊരു അഭിപ്രായം കാണുന്നുണ്ടു. എന്നാൽ ഇതു നേരുകേടിന്റെ വർദ്ധ നിമിത്തം സത്യത്തെക്കുറിച്ചുള്ള ബോധത്തിനു ശക്തിക്ഷയം വരികയാൽ ഉളവായിട്ടുള്ള ഒരു ഉമ്മത്തമെന്നെ പറവാനുള്ളു. ഉള്ളതെന്നു ഒരുവൻ വിശ്വസിച്ചിരിക്കുന്ന

കായ്ത്തെ ആ വിശ്വാസത്തിനൊപ്പിച്ചു ശരിയായി പറയുമ്പോൾ അവൻ സത്യം പറയുന്നു. അല്ലാതുള്ളതെല്ലാം അസത്യവും കുറകരവുമാകുന്നു.

എന്നാൽ അസത്യത്തിൽ തരഭേദങ്ങൾ ഉണ്ടു.

1 ഇല്ലാത്ത കായ്മെന്നു അറിഞ്ഞിരിക്കുന്നതിനെ ഉള്ളതാക്കി പറയുന്നതും.

2. ഉള്ളതും ഇല്ലാത്തതും കൂടെ കൂട്ടിക്കലത്തി പറയുന്നതും.

3. പറയുന്നതു ഉള്ളതു തന്നെ ആയാലും കേൾവിക്കാരനെ വഞ്ചിപ്പാനായിട്ടു പറയുന്നതും ഇങ്ങിനെ അസത്യത്തെ മൂന്നു തരമായി വിഭാഗിക്കാം. ഇതിൽ ഇല്ലാത്ത കായ്മെന്നു അറിഞ്ഞിരിക്കുന്നതിനെ ഉള്ളതാക്കി പറക എന്നുള്ള ഒന്നാമത്തെ തരം ശുദ്ധ ഭോഷ്കു എന്നു ആരും സമ്മതിക്കുന്നതാകകൊണ്ടു അതിനെക്കുറിച്ചു ഒന്നും പറയേണമെന്നില്ല.

എന്നാൽ രണ്ടാം ഭാഗത്തെക്കുറിച്ചു കുറെ തക്കവും മൂന്നാമത്തേതിനെക്കുറിച്ചു വളരെ തക്കവും ഉള്ളതാകയാൽ അവ രണ്ടിനെയും പററി കുറഞ്ഞൊന്നു പറയുന്നു. ഉള്ളതും ഇല്ലാത്തതും കൂടെ കൂട്ടിക്കലത്തി പറക എന്നതു ഒരു വിധം നേരസ്ഥന്മാരുടെ ഇടയിലും നടപ്പുള്ളതാകുന്നു. പ്രധാനഭാഗം സത്യം എന്നു വരികിൽ ചില ചില്ലറ വ്യത്യാസങ്ങൾ അതോടു ചേൎക്കുന്നതിൽ വച്ചു തെററില്ല എന്നാണ പലരുടെ മതം. അതിനു ഒരു ദൃഷ്ടാന്തം മാത്രം പറയുന്നു. കൊടുക്കൽ വാങ്ങൽ സമയത്തു കൂടെയില്ലാത്ത ആളുകളെ കൈക്കണക്കിൽ സാക്ഷി വച്ചിട്ടു വ്യവഹാരത്തിനു സംഗതി വന്നാൽ അവർ കൂടെ ഉണ്ടായിരുന്ന പ്രകാരവും കൊടുക്കുന്നതും വാങ്ങുന്നതും കണ്ടു എന്നും സാക്ഷി

പറയിക്കയും പറകയും നടപ്പുള്ളതല്ലൊ. ഇതിൽ കായ്യ ഭാഗം പരമാത്മാകയാൽ അതിനെ ജീവിപ്പിക്കുന്ന വകെക്ക ആവശ്യപ്പെട്ടുന്ന വ്യാജം പ്രയോഗിക്കുന്നതു ശരികേടല്ല എന്നാണു പരബോധം. ഒരം അഭിപ്രായത്തിനു ഒരു ആധാരം എന്ന പോലെ "നേരിൽ ചേരുന്ന കള്ളവും മോരിൽ ചേരുന്ന വെള്ളവും" എന്നു ഒരു പ്രാസമൊഴി നടപ്പുമുണ്ടു. എന്നാൽ ഇതു മഹാ അബദ്ധം എന്നു അല്പം വിചാരിച്ചാൽ അറിയാകുന്നതാകുന്നു. നേരിൽ കള്ളം ചേക്കുന്നതു മോരിൽ വെള്ളം ചേക്കുന്നതുപോലെ എന്നു പറഞ്ഞു കൂടാ. മോരും വെള്ളവും തമ്മിൽ സംയോജിപ്പുള്ള സാധനങ്ങളാകുന്നു. ഒന്നിച്ചു കൂട്ടിയും വെവ്വേറായും രണ്ടിനേയും മനുഷ്യക്കു അനുഭവിക്കാകുന്നതും വെള്ളം പ്രത്യേകം ആവശ്യമുള്ളതും ആകുന്നു. എന്നാൽ നേരും കള്ളവും അപ്രകാരമല്ല. ഒന്നു അമൃതു എങ്കിൽ മറേറതു വിഷം ആകുന്നു. നേരു പാൽ എങ്കിൽ കള്ളം പാഷാണം അതെ അനുഭവത്തിനുള്ള പാലിൽ പാഷാണമൊ വല്ല വിടക്കു വസ്തുവൊ ചേന്നാൽ കൊള്ളുമെങ്കിൽ മാത്രമെ നേരോടു കള്ളത്തെ ചേത്തു കൂടു. അമേദ്യം ചേന്നവസ്തു പാല്പായസം ആയിരുന്നാലും നമുക്കു എത്തത്തോളം അറെപ്പും വെറുപ്പും ഉള്ളതൊ അത്രത്തോളവും അതിൽ അളവററ മടങ്ങു അധികമായിട്ടും വെറുപ്പാണു ഒരംശമര സന്നിധിയിൽ കള്ളം ചേത്തുള്ള നേരു എന്നു ധരിച്ചുകൊണ്ടാലും.

ഇനിയും പറയുന്നതു നേരു തന്നേ ആയാലും കേൾവിക്കാരനെ വഞ്ചിപ്പാൻ നിശ്ചയിച്ചു പറയുന്നതെങ്കിൽ അതും വ്യാജം തന്നെ എന്നുള്ള മൂന്നാം ഭാഗത്തെക്കുറിച്ചു.

ഇതിന്മേൽ അധികം സംശയമുണ്ടെന്നു മുമ്പെ പറ

ഞ്ഞുവല്ലൊ. എങ്കിലും വിചാരിച്ചുനോക്കിയാൽ ശരിയെ
ന്നു സമ്മതിക്കേണ്ടതായി കാണും.

ക്രിയ ചെയ്യുന്നവന്റെ ആന്തരം പോലെ ക്രിയയു
ടെ സ്വഭാവം മാറുകയുണ്ടു. ഒരു നല്ല പ്രവൃത്തി ദോഷ
മുള്ള ആന്തരത്തിൽ നിന്നു ചെയ്താൽ ആ പ്രവൃത്തി ദോ
ഷമുള്ളതായും ചില ദുഷ്പ്രവൃത്തി നല്ല ആന്തരത്തിൽ
നിന്നു ചെയ്യുമ്പോൾ അതു സൽക്രിയയായിട്ടും തീരുന്നു.
ആളിനെ കൊല്ലുന്നതു ഒറ്റെക്കു നോക്കുമ്പോൾ ദോഷം
എന്നു വരികിലും കുലപാതകന്മാരെയും സ്വാമി ദ്രോഹി
കളെയും ഇല്ലായ്മയാക്കുന്നതു എത്രയും ഉത്തമമായ ആ
ന്തരത്തിൽ നിന്നും സക്കാർ ചെയ്യുന്നതാകയാൽ അതു
സൽക്രിയയായിട്ടത്രെ എണ്ണപ്പെടുന്നതു. ധർമ്മം ചെയ്യു
ന്നതു സുകൃതമെന്നു ലോക സമ്മതമാകുന്നു എങ്കിലും ധ
ർമ്മിയെന്നുള്ള യശസ്സു ലഭിക്കേണമെന്നു വച്ചു ഒരുവൻ
ഭിക്ഷകൊടുക്കുന്നു എങ്കിൽ അവന്റെ ഹൃദയാന്തരം ആ
പ്രവൃത്തിയെ വിടുക്കാക്കുന്നു എന്നപോലെ തന്നേയാണു
വാക്കിന്റെ സ്വഭാവവും. മറ്റൊരുവനെ വഞ്ചിക്കണ
മെന്നു കരുതിക്കൊണ്ടു സത്യം തന്നേ പറഞ്ഞാലും അതു
അസത്യമെന്നത്രെ എണ്ണപ്പെടുന്നതു. ദൃഷ്ടാന്തമായിട്ടു
ഇരട്ടന്മാരുവെച്ചു ഒരുവൻ ഒരു വസ്തു കട്ടെടുത്തു വേറൊരു
വന്റെ പക്കൽകൊടുത്തു എന്നിരിക്കട്ടെ. തോല്പുണ്ടായി
ഇരുവരേയും പിടിക്രുടി ചോദിക്കുമ്പോൾ ഞാൻ കണ്ടില്ല
എന്നു മോഷ്ടിച്ചവനും ഞാൻ എടുത്തില്ല എന്നു കൂട്ടുകാ
രനും പറഞ്ഞാൽ ഇരുവരുടെയും മൊഴി അക്ഷരപ്രകാരം
നോക്കുമ്പോൾ നേരെന്നു പറയാം. ഇരട്ട സമയമാകയാൽ
കട്ടവൻ ആ വസ്തു തന്റെ കണ്ണുകൊണ്ടു കണ്ടില്ല എന്നു
ള്ളതും കൈവശക്കാരൻ നേരെ കളവു ചെയ്തവൻ അല്ലാ
യ്കകൊണ്ടു താൻ എടുത്തില്ല എന്നുള്ളതും ഒരു മുറെക്കു

ശരിതന്നെ. എങ്കിലും കളവു മറെക്കേണ്ടതിന്നും തങ്ങൾക്കു അതിനെക്കുറിച്ചു യാതൊരറിവും ഇല്ലെന്നു ധരിപ്പിപ്പാനായിട്ടും പറയുന്ന വഞ്ചന വാക്കുകൊണ്ടു അതും മറവുള്ള വെറും വ്യാജവും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. വായിൽ തഴ വച്ചുംകൊണ്ടു "ഞാൻ ഈ തഴവായിൽ വന്നതിൽ പിന്നെ പിഴച്ചിട്ടില്ല" എന്നു ഒരു വ്യഭിചാരണി പറഞ്ഞതു ഏതുപ്രകാരം അസത്യമായിരുന്നുവൊ അപ്രകാരം തന്നേ വാക്കിൽ മാത്രം ഇങ്ങിനെ നേരൊപ്പിച്ചു പറയുന്നതു എല്ലാം ആന്തരത്തിൽ വ്യാജവും വഞ്ചനയും ആകകൊണ്ടു അതിന്നുള്ള കുറ്റം ഭേദപ്പെട്ടുകയില്ല ദൈവശിക്ഷ ലേശംപോലും കുറയുന്നതുമല്ല.

ഒരു മഹാ ദോഷത്തെ ഒതുക്കം വരുത്തുവാൻ എന്തു വഴിയുള്ളു. എന്നു മനുഷ്യസ്നേഹവും സ്വദേശപ്രീതിയുമുള്ള എല്ലാവരും ആലോചിക്കേണ്ടതും അതിനായിട്ടു പ്രയാസപ്പെട്ടുവാനുള്ളതുമാകുന്നു. നാട്ടിൽ നേരുകേടു നാളൊന്നിനു വർദ്ധിച്ചുവരുന്നു. വീണ്ടന്മാർ മാത്രമല്ല കൊള്ളാകുന്നവരും മാന്യന്മാരുമായിട്ടുള്ളവർ ക്രമേടെയും ഒരു നികൃഷ്ടപാപത്തിൽ ഉൾപ്പെടുന്നു. എന്നാൽ ഇതിനു ഒതുക്കം വരുത്തുവാനുള്ള ശക്തി സർക്കാരിന്റെ കയ്യിൽ ഇരിക്കുന്നു എന്നാണു പലരുടെയും വിചാരം. ഓരോ നമ്പരുകളിൽ സദാ കള്ളങ്ങളുമായിട്ടു ചെല്ലുന്ന വാദികൾ, പ്രതികൾ, സാക്ഷികൾ, തടസ്സർ, അയല്ക്കാർ, കരക്കാർ, എന്നുള്ള ദ്രോഹികൾക്കു തക്ക കുറ്റം കൊടുത്താൽ നേരുകേടുകൾക്കു നിലവരുമെന്നും സർക്കാർ ഇതു ചെയ്യായ്കനിമിത്തം രാജ്യത്തു ഒരു വകകൊണ്ടും വർദ്ധിച്ചുവരുന്നു എന്നും അവർ ആവലാധി പറയുന്നു. എന്നാൽ ഒരു പഴി മുഴുവൻ സർക്കാരിന്റെ പേരിൽ ചുമത്തേണ്ടതല്ല. വ്യവഹാരങ്ങളിലെ സത്യാസത്യങ്ങളെല്ലാം പൂർണ്ണ നിജത്തോടെ ഗ്രഹിക്കേണ്ട

തിനു ന്യായാധിപന്മാക്കു ദിവ്യജ്ഞക്ഷുസ്സില്ലല്ലൊ. ഇന്നീന്നു മൊഴി നേർ ഇന്നതും ഇന്നതും വിശ്വാസയോഗ്യമല്ല എന്നു ഓരോ ന്യായങ്ങളെകൊണ്ടു അവർ അഭിപ്രായപ്പെടുന്നതേയുള്ളൂ. ചിലതിൽ അവരുടെ അഭിപ്രായം ഒത്തതായിരിക്കുമ്പോഴും ചിലതിൽ പിഴെച്ചെന്നുംവരും. ഓരോ സ്ഥലങ്ങളിൽനിന്നു പോകുന്ന വഴക്കുകളുടെ നേരും നേരുകേടും അതാതു കരമേലുള്ളവർ അറിഞ്ഞിരിക്കുന്നതുപോലെ തെറ്റില്ലാതവണ്ണമുള്ള പൂർണ്ണബോധം കോടതികൾക്കു വരുവാൻ പാടില്ലായ്കകൊണ്ടു സംശയയുക്തമായ നമ്പരുകൾക്കു ദോഷമായി വിധി പറവാൻ അല്ലാതെ നേരുകേടു ചെയ്തവരെന്നോ പറഞ്ഞവരെന്നോ കാണപ്പെടുന്നവക്കൊക്കയും കൂറും കല്പിക്കാകുന്നതല്ല. അങ്ങിനെ ചെയ്താൽ പരമാർത്ഥം അറിയാതെ ചിലപ്പോൾ കൂറുമില്ലാത്തവർ ശിക്ഷ ഏല്പാൻ സംഗതിവരും. അതുകൊണ്ടു "ഒരു നേരസ്ഥൻ കൂറപ്പെടുവതിൽ ഒമ്പതു പാതകർ ഒഴിവതു നല്ലു" എന്നുള്ള എതുയും ഉത്തമമായ പ്രമാണത്തിന്മേൽ ഏതു കോടതി സംബന്ധമായ നടപടികളെ ക്രമപ്പെടുത്തിയിരിക്കുന്നതു. അതിനാൽ അപൂർവ്വമായി ലക്ഷ്യപ്പെട്ട തെളിയുന്ന വ്യാജങ്ങൾക്കല്ലാതെ സംശയയോഗ്യമായവ എന്നു മാത്രം വിചാരിക്കേണ്ടിയിരിക്കുന്ന കൂറുങ്ങൾക്കു സക്കാർ ശിക്ഷകൊടുക്കാറില്ല. അതുകൊണ്ടു സർവ്വാംഗവ്യാപിതമായൊരു വ്യാധിപോലെ രാജ്യം എല്ലാം പരന്നിരിക്കുന്ന നേരുകെടിനെ ശിമിപ്പിക്കേണ്ട വൈദ്യൻ സക്കാർ അല്ല അതിനുള്ള പ്രതിവിധി ജനങ്ങളുടെ പക്കൽതന്നേ ആകുന്നു ഇരിക്കുന്നതു. ഇതു ലോകഭയംകൊണ്ടു ഒതുങ്ങേണ്ടതും ഒതുങ്ങുന്നതുമായ ഒരു പാപമാകുന്നു. ഇംഗ്ലാണ്ടു മുതലായ റോപ്പ രാജ്യങ്ങളിൽ

അസത്യവാദികൾ ഇല്ലെന്നില്ല. വളരെയുണ്ട് എങ്കിലും അസത്യവാദികൾക്ക് അവിടങ്ങളിൽ എത്രയും മഹാ അപമാനം ആകകൊണ്ട് ഒരു നീചക്രിയ വളരുന്നില്ല. അപ്രകാരം തന്നേ നമ്മുടെ രാജ്യത്തും കള്ളം പറച്ചിൽ ഒരുങ്ങേണമെങ്കിൽ ലോകാഭിമതം നേരെ മറിഞ്ഞുവരേണ്ടിയിരിക്കുന്നു. കള്ളംകൊണ്ട് കായ്യം കാണുന്നവനെ മിടുക്കൻ, സമർത്ഥൻ എന്നു ബഹുമാനിക്കുന്നതു പോയിട്ട് അവനു അപമാനം ഉണ്ടാകേണം. വിടുക തിന്നുന്ന പറയനെക്കാൾ മ്ലേച്ഛൻ എന്നു അവനെ എണ്ണേണം. കള്ളം പറയുന്നതിനോളം നികൃഷ്ടതയും നീചതപവും ആഭാസവൃത്തിയും മറെറാന്നില്ല എന്നു എല്ലാവരുടെയും മനസ്സിലാകുവാൻ തക്ക വിധത്തിൽ അങ്ങിനെയുള്ളവനോട് മറുള്ളവർ പെരുമാറാം തുടങ്ങേണം. അപ്പോൾ അപമാനത്തെ ഭയപ്പെട്ടിട്ട് ചില ദുഷ്പ്രവൃത്തികൾ വെളിയരംഗമായി പ്രവൃത്തിപ്പാൻ ആളുകൾ മടിക്കുന്നതുപോലെ ഇതും ക്രമേണ ഒരുക്കമായി തീരും. സമൂഹസ്ഥിതി രാജ്യത്തു ഗുണപ്പെടുവാൻ സംഗതിവരും. ഇതിങ്കലേക്ക് ഉപയോഗമായി വരേണമെന്നുള്ള ആന്തരത്തോടെ ചെയ്യപ്പെടുന്ന സകല ശ്രമങ്ങളേയും സത്യസ്വരൂപിയായ ധർമ്മശാസ്ത്രൻ അനുഗ്രഹിച്ചു ഫലപ്പെടുത്തുമാറാക.

PG Library & Research Center

സത്യവാദഖേടം

പ്രസ്തുത പ്രബന്ധത്തിൽ ഓരോ ആശയം സാധിക്കുന്നതിനു ദൃഷ്ടാന്തങ്ങളായി, ഹിന്ദുപുരാണങ്ങളിൽനിന്നും ക്രിസ്തീയവേദത്തിൽനിന്നും ധാരാളം കഥകൾ ചേർത്തിട്ടുണ്ട്. അതു് അതാതു മതസ്ഥർക്കു രുചിക്കയില്ലെന്ന കാരണത്താലാണു് സമ്മാനാർഹമായതെങ്കിലും സർക്കാരിൽ നിന്നും പുസ്തകമായിട്ടടിച്ചുവിറ്റക്കാൻ വിസമ്മതിച്ചതു്.

സത്യവാദഖേടത്തിൽ സത്യത്തിന്റെ സ്വരൂപനിർണ്ണയം ചെയ്യാൻ ഗ്രന്ഥകാരൻ ബഹുമുഖങ്ങളിൽക്കൂടി അതിനെ സമീപിക്കുന്നു..... ഇവയുടെ ഹൃദയഹാരിത്വം അറിയാൻ അതു മുഴുവനും വായിക്കതന്നെ വേണം.

പുനഃപ്രസിദ്ധീകരണം വഴുതുകൊണ്ടും അഹിക്കുന്ന ഒരു ഗദ്യകൃതിയാകുന്നു മാത്തൻ പാദ്രിയുടെ "സത്യവാദഖേടം". പക്ഷേ, പേരു ഭയങ്കരമായിരിക്കുന്നു. സത്യവാദത്തിന്റെ കഴുത്തു ഞെരിച്ചു കൊല്ലുമെന്നു തോന്നും 'ഖേട' ശബ്ദം കേട്ടാൽ. "സത്യവാദ"മാകുന്ന 'പരിച' എന്നോ 'വാളു്' എന്നോ അതുകാം അത്രം.

സി. ഐ. രാമൻനായർ

(ഈനാപ്രബന്ധത്തിൽനിന്നും)